# കേരള സുറിയാനിറീത്തും
# മലബാർ കുടിയേററവും

ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായെ
ഞങ്ങൾ മലബാറിലും സുറിയാനിറീത്തു
പാലിക്കുന്നതിന്നുള്ള അനുഗ്രഹം
ലഭിച്ചുതരേണമെ.

പ്രസാധകൻ:
ജോസഫ് വി. കല്ലിടുക്കിൽ

കോപ്പി 1000 ] [ 1949

MARAM
2
3
RARY
J62
K13

Arch

# കേരള സുറിയാനിറീത്തും

# മലബാർ കുടിയേററവും

ഞങ്ങളുടെ പിതാവായ മാർത്തോമ്മാശ്ലീഹായെ
ഞങ്ങൾ മലബാറിലും സുറിയാനിറീത്തു
പാലിക്കുന്നതിന്നുള്ള അനുഗ്രഹം
ലഭിച്ചുതരേണമെ.

DHARMARAM COLLEGE LIBRARY BANGALORE

പ്രസാധകൻ:

ജോസഫ് വി. കല്ലിടുക്കിൽ

Arch

Arch (262 / K)

കോപ്പി 1000 ] [ 1949

N. B.— ഈ പുസ്തകം താഴെപ്പറയുന്നവരിൽനിന്നു നാലണ വിലക്കു ലഭിക്കുന്നതാണ്.

(1) ജോസഫ് വി. കല്ലിടുക്കിൽ, തട്ടാരപ്പററമല,
ഓമശ്ശേരി P. O. മലബാർ.

(2) ദി ലിററിൽ ഫ്ളവർ ബുക്ക്സ്റ്റാൾ, കോട്ടയം,
തിരുവിതാംകൂർ.

DHARMARAM COLLEGE LIBRARY
Ac. No. 41017
Call No. J62/K13 AR

# ശുദ്ധിപത്രം

| പക്ഷം | വരി | അബദ്ധം | തിരുത്തൽ |
|---|---|---|---|
| i | 8 | ദിനമായ | ദിനവുമായ |
| ii | 1 | പ്രവൃത്തി | വൃത്തി |
| ii | 10 | ഗ്രന്ഥം രചിക്കുന്നതിന്നു] | ഗ്രന്ഥം പ്രസിദ്ധീകരണത്തിന്നു] |
| v | 28 | Donaldattwater | Donald Attwater |
| 2 | 2 | ദിയ്യുപുത്രന്റെ | ദിവ്യപുത്രന്റെ |
| 2 | 17 | മാർത്തോമ്മാശ്ലീഹയേുടേയും] | മാർത്തോമ്മാശ്ലീഹായുടെയും] |
| 4 | 21 | .... | ഏഷ്യായിലെ |
| 5 | 3 | അന്നിയോക്കിയ | അന്തിയോക്കിയ |
| 5 | 7 | ലബനലിലേയും | ലിബനലിലേയും |
| 5 | 22 | 1573 | 1578 |
| 6 | 5 | തമന്ന | തന്നെ |
| ,, | 19 | ഉയുന്നവരായി | ഉയന്നവയായി |
| ,, | 20 | ഇക്കാത്തു | ഇക്കാലത്തു |
| 7 | 15 | Apostolice | Apostolicae |
| 7 | 19 | മെത്രാരെ | മെത്രാന്മാരെ |
| 8 | 12 | .... | സന്യാസിനികൾ |
| ,, | 20 | 31 | 39 |
| ,, | 28 | .... | സന്യാസിനീകൾ |
| 10 | 32 | കേന്ദ്രൾ | കേന്ദ്രങ്ങൾ |
| 11 | 5 | സുറിയാനിക്കണ്ടോയിരുന്നുവെങ്കിലും] | സുറിയാനിക്കാരുണ്ടായിരുന്നെങ്കിലും] |
| ,, | 15 | ഏകപ്രദേശമാണുള്ളതു | ഏകപ്രദേശമാണിതു |
| 14 | 12 | അനികമായിരിക്കയില്ല | അധികമായിരിക്കയില്ല |
| 15 | 13 | കനോൻ | കാനോൻ |
| 15 | 17 | ജനനിച്ച | ജനിച്ച |
| 16 | 3 | നിരിയുള്ളതു | തിരിച്ചുള്ളതു |
| ,, | 5,6 | അനന്നുവാദം | അധികാരം |
| ,, | 20 | പ്രചാരണത്തിൽ | പ്രചരണത്തിൽ |
| ,, | 23 | അടുത്ത | അടുത്തു |

| പക്ഷം | വരി | അബദ്ധം | തിരുത്തൽ |
|---|---|---|---|
| 17 | 9 | ചെയ്യുവംൻ | ചെയ്യുവാൻ |
| ,, | 32 | പണപ്പിരിവിന്നംയി | പണപ്പിരിവിന്നായി |
| 19 | 7 | ഇത്ര | .... |
| ,, | 12 | കത്തോലിക്കർ | കത്തോലിക്കർ |
| 20 | 7 | മൈൻ | മൈൽ |
| 21 | 20 | സ്ഥാപന്നതിന്നു | സ്ഥാപിക്കുന്നതിന്നു |
| ,, | 21,22 | പരിഗണിക്കവൊനെ | പരിഗണിക്കുവാനെ |
| ,, | 24 | സുിയാനി | സുറിയാനി |
| ,, | 27 | ഞപ്പസ്തോലകാലം | അപ്പസ്തോലകാലം |
| 23 | 2 | ആവശ്യപ്പെട്ടസില്ല | ആവശ്യപ്പെടുന്നില്ല |
| ,, | 27 | ഒരു കലേത്തും | ഒരു കാലത്തും |
| 24 | 29 | തിരുസിംഹാസയ ത്തിൻെറ] | തിരുസിംഹാസന ത്തിൻെറ] |
| ,, | 29,30 | പ്രഖതപിത | പ്രഖ്യാപിത |
| 25 | 5 | കുടിയേററക്കാക്കം | കുടിയേററക്കാക്കും |
| 29 | 26 | അലപിച്ചിട്ടുള്ള | അപലപിച്ചിട്ടുള്ള |
| 32 | 6 | അമേരിക്കയിലേക്ക യച്ചം] | അമേരിക്കയിലേക്കയച്ചു |
| 32 | 10 | 1912ൽ നീയമിച്ചു കൊടുത്തു] | 1912ൽ അമേരിക്കൻ ഐക്യനാടുകളിലും (U. S. A. 1913-ൽ) നിയമിച്ചുകൊടുത്തു] |
| ,, | 19 | വേദപ്രാരം | വേദപ്രചാരം |
| ,, | 32 | സഭക | .... |
| 33 | 5 | Congnegation | Congregation |
| ,, | 6 | Palazzodli Conuertendi] | Plazzo dei Convertendi] |
| 34 | 16 | നൽകിയിട്ടുള്ള അനുമതി | നൽകിയിട്ടുള്ളതായി പത്രങ്ങളിൽകണ്ട അനുമതി] |
| 36 | 16 | പ്രോപ്പഗാന്ത | പൌരസ്ത്യ |
| 46 | 2 | 24 | 22 |
| 47 | 31 | Conciliazlone | Conciliazione |

# പ്രസ്താവന

അഞ്ചെട്ടുകൊല്ലങ്ങളായി തിരുവിതാംകൂറിലെ സുറിയാനി രൂപതകളിൽനിന്നും ധാരാളം സുറിയാനിക്കത്തോലിക്കർ കോഴിക്കോട്ട് ലത്തീൻ രൂപതാതിർത്തികൾക്കുള്ളിലേക്കു കുടിയേറിപ്പാർത്തുവരുന്നുണ്ടല്ലോ. ഇങ്ങനെ കുടിയേറിയ സുറിയാനിക്കാരുടെ തുക കോഴിക്കോട്ടു രൂപതയിലെ ലത്തീൻ കത്തോലിക്കരുടെ തുകയിൽ അധികമായിരിക്കുന്നു. ഈ സുറിയാനിക്കാർ ഇപ്പോൾ ലത്തീൻ റീത്തനുസരിച്ചുള്ള മതകർമ്മങ്ങളിലാണ് സംബന്ധിച്ചുവരുന്നത്. സുറിയാനിക്കാരുടെ പല നല്ല ആചാരങ്ങളേയും, അവരുടെ ജാതീയദിനവും കടപ്പെട്ടദിനമായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുന്നാളിനേയുംപററിയുള്ള സ്മരണ അവരുടെ ഭാവിതലമുറകളിൽനിന്നുപോലും മായിച്ചുകളയത്തക്ക സാഹചര്യങ്ങളാണ് അവർക്കു കുടിയേററസ്ഥലങ്ങളിലെ ദേവാലയങ്ങളിൽനിന്നും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

കുടിയേററസ്ഥലങ്ങളിൽ സ്വന്തം റീത്തും ആചാരങ്ങളും പുലർത്തിക്കൊണ്ടുപോകുവാൻ സ്വാതന്ത്ര്യം ലഭിക്കയില്ലെന്നാണ് സാധുക്കളായ കുടിയേററക്കാരുടെ വിശ്വാസം. എന്നാൽ തിരുസ്സഭയിലെ എല്ലാ റീത്തുകളേയും നല്ല ആചാരങ്ങളേയും പരിരക്ഷിച്ചുപോരുന്നതിൽ പ. സിംഹാസനം എക്കാലത്തും എത്രമാത്രം ഔൽസുക്യം പ്രദർശിപ്പിച്ചുകൊണ്ടാണ് പോന്നിട്ടുള്ളതെന്നു ഈ ലഘുഗ്രന്ഥം വായനക്കാർക്കുവേണ്ട അറിവു നൽകുന്നതാണ്.

മലബാർ ഹെറാൾഡ്, കൽക്കട്ടാ ഹെറാൾഡ്, എന്നീ ഇംഗ്ലീഷ് പത്രങ്ങൾവഴി സുറിയാനിറീത്തിൻെറ പ്രചരണത്തെ തടയുന്നതിന്നു ചില തല്പരകക്ഷികൾ നടത്തിയ ചില പൊള്ളവാദങ്ങളും പലരും കണ്ടിരിക്കുമല്ലോ.

മഞ്ഞുമ്മേലെ തിരുഹൃദയദൂതൻ മാസികയിൽ “കോഴിക്കോട്ടുരൂപത”യെന്ന പേരിൽ (1949 നവംബർ) ചേർത്തിരുന്ന ഒരു ലേഖനവും തല്പരകക്ഷികളുടെ എതിർ ശ്രമത്തിന്നു ഒരു ഉദാഹരണംതന്നെ.

കൃഷിപ്രവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന എനിക്കു ഇങ്ങിനെയൊരു പ്രസിദ്ധീകരണ പ്രവർത്തനത്തിന്നുവേണ്ടിയ അനുകൂലസാഹചര്യങ്ങളുണ്ടായിട്ടില്ലാ പ്രത്യുത കുടിയേററക്കാരായ സുറിയാനിക്കത്തോലിക്കർ യാഥാർത്ഥ്യം മനസ്സിലാക്കി സ്വസമുദായത്തിൻെറയും മതത്തിൻെറയും അഭ്യുന്നതിക്കുവേണ്ടിഅദ്ധ്വാനിക്കുവാൻ പ്രേരിതരാകട്ടെയെന്ന അഭിലാഷമാണു് ഈ വിനീത ഉദ്യമത്തിന്നു എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്.

എതിർ പ്രചരണക്കാരുടെ വാദമുഖങ്ങളെപ്പററി പഠിക്കുകയും എൻെറ ചാർച്ചക്കാരും സ്നേഹിതന്മാരുമായ പല സുറിയാനിവൈദിക പണ്ഡിതന്മാരിൽനിന്നു വേണ്ട പരിജ്ഞാനവും നിർദ്ദേശങ്ങളും ലഭിക്കുകയും ചെയ്തതിനാലാണു് ഈ ചെറുഗ്രന്ഥം രചിക്കുന്നതിന്നു ഞാൻ പ്രാപ്തനായതു്. ലത്തീൻകാരും സുറിയാനിക്കാരുമായ പല പണ്ഡിതന്മാരും എഴുതിയിട്ടുള്ള ലേഖനങ്ങളും ഗ്രന്ഥങ്ങളുമത്രെ ഇതിലെ പ്രസ്താവനകളുടെ ആധാരം. അവയുടെ ലിസ്റ്റു് അന്യത്ര ചേർത്തിരിക്കുന്നു.

ഈ ചെറുഗ്രന്ഥത്തിൽ വിശ്വാസത്തിനോ സദാചാര നിയമങ്ങൾക്കോ പ്രതികൂലമായി യാതൊന്നുമില്ലെന്നുള്ളതിനു് സനിഷ്കർഷം പരിശോധിച്ച എൻെറ സ്നേഹിതന്മാരായ രണ്ടു പണ്ഡിതവൈദികർ എനിക്കുറപ്പു്നൽകിയിട്ടുണ്ടു്. ഈ ലഘുലേഖ മുദ്രണംചെയ്യുന്നതിന്നുവേണ്ടിയ ധനസഹായം നൽകിയ ഉദാരമതിയും വിശാലഹൃദയനും മഹാമനസ്കനും സമുദായസ്നേഹിയുമായ മാന്യദേഹത്തോടു് എനിക്കുള്ള അകൈതവമായ നന്ദിയേയും ഇവിടെ രേഖപ്പെടുത്തിക്കൊണ്ടു് ഈ പ്രസ്താവനക്കു് വിരാമമിടുന്നു.

പ്രസാധകൻ

ഓമശ്ശേരി, മലബാർ, 1949 മെയി 26.

## വിഷയവിവരണിക


### ഒന്നാം അദ്ധ്യായം

നമ്മുടെ സുറിയാനി റീത്തിൻെറയും റീത്തുഭാഷയുടേയും മാഹാത്മ്യം.

ലക്കം (1) ഈശോമ്ശിഹായുടെ മാതൃഭാഷയത്രെ നമ്മുടെ റീത്തുഭാഷയായ സുറിയാനി. തിരുസ്സഭയിൽ ആദ്യമായി റീത്തുഭാഷയായിത്തീർന്നതും സുറിയാനിതന്നെ.

(2) റീത്തുഭാഷകൾ.

(3) കത്തോലിക്കാസഭയിലെ വിവിധറീത്തുകളുടെ ഉത്ഭവം.

(4) നമ്മുടെ റീത്ത്

### രണ്ടാം അദ്ധ്യായം

സുറിയാനിക്കത്തോലിക്കാസമുദായത്തിൻെറ പ്രാബല്യം.

(5) ന. സമുദായത്തിൻെറ ഉൽകൃഷ്ടതയും അഭിവൃദ്ധിയും.

(6) കേരളത്തിൻെറ രാഷ്ട്രീയ ഘടകങ്ങൾ.

(7) കേരളത്തിൽ ക്രിസ്ത്യാനികളുടെ നില.

(8) സുറിയാനിക്കത്തോലിക്കാ കേന്ദ്രങ്ങൾ.

(9) കോഴിക്കോട്ടു രൂപതയിലെ കത്തോലിക്കരിൽബഹുഭൂരിപക്ഷവും സുറിയാനിക്കാരാണ്.

(10) കോഴിക്കോട്ടു രൂപതയിലെ ലത്തീൻ കത്തോലിക്കരുടെ സംഖ്യ.

(11) കോഴിക്കോട്ടു രൂപതയിലെ സുറിയാനിക്കത്തോലിക്കരുടെ സംഖ്യ.

(12) മലബാറിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാർ സുറിയാനിറീത്തുകാർതന്നെ.

(13) സുറിയാനിക്കത്തോലിക്കർ വേദപ്രചരണത്തിൽ ഉൽസുകരാണ്. റീത്തുപാലനം വേദപ്രചരണത്തിന്നു തടസ്ഥമല്ല.

(14) സുറിയാനി വൈദികർ വടക്കെമലബാറിൽ പ്രവേശിക്കുന്നതു് വേദപ്രചരണത്തിന്നും കത്തോലിക്കാസഭയുടെ നാനാതരമായ അഭിവൃദ്ധിക്കും ഉതകുന്നതാണ്.

### മൂന്നാം അദ്ധ്യായം

കത്തോലിക്കാസഭയുടെ ദൃഷ്ടിയിൽ റീത്തുകളെല്ലാം സമമാണ്.

റീത്തുമാററം അനധികൃതമാണ്.

(15) കത്തോലിക്കാസഭക്കു ഒരു പൊതുറീത്തില്ല.

(16) റീത്തുകളെല്ലാം സമമെന്നു മാർപ്പാപ്പാമാർ പ്രസ്താവിക്കുന്നു.

(17) സുറിയാനിറീത്തു ഉപേക്ഷിച്ചു ലത്തീൻ റീത്തു സ്വീകരിക്കുന്നതിന്നു കത്തോലിക്കാസഭ ആവശ്യപ്പെടുന്നില്ല. റീത്തുമാററം തിരുസ്സഭ മുടക്കുന്നു.

(18) വടക്കെമലബാറിൽ സുറിയാനിറീത്തു പാടില്ല എന്ന ലത്തീൻവാദം നിഷിദ്ധമാണ്. കത്തോലിക്കാസഭയുടെ ഏകത്വം വിശ്വാസത്തിലും നേതൃത്വത്തിലുമാണ്, റീത്തിലല്ല.

(19) ലത്തീൻ രൂപതകളിൽ കൂട്ടമായി സ്ഥിരതാമസം ചെയ്യുന്ന സുറിയാനിക്കാക്കു സുറിയാനിറീത്തു പാലിക്കാൻ അവകാശമുണ്ടു്. അതിന്നു സൗകര്യം ഉണ്ടാകണം.

(20) സ്വന്തറീത്തുകാരായ വൈദികരെ ലഭിക്കാനുള്ള മാർഗ്ഗങ്ങൾ.

## നാലാം അദ്ധ്യായം

## പൌരസ്ത്യറീത്തുകൾക്കു തിരുസിംഹാസനം നൽകുന്ന പ്രോത്സാഹനം.

(21) പൌരസ്ത്യറീത്തുകളെ പ്രോത്സാഹിപ്പിക്കുന്നതിന്നു ആധുനിക മാർപ്പാപ്പാമാർ ചെയ്തിട്ടുള്ള ഔദ്യോഗിക പ്രസ്താവനകൾ.

(22) മാർപ്പാപ്പാമാർ പൌരസ്ത്യറീത്തുകളെ പ്രോത്സാഹിപ്പിക്കുന്നതിന്നു പെയ്തിട്ടുള്ള പ്രസ്താവനകൾ ആത്മാർത്ഥത നിറഞ്ഞവയാണെന്നു തിരുസിംഹാസനത്തിൻെറ പ്രവൃത്തികൾ തെളിയിക്കുന്നു.

## അഞ്ചാം അദ്ധ്യായം

## മലബാറിൽ സുറിയാനിറീത്തുകാരായ വൈദികർ ഇല്ലാത്തതു് എന്തുകൊണ്ടു്?

(23) മലബാറിൽ സുറിയാനിവൈദികർ ആവശ്യമാണ്.

(24) സുറിയാനിറീത്തുകാരായ വൈദികരെ സുറിയാനിമെത്രാന്മാർ വടക്കെമലബാറിലേക്കു അയച്ചുകൊടുക്കാത്തതിൻെറ കാരണം.

(25) മലബാറിലെ സുറിയാനി കോളനികളിലേക്കു സുറിയാനി വൈദികരെ അയക്കുന്നതിന്നു സമ്മതം ലഭിക്കാൻ സുറിയാനിമെത്രാന്മാർ പരിശ്രമിക്കുന്നു.

(26) സുറിയാനിവൈദികരെ കോഴിക്കോട്ടു രൂപതയിൽ സ്വീകരിക്കാത്തതിൻെറ കാരണം.

(27) തിരുസിംഹാസനത്തിൻെറ നയത്തിന് മാററം വന്നിട്ടില്ല. നമുക്ക അനുകൂലമായ തീരുമാനം ഉണ്ടായി. അതു ഇപ്പോഠം പുനരാലോചനയിൽ.

(28) നാം തിരുസിംഹാസനത്തിന്നും ഇൻററർനൂൻഷ്യോയി ക്കം കോഴിക്കോട്ടു മെത്രാനച്ചനും അപേക്ഷകഠം സമപ്പി ക്കാൻ ആവശ്യമായിരിക്കുന്നു.

(29) അപേക്ഷകളിൽ ഉഠംപ്പെടുത്തേണ്ട പ്രധാന സംഗതികഠം.

(30) മലബാറിൻെറയും ദക്ഷിണകേരളത്തിലെ പത്തനാപുരം മുതലായ പ്രദേശങ്ങളുടേയും ആവശ്യത്തെ പരിഗണിച്ചു, സുറിയാനിറീത്തുകാരായി പഠിച്ചു പട്ടമേല്ക്കുന്നതിന്നു വൈ ദിക വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണം.

### ഉപസംഹാരം

(31) സംഘടിതപരിശ്രമം അന്തിമവിജയത്തിന്നു അത്യാവശ്യം. പ്രാർത്ഥന.
പിതൃസവിധത്തിൽ.
സന്തോഷവാത്ത.

---

ഈ ലഘുലേഖ രചിക്കുന്നതിന്നു ഉപയോഗിച്ചിട്ടുള്ള പ്രധാന ഗ്രന്ഥങ്ങളുടേയും ലേഖനങ്ങളുടേയും പേർവിവരപ്പട്ടിക.

---

(1) തിരുസിംഹാസനത്തിൻെറ നിർദ്ദേശാനുസരണം പൌരസ്ത്യറീത്തുകളുടെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു നടത്തപ്പെടുന്ന "Catholic Near East Welfare Association" എന്ന സംഘത്തിൻെറ സിക്രട്ടറിയായ Rev. Thomas J. McMahon. S. T. D. അവർകഠം "The Christians of the East" എന്നയഭിധാനത്തിൽ "The Shield" (1944 March) എന്ന മാസികയിൽ എഴുതിയ ലേഖനം.

(2) John J. Keegan—എന്ന ജസ്യൂറ്റവൈദികൻ "The Pope of the Reunion" എന്നയഭിധാനത്തിൽ "Jesuit Missions" എന്ന മാസികയിൽ എഴുതിയ ലേഖനം (1948 January)

(3) Donaldattwater, എന്ന പണ്ഡിതൻ പൌരസ്ത്യസഭകളെപ്പററി രചിച്ചിട്ടുള്ള ഗ്രന്ഥവും അദ്ദേഹത്തിൻെറ ലേഖനങ്ങളും.

(4) ബ. പ്ലാസിഡച്ചൻ T. O. C. D. Ph. D., D.D., D. C.L., സത്യദീപത്തിലും മററും എഴുതിയിട്ടുള്ള ലേഖനങ്ങളും, പൌരസ്ത്യസഭകൾ, നമ്മുടെ റീത്തു്, മുതലായ അദ്ദേഹത്തിൻെറ കൃതികളും.

(5) ബ. റൊമയോ തോമസച്ചൻ, T. O. C. D., M. A., L. T. എഴുതിയ ലേഖനങ്ങൾ.

(a) The Malabar Herald എന്ന വാരികയിൽ (1948 Sept. 11, 18, Oct. 9).

(b) The Herald, (Calcutta) (1948 Sept. 19 Oct. 3 & 31)

(c) ദീപികയിൽ (1948 July 2, 23; Sept. 4, 18; 1949 April 2)

(d) സത്യദീപത്തിൽ (1948 July 9& 23)

(e) പ്രേഷിത ഭൂഷണം എന്ന പ്രസിദ്ധീകരണത്തിൽ "The Syro-Malabar Church" (pages 213-230)

(f) Syro-Chaldaic Grammar by R. Fr. Gabriel, എന്ന ഗ്രന്ഥത്തിലെ മുഖവുര.

(6) (a) ക. നി. മൂ. സ. ബ. മാണിക്കത്തനാർ വിവൎത്തനം ചെയ്തിട്ടുള്ള വേദപുസ്തകഭാഗങ്ങളായ പഞ്ചഗ്രന്ഥി; പുതിയ നിയമം. എന്നിവക്കു നി. വ ദിവ്യശ്രീ കാളാശ്ശേരിമാർ ജെയിംസ് മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു എഴുതിയിട്ടുള്ള അവതാരികകൾ.

(b) പ്രസ്തുത ഗ്രന്ഥങ്ങളിൽ ക. നി. മൂ. സ. ബ. മാണിക്കത്തനാർ എഴുതിയിട്ടുള്ള മുഖവുരകൾ, പൎശീത്ത, തുടങ്ങിയ ലേഖനങ്ങൾ മുതലായവ.


Map of Kerala
(Malabar)
Syro-Malabar Dioceses
NORTH MALABAR
Calicut
Trichur
Verapoly
Ernakulam
Changanacherry
Quilon
Trivandrum
Kottayam
Tiruvella
Vijayapuram
Kottar
Scale
1:1200000
19 miles to an inch
Scale = 1:40,000,000
640 miles to an inch
Punjabi
Sindhi
Gujarati
Hindi
Bihari
Bengali
Assamese
Marathi
Konkani
Telugu
Kanarese
Tulu
Malayalam
Tamil
Indian Languages
Dravidian
Indo-Aryan

# കേരള സുറിയാനിറീത്തും മലബാർ കുടിയേററവും

## ഒന്നാം അദ്ധ്യായം

### നമ്മുടെ സുറിയാനിറീത്തിൻെറയും റീത്തുഭാഷയുടേയും മാഹാത്മ്യം

1. ഇശോമ്ശിഹായുടെ മാതൃഭാഷയത്രെ നമ്മുടെ റീത്തുഭാഷയായ സുറിയാനി തിരുസ്സഭയിൽ ആദ്യമായി റീത്തുഭാഷയായിത്തീന്നതും സുറിയാനിതന്നെ.

പലസ്തീനായിലെ മാതൃഭാഷ: നമ്മുടെ കത്താവു് മനുഷ്യനായി അവതരിച്ചു, മുപ്പത്തുമൂന്നുകൊല്ലം ജീവിച്ചു, നമ്മുടെ രക്ഷ സാധിച്ചതു പലസ്തീനായിൽ വെച്ചാണല്ലോ. അക്കാലത്തു അവിടത്തെ മാതൃഭാഷ സുറിയാനി ആയിരുന്നു. സുറിയാനിയും എബ്രായയും, മലയാളവും തമിഴുംപോലെ, സഹോദരീഭാഷകളാണ്.

പലസ്തീനായിലെ യഹൂദന്മാരുടെ മാതൃഭാഷ പ്രാചീന കാലങ്ങളിൽ എബ്രായ ആയിരുന്നു. സിരിയ, ബാബിലോണിയ, മുതലായ പ്രദേശങ്ങളിലായിരുന്നു സുറിയാനി സംസാരിച്ചിരുന്നതു്. ഇപ്രദേശങ്ങൾ ആറാം എന്നു അറിയപ്പെട്ടിരുന്നതിനാൽ സുറിയാനിക്കു ആറാമായ അഥവാ അറമയിക്കു എന്നും പേരുണ്ടായിരുന്നു മ്ശിഹാക്കാലത്തിനു മുമ്പുള്ള ആറാം നൂററാണ്ടിൽ യഹൂദന്മാർ പലസ്തീനായിൽ നിന്നു കൂട്ടത്തോടെ ബാബിലോണിയായിലേക്കു നാടുകടത്തപ്പെട്ടു. അവിടെ അവർ അരനൂററാണ്ടോളം സുറിയാനിക്കാരുടെ ഇടയിൽ താമസിക്കേണ്ടിവന്നതിനാൽ പ്രായേണ സുറിയാനി അവരുടേയും മാതൃഭാഷപോലെ ആയിത്തീന്നു. യഹൂദന്മാർ ബാബിലോണിയായിൽനിന്നുമടങ്ങിയതിനെത്തുടന്നു പലസ്തീനായിലും സുറിയാനിക്കു മാതൃഭാഷയുടെ സ്ഥാനം ലഭിച്ചു. എബ്രായഭാഷയിൽ എഴുതപ്പെട്ട വേദപുസ്തകങ്ങൾക്കു യഹൂദന്മാർ സുറിയാനിയിൽ വ്യാഖ്യാനങ്ങളും തജ്ജിമകളും തയ്യാറാക്കി. ഇന്നും അവരുടെ മതസംബന്ധമായ പുസ്തകങ്ങളിൽ എബ്രായയോടുകൂടി സുറിയാനിയും അവർ ഉപയോഗിച്ചുവരുന്നു. നമ്മുടെ കത്താവി

ൻെറ കാലത്തു പലസ്തീനായിലെ മാതൃഭാഷ സുറിയാനി ആയിരുന്നതിനാൽ, ദിവ്യപുത്രൻെറ മാതൃഭാഷ എന്നുള്ള ബഹുമതി സുറിയാനിക്കു ലഭിച്ചു.

2. <u>റീത്തുഭാഷകൾ:–</u> കുർബാനചൊല്ലുന്നതിനും കൂദാശകൾ നൽകുന്നതിനും കത്തോലിക്കാസഭയിൽ ഉപയോഗിക്കപ്പെടുന്ന ഭാഷകളാണു റീത്തുഭാഷകൾ. ലോകത്തിൽ ആദ്യമായി ചൊല്ലപ്പെട്ട കുർബാന (നമ്മുടെ കർത്താവു കുർബാന എന്ന കൂദാശ സ്ഥാപിച്ചുകൊണ്ടു ആദ്യമായി അപ്പിച്ച ദിവ്യപൂജ) സുറിയാനിയിലായിരുന്നു. പിന്നീടു, കുർബാനക്കു ഗ്രീക്കുഭാഷയും ശ്ലീഹന്മാർ ഉപയോഗിച്ചു. അപ്പസ്തോലകാലങ്ങളിൽ (ഒന്നും രണ്ടും നൂററാണ്ടുകളിൽ) സുറിയാനിയും ഗ്രീക്കും മാത്രമായിരുന്നു റിത്തുഭാഷകൾ. മൂന്നാം നൂററാണ്ടിൽ ലത്തീൻ, അർമ്മേനിയൻ, കോപ്ററ്, എന്നീ ഭാഷകളും റീത്തുഭാഷകളായി ഉയർത്തപ്പെട്ടു. പിന്നീടു, മദ്ധ്യശതാബ്ദങ്ങളിൽ റഷ്യൻ മുതലായ സ്ലാവുഭാഷകളിലും കുർബാന ചൊല്ലിത്തുടങ്ങി. ഇപ്പോൾ കത്തോലിക്കാസഭയിൽ ആകെ പതിന്നാലുഭാഷകളിൽ കുർബാന ചൊല്ലുന്നുണ്ട്.

നമ്മുടെ കർത്താവിൻേറയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹയുടേയും മാതൃഭാഷ സുറിയാനി ആയിരുന്നതിനാലാണു ആദ്യകുർബാനസുറിയാനിയിൽ ചൊല്ലപ്പെട്ടതു്. പുതിയ നിയമത്തിലെ ആദ്യപുസ്തകമായ വി. മത്തായിയുടെ സുവിശേഷവും, വി. പൌലോസ് ശ്ലീഹാ എബ്രായക്കാക്കയച്ച ലേഖനവും, സുറിയാനിയിൽ എഴുതപ്പെട്ടു. ഗ്രീക്കുഭാഷക്കു പ്രാധാന്യമുണ്ടായിരുന്ന സ്ഥലങ്ങളെ പ്രത്യേകമായി ഉദ്ദേശിച്ചു എഴുതപ്പെട്ടവയായിരുന്നു പുതിയനിയമത്തിലെ മററു പുസ്തകങ്ങൾ ആകയാൽ അവ ഗ്രീക്കുഭാഷയിൽത്തന്നെ എഴുതപ്പെടുകയാണുണ്ടായതു്. വേദപുസ്തകം ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടപ്പോഴും സുറിയാനിയിൽ എഴുതപ്പെട്ടവ ഗ്രീക്കിലേക്കു വിവത്തനം ചെയ്യപ്പെട്ടപ്പോഴും, നമ്മുടെ കർത്താവു് സുറിയാനിഭാഷയിൽചെയ്ത പ്രഭാഷണത്തിൽനിന്നും മററും ഏതാനും സുരിയാനിപ്പദങ്ങൾ സുറിയാനിശബ്ദത്തിൽത്തന്നെ ഉദ്ധരിക്കപ്പെട്ടു. "ത്ലീതാകുമി, ഏലീലമാശബക്താനി, റബ്ബി, റാക്ക, ഹക്കൽദ്മാ, ആബാ" മുതലായ സുറിയാനിപ്പദങ്ങൾ വേദപുസ്തകത്തിൻെറ ലത്തീൻ വിവത്തനത്തിലും ഇംഗ്ലീഷ് വിവത്തനത്തിലും ഇതരവിവത്തനങ്ങളിലും ഇന്നും കാണപ്പെടുന്നു.

നമ്മുടെ കത്താവ് സംസാരിച്ചിരുന്ന ഭാഷയിൽ തന്നെ കുർബാന ചൊല്ലുകയും, കൂദാശകരം നൽകുകയും ചെയ്യുന്നതു സുറിയാനിറീത്തുകാരായ വൈദികർമാത്രമാണ്. "ദൈവത്തിൻെറ ഏകജാതനുമാത്ര ഭാഷയായിരുന്നതും, അവിടുന്നു ദൈവതിരുമനസ്സും നിത്യരക്ഷയുടെ വാഗ്ദാനങ്ങളും സുവിശേഷസത്യങ്ങളും സവ്വലോകത്തിനും വെളിപ്പെടുത്തുവാനും, പിതാവിനോട് പ്രാർത്ഥിക്കുവാനും, അപ്പവും ദ്രാക്ഷാരസവും സ്വന്തമാംസരക്തങ്ങളാക്കി പകുത്തുവാനും, സ്വർഗ്ഗീയ പിതാവിൻെറ ശബ്ദവാഹിനിയായിത്തീന്നതുമായ സുറിയാനിയിൽത്തന്നെ ദൈവവചനങ്ങരം വായിക്കുകയും തിരുകർമ്മങ്ങരം അനുഷ്ഠിക്കുകയും ചെയ്യുവാൻ ഇടയാകുന്നതു ഒരു മഹാഭാഗ്യമെന്നതിൽ സന്ദേഹമില്ല." (പഞ്ചഗ്രന്ഥിമുഖവുര, പ്ശീത്ത P. XXIII)

ഇന്നു ലോകത്തിലുള്ള വിവിധ റീത്തുകളിൽവെച്ച് സുറിയാനിറീത്തുകരംക്കു മാത്രമാണ് ഈ മഹാഭാഗ്യം അനുഭവപ്പെടുന്നത് മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ നമ്മുടെ പൂവ്വീകർ അനുഭവിച്ചിട്ടുള്ള ഈ മഹാഭാഗ്യം മലബാറിൽ കുടിയേറിപ്പാത്തു എന്ന കാരണത്താൽ നമുക്കു നഷ്ടപ്പെടാതിരിക്കുന്നതിന്നു നാം ഉററുപരിശ്രമിക്കേണ്ടതല്ലയോ. "വിശുദ്ധഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന സുറിയാനിശബ്ദങ്ങളിൽനിന്നു കേരളത്തിലെ പഴയ കൂററുകാരുടെ കൽദായശബ്ദരീതിയും നമ്മുടെ ദിവ്യരക്ഷകൻെറയും പ്രേഷിതരുടെയും ശബ്ദരീതിയുംഒന്നുതന്നേയാണെന്നുതെളിയുന്നു. തെറേസ്സാന്യൂമാൻ എന്ന കന്യക "ദിവ്യദശനം" വസരങ്ങളിൽ സംസാരിക്കുന്ന രീതിയും ഇതുതന്നെയാണെന്നു പരക്കെ അറിയപ്പെട്ടിട്ടുള്ളതാണല്ലോ. (പഞ്ചഗ്രന്ഥി P. XXIII)

## 3. കത്തോലിക്കാസഭയിലെ വിവിധറീത്തുകളുടെ ഉത്ഭവം.

കുർബാനചൊല്ലുന്നതിനും കൂദാശകരം നൽകുന്നതിനും പൂവ്വകാലം മുതൽ കത്തോലിക്കാസഭയിൽ വിവിധരീതികരം ഉപയോഗത്തിലിരിക്കുന്നു ഈ വിവിധരീതികളെയാണ് റീത്തുകരം എന്നു പറയുന്നത്. കുർബാനയുടേയും കൂദാശകളുടേയും സാരാംശങ്ങരം ഈശോമ്ശിഹാതന്നെ സ്ഥാപിച്ചതാകയാൽ അവ എല്ലാ റീത്തുകളിലും ഒന്നുതന്നെയാണ്. സാരാംശങ്ങരം ഒഴിച്ചു മററു സംഗതികളിൽ വിവിധറീത്തുകളും വ്യത്യാസപ്പെട്ടിരിക്കുന്നു.

കുർബാനയെന്ന ദിവ്യപൂജയുടെ സാരാംശം മൂന്നു സംഗതികളിൽ അടങ്ങിയിരിക്കുന്നു. കാഴ്ചവെയ്ക്കുക, കൂദാശചെയ്യുക, കുർബാന ഉരം

ക്കൊള്ളുക. ആദ്യകുർബാനയിൽ ഏറെക്കുറെ ഈ മൂന്നു സംഗതികളെ ഉണ്ടായിരുന്നുള്ളു. പ്രാരംഭഘട്ടത്തിൽ കുർബാനപ്പുസ്തകമായി ഉപയോഗിച്ചിരുന്നതു് സുറിയാനി, ഗ്രീക്ക, എന്നീ ഭാഷകളിലായി എഴുതപ്പെട്ട വേദപുസ്തകഭാഗങ്ങൾതന്നെ ആയിരുന്നു. ആദ്യനൂററാണ്ടുകളിൽ കുർബാന ചൊല്ലിയിരുന്നതു് സുറിയാനിയിലും ഗ്രീക്കിലുമായിരുന്നു എന്നു് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ലത്തീൻ അർമ്മീനിയൻ മുതലായ ഇതര ഭാഷകളിലും കുർബാന ചൊല്ലിത്തുടങ്ങി. കുർബാനയുടെ സാരാംശങ്ങളോടുകൂടി മററ കർമ്മങ്ങളും പ്രാർത്ഥനകളും വിവിധ പ്രദേശങ്ങളിലും വിവിധഭാഷകളിലും, വിവിധങ്ങളായ സംസ്കാരങ്ങൾക്കനുരൂപമായി, വിവിധരീതികളിൽ, ക്രമേണ കൂട്ടിച്ചേർക്കപ്പെട്ടു. ഇപ്രകാരം കുർബാനയും കൂദാശകളും വിവിധരീതികളിൽ വികസിച്ചതിനാലാണു് വിവിധപ്രദേശങ്ങളിൽ വിവിധറീത്തുകൾ ഉണ്ടായതു്. റീത്തുവ്യത്യാസത്തിന്നുള്ള പ്രധാനകാരണം സംസ്കാരത്തിലും ആചാരങ്ങളിലും ഭാഷയിലും ഉള്ള വ്യത്യാസമാണു്.

<u>വിവിധ റീത്തുകൾ:</u>– കത്തോലിക്കാസഭയിലെ റീത്തുകൾ, സുറിയാനി ഗ്രീക്ക, ലത്തീൻ, അർമ്മീനിയൻ, കോപ്ററ് എന്നിങ്ങിനെ അഞ്ചായി വിഭജിക്കപ്പെടുന്നു. ഓരോ വിഭാഗത്തിന്നു ഉപവിഭാഗങ്ങൾ ഉണ്ടു്. റീത്തുകളും ഉപറീത്തുകളും പ്രാദേശികങ്ങളായ ഭരണരീതികളുംനിമിത്തം വിവിധങ്ങളായ ഇരുപത്തൊന്നോളം ഉപസഭകൾ ഇന്നു കത്തോലിക്കാസഭയിലുണ്ടു്. അവയിൽ പതിനെട്ടോളം പൌരസ്ത്യസഭകളാണു്. കേരളത്തിലെ നമ്മുടെ സുറിയാനിസഭക്ക പൌരസ്ത്യസഭകളിൽവെച്ചു ജനസംഖ്യയിൽ ഒന്നാം സ്ഥാനമാണുള്ളതു്. ലത്തീൻറീത്തിൻെറ ഉപവിഭാഗങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു്, പുരാതനകാലംമുതൽ റോമ്മായിൽ ഉപയോഗത്തിലിരുന്ന റോമ്മൻറീത്താണു്. മററ ഉപവിഭാഗങ്ങളെല്ലാംതന്നെ കാലക്രമേണ റോമൻറീത്തിൽ ലയിച്ചിരിക്കയാണു്. ഇനിയും പൂർണ്ണമായി ലയിച്ചിട്ടില്ലാത്ത ലത്തീൻ ഉപവിഭാഗങ്ങൾ മിലാനിലെ അംബ്രോസിയൻ റീത്തും ടോലേദോയിലെ മോസറാബിക്ക റീത്തുമാണു്. ഗ്രീക്കറീത്തിൽ വിവിധഭാഷകൾ ഉപയോഗിക്കുന്ന ഏഴോളം ഉപശാഖകൾ ഉണ്ടു്. റഷ്യക്കാർ തുടങ്ങിയ സ്ലാവുജാതിക്കാരാണു് പ്രബല ഉപറീത്തുകാർ. സുറിയാനിറീത്തിന്നു പൌരസ്ത്യസുറിയാനി, പാശ്ചാത്യസുറിയാനി, എന്നിങ്ങിനെ രണ്ടു ശാഖകൾ ഉണ്ടു്. പാശ്ചാത്യസുറിയാനിറീത്തിൻെറ ഉപശാഖകളാണു് വെറും സുറിയാനി അഥവാ അന്തിയോക്കിയാ സുറിയാനിറീത്തും, മറോനീത്താ

സുറിയാനിറീത്തും, യാക്കോബായക്കാരും, യാക്കോബായസഭയിൽ നിന്നും പുനരൈക്യപ്പെട്ടവരായ അന്തിയോക്കിയായിലേയും മലങ്കരയിലേയും കത്തോലിക്കരുമാണ് ഇന്നു അന്തിയോക്കിയാ സുറിയാനിറീത്തു ഉപയോഗിക്കുന്നതു്. മലങ്കരയിൽ മലയാളവും ഈ റീത്തിൽ ഉപയോഗിക്കുന്നതിനാൽ മലങ്കര സുറിയാനിറീത്തു് എന്നും ഇതിന്നു ഇവിടെ പേരുണ്ടായി. മാറോനീത്താറീത്തു ഉപയോഗിക്കുന്നതു് ലബനലിലേയും സിറിയായിലേയും മാറോനീത്താ സുറിയാനിക്കാരാണ്.

4. നമ്മുടെ റീത്തു്:– പൌരസ്ത്യ സുറിയാനിറീത്തിന്നു് കൽദായ സുറിയാനിറീത്തു് എന്നുകൂടി നാമമുണ്ടു്. ബാബേൽ പാത്രിയർക്കീസിൻെറ അധികാരസീമയിലുൾപ്പെട്ട പൌരസ്ത്യസുറിയാനി കത്തോലിക്കരും, പാശ്ചാത്യ ഏഷ്യയിലും ത്രിശ്ശൂരും ഉള്ള നെസ്തോറിയൻകാരും, കേരളത്തിലെ പഴയ കൂറുകാരായ കത്തോലിക്കരുമാണ് കൽദായസുറിയാനിറീത്തു് ഉപയോഗിക്കുന്നതു്. ശ്ലീഹന്മാരുടെ കാലത്തുതന്നെ ഉത്ഭവിച്ചു് ക്രമേണ വികസിച്ച, അതിപുരാതനമായ ഒരു റീത്താണ് നമ്മുടെ പൌരസ്ത്യസുറിയാനി അഥവാ കൽദായറീത്തു. ക്രിസ്തുവിന്നുമുമ്പ്തന്നെ യഹൂദന്മാർ കേരളത്തിൽവന്നെത്തിയിരുന്നതിനാൽ സുറിയാനിഭാഷയും അതോടെ കേരളത്തിൽ സ്ഥാനംപിടിച്ചിരുന്നു. തോമ്മാശ്ലീഹായുടെ മാതൃഭാഷ സുറിയാനി ആയിരുന്നല്ലോ. തോമ്മാശ്ലീഹായിൽനിന്നു തന്നെയാണ് നാം നമ്മുടെ റീത്തുഭാഷയായി സുറിയാനിഭാഷയും നമ്മുടെ സുറിയാനി റീത്തിൻെറ സാരാംശങ്ങളും സ്വീകരിച്ചതു്. നമ്മുടെ പൂർവ്വീകർ നാലു നൂററാണ്ടുകൾക്കുമുമ്പ്, 1573–ൽ, മാർപ്പാപ്പായിക്കയച്ച അപേക്ഷയിൽ ഇതു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു.

മററു റീത്തുകൾ വികസിച്ചു വളർന്നതുപോലെ നമ്മുടെ കൽദായ സുറിയാനിറീത്തും വികസിച്ചു, നമ്മുടെ പ്രത്യേക സംസ്കാരത്തിൻേറയും പാരമ്പര്യത്തിൻേറയും ആധാരമായിത്തീർന്നു. പൂർവ്വകാലംമുതൽ നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സുറിയാനിറീത്തും സുറിയാനിഭാഷയും നമ്മുട്ടെ പിതൃസ്വത്തും പ്രത്യേക സംസ്കാരവുമായി നമ്മുടെ പൂർവ്വികർ എക്കാലത്തും മതിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു്. ഈ പത്തൊമ്പതു നൂററാണ്ടുകളോളം നാം വിലമതിച്ചു അശ്ലേഷിച്ചിട്ടുള്ള നമ്മുടെ റീത്തു വടക്കേമലബാറിൽ കുടിയേറിപ്പാർത്തിരിക്കുന്ന നാം അഭിമാനപൂർവ്വം സംരക്ഷിക്കേണ്ടതാണ്. നമ്മുടെ കർത്താവും നമ്മുടെ പിതാവായ

തോമ്മാശ്ലീഹായും സംസാരിച്ചിരുന്ന ഭാഷതന്നെയാണ് നമ്മുടെ റീത്തു ഭാഷ എന്നതു, ലത്തീൻറീത്തിനോ മററു റീത്തുകൾക്കോ ഇല്ലാത്ത ഒരു അസാധാരണമായ വൈശിഷ്ട്യംതന്നെയാണെന്നു് നാം ഒരിക്കലും വിസ്മരിക്കരുതു്. മാത്രമല്ല ലത്തീൻറീത്തിനോളംതന്നെ, ലോകത്തിലെ പുരാതനങ്ങളായ മററുറീത്തുകളോളംതമന്ന, പഴക്കവും അതിനുണ്ടു്.

---

# രണ്ടാം അദ്ധ്യായം

## സുറിയാനിക്കത്തോലിക്കാ സമുദായത്തിൻെറ പ്രാബല്യം

### 5. സമുദായത്തിൻെറ ഉൽകൃഷ്ടതയും അഭിവൃദ്ധിയും

തോമാശ്ലീഹായുടെ കാലംമുതൽ നിലനില്ക്കുന്ന, ഏററവും ഉൽകൃഷ്ടപാരമ്പര്യവും ഉന്നതമായ സാമുദായികനിലയും ഉള്ള ഒരു മഹാസമുദായമാണു് കേരളത്തിലെ നമ്മുടെ സുറിയാനി സമുദായം. ബ്രാഹ്മണരാദിയായ സവർണ്ണഹിന്ദുക്കളിൽനിന്നു മാനസാന്തരപ്പെട്ടവരാണു് നമ്മുടെ പൂർവ്വികർ. ഇന്ത്യയിലെ ഏററവും കുലശ്രേഷ്ഠതയും ബുദ്ധിശക്തിയുമുള്ള സമുദായമെന്നാണു് ഇന്ത്യയുടെ ഡെലഗാദപ്പസ്തോലിക്കാ ആയിരുന്ന മോൺസിഞ്ഞോർസലേസ്തി നമ്മെപ്പററി പ്രസ്താവിച്ചിട്ടുള്ളതു്. നമ്മുടെ സുറിയാനിസമുദായത്തെപ്പററി XIാംപീയൂസ്പാപ്പാ "റൊമാനിപൊന്തിഫിച്ചെസ്" എന്നാരംഭിക്കുന്ന തിരുവെഴുത്തു വിളംബരത്തിൽ, "കേരളത്തിലുള്ള സുറിയാനി ക്രിസ്ത്യാനിസമുദായങ്ങൾ ഇന്ത്യ ഒട്ടുക്കുള്ള ഉൽകൃഷ്ടസമുദായങ്ങളുടെ കൂട്ടത്തിൽ ഏററവും ഉയർന്നവരായി പരിഗണിക്കപ്പെടേണ്ടവയാണെന്നു ഇക്കാത്തു പൂർവ്വഇന്ത്യയുടെ ഡെലഗാദപ്പസ്തോലിക്കാമാർ ഏകകണ്ഠമായി അഭിപ്രായപ്പെട്ടിരിക്കുന്നു," എന്നു പ്രഖ്യാപനംചെയ്തിരിക്കുന്നു. സുറിയാനിക്കത്തോലിക്കർ ജനസംഖ്യയിലും, ധനസ്ഥിതിയിലും, വിദ്യാഭ്യാസത്തിലും, രാഷ്ട്രീയപ്രബുദ്ധതയിലും, പ്രാബല്യത്തിലും, സർവ്വതോന്മുഖമായ അഭിവൃദ്ധിയിലും, ഇന്ത്യയുടെ ഇതരഭാഗങ്ങളിൽ ചിതറിക്കിടക്കുന്ന കത്തോലിക്കാസമുദായങ്ങളെ എല്ലാവിധത്തിലും അതിശയിക്കുന്നു.

പതിനേഴാം നൂററാണ്ടിൽ നമ്മുടെമേൽ കെട്ടിവെച്ച വിദേശീയ ലത്തീൻഭരണം അവസാനിപ്പിച്ചു, സജാതിയരും സ്വന്തറീത്തുകാരു

മായ മെത്രാന്മാരെ തിരുസിംഹാസനം നമുക്കു നൽകിയതു് 1896–ൽ ആണല്ലോ. അന്നുമുതൽ നമ്മുടെ സമുദായത്തിന്നു ആദ്ധ്യാത്മികമായും ലൌകീകമായും ഉണ്ടായിട്ടുള്ള അഭിവൃദ്ധി അസാധാരണമത്രെ. നമുക്കു 1923–ൽ ഹയരാക്കി പുനഃസ്ഥാപിച്ചുതരുന്നതിന്നു XIാം പീയൂസ് മാർപ്പാപ്പായെ പ്രേരിപ്പിച്ച ന്യായങ്ങൾ ഏവയെന്നു ഈ അവസരത്തിൽ അവിടുന്നുചെയ്ത പ്രസംഗത്തിൽ എടുത്തുപറഞ്ഞിട്ടുണ്ടു്. അതിപ്രകാരമാണ്. "സംഘടനാപരമായ അവരുടെ പ്രവർത്തനം അത്യുത്തമവും സ്വന്തറീത്തുകാരും സജാതീയരുമായ വികാരി അപ്പസ്തോലിക്കാമാരുടെ ഭരണകാലത്തു് മതപരമായി അവർക്കുണ്ടായിട്ടുള്ള അഭിവൃദ്ധി അനിതരസാധാരണവുമത്രെ. ക്രിസ്തുമതവിശ്വാസത്തിന്നു ഏററവും യോജിച്ചതാണ് അവരുടെ സന്മാർഗ്ഗനിഷ്ഠ. ഏററവും ഭാഗ്യവതിയായ കന്യകമറിയത്തോടു അവർക്കുള്ള ഭക്തി വിശിഷ്ടതരത്തിലുള്ളതാണ്. വൈദികരോടും മെത്രാന്മാരോടും പ്രത്യേകിച്ചു ഈ അപ്പസ്തോലസിംഹാസനത്തോടും അവർക്കുള്ള ബഹുമാനമാകട്ടെ അത്യുൽകൃഷ്ടംതന്നെ." (Acta Apostolice Sedis, Vol. XV. 31st Dec. 1923 P. 608).

അത്യന്തം പ്രശംസാകരമായ ഈ പ്രസ്താവനയെ, മാർപ്പാപ്പായുടെ മേൽ പ്രസ്താവിച്ച വിളംബരത്തിൽ താഴെവരുന്ന പ്രകാരം വിശദീകരിച്ചിരിക്കുന്നു. "കേരള സുറിയാനിക്കാരായ വിശ്വാസികൾ സ്വന്തറീത്തിലും ജാതിയിലുമുള്ള മെത്രാരെ ലഭിച്ച നാൾമുതൽ സർവ്വഥാ ക്ഷേമകരമായ അഭിവൃദ്ധിയെ പ്രാപിക്കുകയാണ് ചെയ്തതു്. അവരുടെ ഇടയിൽ വൈദികപദത്തിലേക്കു വിളിക്കപ്പെട്ടവരുടെ എണ്ണം അധികപ്പെടുകയും മാനസാന്തരപ്പെട്ടവരുടെ സംഖ്യ വളരെ വദ്ധിക്കുകയും മാത്രമല്ല ഉണ്ടായതു്; വേദപാഠനശാലകൾ, സ്കൂളുകൾ, സന്യാസാശ്രമങ്ങൾ, പള്ളികൾ, കപ്പേളകൾ ഇങ്ങിനെയുള്ള വൈദികസ്ഥാപനങ്ങളും ധാരാളം അഭിവൃദ്ധിപ്പെട്ടിട്ടുള്ളതിൽനിന്നു് കേരള സുറിയാനി സമുദായത്തിൻെറ അദ്ധ്യക്ഷന്മാർ അവരെ ഏല്പിച്ചിട്ടുള്ള അജസമൂഹത്തെ എത്ര ഉത്സാഹമായും വിവേകപൂർവ്വവും ഭരിക്കുന്നു എന്നു് സ്പഷ്ടമായി കാണാവുന്നതാണ്."

നമ്മുടെ സമുദായത്തിന്നു സ്വന്തറീത്തുകാരായ മേലദ്ധ്യക്ഷന്മാരുടേയും വൈദികരുടേയും നേതൃത്വത്തിൽ 1923വരെ ഉണ്ടായിട്ടുള്ളതായി മാർപ്പാപ്പാ പ്രസ്താവിച്ച അഭിവൃദ്ധി, അതിന്നുശേഷം ഇന്നോളം തുടൎന്നുകൊണ്ടിരിക്കുന്നു. മറുവശത്തു് ഉദ്ധരിക്കുന്ന പട്ടികയിൽനിന്നും ഇതു വിശദമാകുന്നതാണ്.

| | കേരളത്തിലെ കൽദായ സുറിയാനിസഭയിൽ ആകെ | | | കേരളസുറിയാനിക്കാരുൾപ്പടെ ഇന്ത്യയിൽ ആകെ |
|---|---|---|---|---|
| | 1896-ൽ | 1923-ൽ | 1947-ൽ | 1947-ൽ |
| കത്തോലിക്കാസുറിയാനിക്കാർ | 292,000 | 440,000 | 947,000 | 4,500,000 |
| ദേവാലയങ്ങൾ | 351 | 544 | 657 | 8,312 |
| വൈദികർ | 396 | 594 | 1,155 | 5,518 |
| വൈദികവിദ്യാർത്ഥികൾ | 72 | 243 | *254 | |
| സന്യാസികൾ | 95 | 215 | *357 | |
| ആശ്രമങ്ങൾ | 140 | 1,016 | 3,109 | 11,683 |
| കന്യകാമഠങ്ങൾ | 8 | 12 | 26 | |
| പ്രൈമറി സ്കൂളുകൾ | 8 | 51 | 162 | |
| മിഡിൽസ്കൂളുകൾ | ... | 428 | 865 | 5,000 |
| ഹൈസ്കൂളുകൾ | 1 | 39 | 151 | 435 |
| സാങ്കേതിക സ്കൂളുകൾ | 1 | 10 | 66 | 304 |
| കോളേജുകൾ | 0 | 0 | 29 | 146 |
| അനാഥശാല, വൃദ്ധമന്ദിരം | 0 | 2 | 5 | 14 |
| ആസ്പത്രികൾ | 0 | 7 | 31 | 277 |
| ദിനപ്പത്രങ്ങൾ | 0 | 0 | 9 | 53 |
| വാരിക, മുതലായവകൾ | 1 | 0 | 4 | 0 |
| അച്ചടിശാലകൾ | 2 | 2 | 7 | |
| വേദപ്രചാരസ്ഥാപനങ്ങൾ | 5 | 3 | 9 | |
| സർവ്വകലാശാലബിരുദധാരികൾ | | 33 | 2,065 | |

* മിഷ്യൻ വേലക്കായി ലത്തീൻരൂപതകളിലേക്കു പോയിട്ടുള്ള വൈദികർ വൈദികവിദ്യാർത്ഥികൾ, സന്യാസികൾ എന്നീ ഇനങ്ങളിലായി 1,000 മിഷ്യനറിമാർ വേറേയും ഉണ്ട്.

## 6. കേരളത്തിന്റെ രാഷ്ട്രീയഘടകങ്ങൾ – ഐക്യകേരളം

വടക്കു കാസർകോട്ടുമുതൽ തെക്കു കന്യാകുമാരിവരെ, സഹ്യപർവ്വതത്തിന്നു പടിഞ്ഞാറായി നീണ്ടുകിടക്കുന്ന കടൽത്തീരപ്രദേശമാണ് കേരളം. രാഷ്ട്രീയമായി കേരളം മൂന്നായി വിഭജിക്കപ്പെട്ടിരിക്കുന്നു.

തിരുവിതാംകൂർ, കൊച്ചി, മലബാർ കേരളത്തിന്റെ ആകെയുള്ള വിസ്താരം 15,000 ച: മൈലും 1941-ലെ ജനസംഖ്യ 115 ലക്ഷത്തോടടുത്തുമാണ്. ഓരോ ഘടകത്തിന്റെയും 1941-ലെ സ്ഥിതി താഴെകൊടുക്കുന്ന പട്ടികയിൽനിന്നു വിശദമാകും.

| ഘടകം | തിരുവിതാംകൂർ | കൊച്ചി | മലബാർ | ആകെ |
|---|---|---|---|---|
| ചതുരശ്രമൈൽ | 7,662 | 1,480 | 5,794 | 14,936 |
| ആകെ ജനസംഖ്യ | 6,070,018 | 1,422,875 | 3,929,000 | 11,421,893 |
| ആകെ ക്രിസ്ത്യാനികൾ | 29% | 33% | 2% | 2,432,000 |
| ആകെ സുറിയാനിക്കാർ | 1,226,000 | 272,000 | 36,000 | 1,534,000 |
| ആകെ സുറി: കത്തോലിക്കർ | *561,000 | 228,000 | 29,000 | 818,000 |

* യഥാർത്ഥ സംഖ്യ ഇതിൽ കൂടുതലാണ്. മതവിഭാഗം തിരിച്ചു പറയാത്ത 50,000 സുറിയാനിക്കാരിൽ കത്തോലിക്കരുമുൾപ്പെടുന്നു.

കേരളത്തിന്റെ രാഷ്ട്രീയ വിഭജനം നിലനില്ക്കത്തക്ക ഏതെങ്കിലും അടിസ്ഥാനത്തെ ആധാരമാക്കി ഉണ്ടാക്കിയതല്ല. സാംസ്കാരികമായും, സാമൂഹ്യമായും, ഭൂമിശാസ്ത്രപരമായും, ചരിത്രപരമായും മലബാറും, കൊച്ചിയും, തിരുവിതാംകൂറും പ്രകൃത്യ ഒരൊറ്റ ഘടകമാണ്. ആകയാൽ കേരളത്തെ രാഷ്ട്രീയമായി ഏകീകരിച്ചു ഒരൊറ്റ സംസ്ഥാനമാക്കുന്നതിനുള്ള പരിശ്രമം ഫലപ്രദമായിത്തീരുന്നതിൽ അത്ഭുതത്തിന്നവകാശമില്ല. തിരുവിതാംകൂറിന്റെയും, കൊച്ചിയുടേയും സംയോജനം ഒരു സംഭവമാകാൻ പോകുന്നു. അടുത്തഭാവിയിൽത്തന്നെ മലബാറും സംയോജനത്തിന്നു വിഷയമാകുമെന്നും, ഇപ്രകാരം കേരളം ഇന്ത്യയുടെ അവിഭക്തമായ ഒരു സംസ്ഥാനമായിത്തീരുമെന്നും പ്രതീക്ഷിക്കാവുന്നതാണ്.

7. കേരളത്തിൽ ക്രിസ്ത്യാനികളുടെ നില:—

ഇന്ത്യയിൽ പാക്കിസ്ഥാനുൾപ്പെടെ ഹിന്ദുക്കളുടെ ജനസംഖ്യ $65\frac{1}{2}\%$; മുഹമ്മദീയരുടെ ജനസംഖ്യ 24%; ക്രിസ്ത്യാനികളുടെ ജനസംഖ്യ $1\frac{1}{2}\%$ മാത്രമാണ്. ഇന്ത്യായൂനിയനിൽപോലും ജനസംഖ്യയിൽ രണ്ടാമത്തെ സ്ഥാനം മുഹമ്മദീയർക്കാണ്. ഈ വിഷയത്തിൽ മലബാർ ഇന്ത്യായൂനിയനോടു യോജിക്കുന്നു. ജനസംഖ്യയിൽ മലബാറിൽ രണ്ടാമത്തെ സമുദായം മുഹമ്മദീയരാണ്. മലബാറിൽ 1941-ൽ മുഹമ്മ

ദീയരുടെ ശതമാനം 33 ആയിരുന്നപ്പോൾ, ക്രിസ്ത്യാനികളുടെ ശതമാനം 2 മാത്രമായിരുന്നു. എന്നാൽ കേരളത്തിന്റെ ഭൂരിഭാഗം അടക്കി കൊള്ളുന്ന തിരുവിതാംകൂറിലും കൊച്ചിയിലും ക്രിസ്ത്യാനികളാണ് രണ്ടാമത്തെ സമുദായം. അവരുടെ 1941-ലെ ശതമാനം 32-ം മുഹമ്മദീയരുടേതു 7-ം മാത്രവുമത്രെ. കേരളം മുഴുവനും ഒന്നാകെയെടുത്താലും, ക്രിസ്ത്യാനികളാണ് രണ്ടാമത്തെ പ്രബല സമുദായം. ഇന്ത്യായൂനിയനിൽ മൊത്തത്തിൽ മുഹമ്മദീയർ 14%, ക്രിസ്ത്യാനികൾ 3% ആണെങ്കിൽ, ഐക്യകേരളത്തിൽ ക്രിസ്ത്യാനികൾ 21%, മുഹമ്മദീയർ 16% ആകുന്നു. ആകയാൽ ഇന്ത്യായൂനിയനിൽ ക്രിസ്ത്യാനികൾക്കു ജനസംഖ്യയിൽ രണ്ടാംസ്ഥാനമുള്ള ഏക സംസ്ഥാനം കേരളമാണ്. കേരളത്തിലെ ക്രിസ്ത്യാനികളുടെ ആകെത്തുക 1941-ലെ കണക്കിൻപ്രകാരം 2,432,000 ആണ്. ഇന്ത്യയിൽ ആകെയുള്ള ക്രിസ്തീയജനസംഖ്യ 6,318,000 ആണല്ലൊ. ആകയാൽ ഇന്ത്യൻ ക്രിസ്ത്യാനികളിൽ 38½% മൂന്നിലൊന്നിലധികം, കേരളത്തിലത്രെ.

(a) കേരളത്തിൽ സുറിയാനിക്രിസ്ത്യാനികൾ:—കേരളത്തിൽ ആകെയുള്ള ക്രിസ്ത്യാനികൾ 2,432,000 എന്നു പ്രസ്താവിച്ചിട്ടുണ്ടല്ലൊ ഇതിൽ മഹാഭൂരിപക്ഷം, 63%, സുറിയാനി ക്രിസ്ത്യാനികളാണ്. സുറിയാനിക്രിസ്ത്യാനികളിൽ ഭൂരിപക്ഷം, 55% സുറിയാനി കത്തോലിക്കരാണ്.

(b) കേരളത്തിൽ കത്തോലിക്കർ:—കേരളത്തിലെ കത്തോലിക്കരുടെ ആകെത്തുക 1941-ലെ കണക്കിൻപ്രകാരം 1,491,000 അത്രെ. കേരളത്തിൽ ആകെയുള്ള ക്രിസ്ത്യാനികളിൽ ഭൂരിപക്ഷം കത്തോലിക്കരാണ്. കേരളകത്തോലിക്കർ ഇന്ത്യയിൻ ആകെയുള്ള കത്തോലിക്കരുടെ 36%മാണ്.

(c) <u>കേരളത്തിൽ സുറിയാനിക്കത്തോലിക്കർ:</u>— കേരളത്തിലെ സുറിയാനിക്കത്തോലിക്കരുടെ തുക 1941-ലെ ഗവമ്മേണ്ടു കണക്കിൻ പ്രകാരം 818,000 അത്രെ. കത്തോലിക്ക് ഡയറക്ടറിയിൽ 1947-ലെ കണക്കു കൊടുത്തിട്ടുണ്ടു. ആകെ ഇപ്പോൾ 17 ലക്ഷം കത്തോലിക്കർ കേരളത്തിലുള്ളതായി വിവിധകണക്കുകളിൽനിന്നു ഗ്രഹിക്കാവുന്നതാണ്. അതിൽ 10 ലക്ഷത്തോളം അന്തിയോക്കിയാ റീത്തുകാരുൾപ്പെടെ, സുറിയാനിക്കത്തോലിക്കരാണ്.

## 8. സുറിയാനി കത്തോലിക്കാ കേന്ദ്രം:—

കേരളത്തിലെ വിവിധപ്രദേശങ്ങളിൽ സുറിയാനിക്കത്തോലിക്കരുടെ ജനസംഖ്യ ഒരേ ശതമാനത്തിലല്ല. സുറിയാനിക്കത്തോലിക്കരുടെ ജനസംഖ്യ അനുസരിച്ച്, കേരളത്തെ മൂന്നായി വിഭജിക്കാം (1) ഭാരതപ്പുഴക്കു തെക്കും പമ്പായിക്കു വടക്കുമായി സ്ഥിതിചെയ്യുന്ന

മദ്ധ്യകേരളം; (2) ഭാരതപ്പുഴക്ക് വടക്കുള്ള ഉത്തരകേരളം; (3) പമ്പായിക്ക തെക്കുള്ള ദക്ഷിണകേരളം.

വി. തോമാസ്ലീഹാ സ്ഥാപിച്ച ഏഴ് പള്ളികളിൽ ആറും മദ്ധ്യകേരളത്തിലാണ്. ദക്ഷിണകേരളത്തിലും ഉത്തരകേരളത്തിലും പൂർവ്വകാലം മുതൽ സുറിയാനിക്കാരുണ്ടായിരുന്നെങ്കിലും മദ്ധ്യകേരളമായിരുന്നു അവരുടെ പ്രധാന ആസ്ഥാനമായിരുന്നിട്ടുള്ളത്. ഇപ്പോഴും കൽദായ സുറിയാനി രൂപതകൾ നാലും സ്ഥിതി ചെയ്യുന്നത് അവിടെയാണ്.

(a) വടക്കു കിഴക്കെ തിരുവിതാംകൂർ:— മദ്ധ്യകേരളത്തിൻെറ ഭാഗമായ വടക്കു കിഴക്കെ തിരുവിതാംകൂറിൽ (മീനച്ചിൽ, തൊടുപുഴ, മൂവാററുപുഴ, കോട്ടയം, ചങ്ങനാശ്ശേരി, എന്നീ താലൂക്കുകളും പിരുമേട്, ദേവികുളം എന്നീ താലൂക്കുകളുടെ ഭാഗങ്ങളും) ആകെയുള്ള ജനസംഖ്യയിൽ സുറിയാനിക്കത്തോലിക്കർക്ക് ഭൂരിപക്ഷമുണ്ട്. ഇന്ത്യയിൽ ക്രിസ്ത്യാനികൾക്ക്, കത്തോലിക്കർക്ക് ഭൂരിപക്ഷമുള്ള വിസ്തൃതമായ (ഉദ്ദേശം 2,000 ച.മൈൽ) ഏകപ്രദേശമാണുള്ളത്. ഒരു കാലത്ത് വന്യമൃഗങ്ങളുടെ ആസ്ഥാനമായിരുന്ന ഈ വനംപ്രദേശം ഇപ്പോൾ ജനനിബിഡങ്ങളായ കൃഷിസ്ഥലങ്ങളും, തോട്ടങ്ങളുമായി സുറിയാനിക്കത്തോലിക്കരുടെ പ്രബലകേന്ദ്രമായി രൂപാന്തരപ്പെട്ടിരിക്കുന്നത്, സുറിയാനിക്കത്തോലിക്കർക്ക് കുടിയേററ പ്രസ്ഥാനത്തിലുള്ള വാസനയും സാമർത്ഥ്യവും നിമിത്തമാണ്.

(b) <u>വടക്കു കിഴക്കെ മലബാർ</u>:— തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ കേരളഘടകങ്ങളിലെ ജനനിബിഡത ഒരേ രീതിയിലല്ല. തിരുവിതാംകൂറിലും കൊച്ചിയിലും ചതുരശ്രമൈലിന് 792-ം 961-ം ജനങ്ങളുള്ളപ്പോൾ മലബാറിൽ 679-മാത്രമെയുള്ളു. തിരുവിതാംകൂറിലും കൊച്ചിയിലും കൃഷിക്കും കുടിപാർപ്പിനും സ്ഥലം ഇനി അധികം ശേഷിച്ചിട്ടില്ല. എന്നാൽ മലബാറിൽ അങ്ങിനെയല്ല. കൃഷിക്കു യോഗ്യമായ ഭൂമിയിൽ മൂന്നിലൊന്നിൽ മാത്രമെ ജനങ്ങൾ വസിച്ചു കൃഷി ചെയ്യുന്നുള്ളു. ശേഷിച്ച മൂന്നിൽ രണ്ടു ഭാഗവും കുടിയേററത്തിന് ലഭ്യമാണ്.

മദ്ധ്യകേരളത്തിലെ സുറിയാനിക്കത്തോലിക്കരിൽ ഗണ്യമായ ഒരു ഭാഗത്തിൻെറ തൊഴിൽ, മലനാടുകളിൽ വിവിധകൃഷികൾ നടത്തുക എന്നതാണ്. കുടിയേററത്തിൽ അവർക്കു വലിയ വാസനയുമുണ്ട്. അവരുടെ ജനസംഖ്യ വർദ്ധിക്കുന്നതിനനുസരണം കൃഷിക്കും കുടിയേററത്തിനും പുതിയ ഭൂമി തിരുവിതാംകൂറിൽ ലഭ്യമല്ല. എന്നാൽ ഒരേ കാലാവസ്ഥയും സംസ്കാരവുമുള്ള മലബാറിൽ, കൃഷിക്കും കുടിയേററത്തിനും പററിയ ഭൂമി സുലഭമാണ്. ഇക്കാരണങ്ങളാൽ 1923

മുതൽ തിരുവിതാംകൂറിൽനിന്നു് സുറിയാനിക്കാർ മലബാറിൽ കുടിയേറിപ്പാർക്കാൻ ആരംഭിച്ചു. ഈ പ്രസ്ഥാനം 1942 മുതൽ ശക്തിയായിത്തീർന്നു. ഇപ്പോൾ അനേകായിരം കത്തോലിക്കാ സുറിയാനിക്കാർ മലബാറിൽ ഉണ്ടു്. തിരുവിതാംകൂറിൽനിന്നു് മലബാറിലെ വന്യപ്രദേശങ്ങളായ മലനാടുകളിലേക്കുള്ള സുറിയാനിക്കാരുടെ പ്രവാഹം ഇപ്പോഴും ഒന്നിനൊന്നിനു് വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇനിയും അതു തുടർന്നുകൊണ്ടുതന്നെയിരിക്കും. ആകയാൽ ഇപ്പോൾ വന്യമൃഗങ്ങളുടെ ആസ്ഥാനമായ വടക്കുകിഴക്കെ മലബാർ, അടുത്ത ഭാവിയിൽ വടക്കുകിഴക്കെ തിരുവിതാംകൂർപോലെ ഒരു കത്തോലിക്കാ സുറിയാനി കേന്ദ്രമായിത്തീരുമെന്നു് സകാരണം പ്രതീക്ഷിക്കാവുന്നതാണു്.

കേരളത്തിലെ മൂന്നു വിഭാഗങ്ങളിലേയും സ്ഥിതിവിവരക്കണക്കു് 1947-ലെ കത്തോലിക്കാ ഡയറക്ടറിയിലെ തുകകളെ പ്രധാനമായി അടിസ്ഥാനമാക്കി എടുത്തിട്ടുള്ളതു് താഴെ കാണിക്കുന്നു.

| പ്രദേശം | ഉത്തരകേരളം കോഴിക്കോട്ടു് രൂപത | മദ്ധ്യകേരളം സുറിയാനി രൂപതകൾ | ദക്ഷിണ കേരളം |
|---|---|---|---|
| ചതുരശ്രമൈൽ | 5,294 | 6,430 | 3,212 |
| കുടിയേറിപ്പാർപ്പില്ലാത്തതും കുടിയേറിപ്പാർപ്പിന്നു യോഗ്യവുമായ ഭൂമി | 66% | 19% | 20% |
| ആകെ ജനസംഖ്യ | 3,853,000 | 5,058,000 | 3,669,000 |
| ,, ക്രിസ്ത്യാനികൾ | 56,000 | 1,834,000 | 937,000 |
| ,, സുറി: കത്തോലിക്കർ | 20,000 | 943,398 | 49,367 |
| ,, ലത്തീൻ കത്തോലിക്കർ | 13,404 | 299,565 | 396,598 |
| ,, സുറി: രൂപതകൾ | 0 | 5 | 1 |
| ,, ലത്തീൻ രൂപതകൾ | 1 | 3 | 3 |
| ,, നാട്ടുകാരായ സുറി: വൈദികർ | 2 | 1,212 | 78 |
| ,, ,, ലത്തീൻ വൈദികർ | 45 | 270 | 230 |
| ,, സുറി: കന്യാസ്ത്രീകൾ | | 3,006 | 62 |
| ,, ലത്തീൻ ,, | 245 | 216 | 392 |
| ,, സുറി: പള്ളി. കപ്പേളകൾ | | 656 | 62 |
| ,, ലത്തീൻ പള്ളി. കപ്പേളകൾ | 87 | 216 | 450 |
| ,, സുറി: കോളേജുകൾ | 0 | 5 | 0 |
| ,, ലത്തീൻ കോളേജുകൾ | 0 | 2 | 0 |
| ,, സുറി: ഹൈസ്കൂൾ | 0 | 63 | 5 |
| ,, ലത്തീൻ ഹൈസ്കൂൾ | 12 | 17 | 12 |
| ,, മററു സുറി: സ്കൂളുകൾ | 0 | 598 | 56 |
| ,, ,, ലത്തീൻ സ്കൂളുകൾ | 45 | 212 | 249 |

9. കോഴിക്കോട്ട് രൂപതയിലെ കത്തോലിക്കരിൽ ബഹുഭൂരിപക്ഷവും സുറിയാനിക്കാരാണ്.

ഒരു കാൽ ശതാബ്ദത്തിനു് മുമ്പുവരെ കോഴിക്കോട്ട് രൂപത മംഗലാപുരം രൂപതയുടെ ഒരു ഫൊറോനാ (ഡിസ്ട്രിക്ട്)യായിരുന്നു. ഒരു വികാരിയാത്തായിരുന്ന മംഗലാപുരം 1886ൽ ഒരു രൂപതയായി ത്തീർന്നു. മലബാറിനെ മംഗലാപുരം രൂപതയിൽനിന്നു് വിടർത്തി ഒരു പുതിയ രൂപത—കോഴിക്കോട്ട് രൂപത ആയി സ്ഥാപിച്ചതും 1923ൽ അത്രെ.

കോഴിക്കോട്ട്, കണ്ണൂർ മുതലായ വടക്കെ മലബാറിലെ പ്രദേശ ങ്ങളിൽ 18ാം നൂററാണ്ടുവരെ സുറിയാനിക്കാരും സുറിയാനി വൈദി കരും സുറിയാനിപ്പള്ളികളും ഉണ്ടായിരുന്നു. അതിനുശേഷം എങ്ങി നേയോ വടക്കെ മലബാറിൽനിന്നു് സുറിയാനിക്കാർ അപ്രത്യക്ഷ രായി. വീണ്ടും സുറിയാനിക്കാർ വടക്കെ മലബാറിൽ കാണപ്പെട്ടു ന്നതു് 1923–ൽ ആരംഭിച്ച കുടിയേററ പ്രസ്ഥാനം മുതല്ക്കാണ്. മംഗലാ പുരം രൂപതയുടെ ഭാഗമായിരുന്ന കാലത്തു് കോഴിക്കോട്ട രൂപതാ തൃത്തിക്കുള്ളിൽ മൂന്നു ഇടവകകളു് (കോഴിക്കോട്ട്, തലശ്ശേരി, കണ്ണൂർ) ഏതാനും മിഷ്യൻ സ്ഥാനങ്ങളും മാത്രമെ ഉണ്ടായിരുന്നുള്ളു. ഇവയെല്ലാം ലത്തീൻ റീത്തിലുൾപ്പെട്ടവയായിരുന്നു. കാലാകാലങ്ങളിൽ ഇവിടങ്ങ ളിലുണ്ടായിരുന്ന ലത്തീൻ കത്തോലിക്കരുടെ ജനസംഖ്യ കാത്തലിക്കു് ഡിറക്ടറിയിൽ കൊടുത്തിട്ടുള്ളതു താഴെ ഉദ്ധരിക്കുന്നു.

| ആണ്ടു് | ജനസംഖ്യ |
|---|---|
| 1861 | 5,300 |
| 1871 | 6,650 |
| 1888 | 6,872 |
| 1898 | 6,935 |
| 1904 | 7,337 |
| 1907 | 8,069 |
| 1913 | 8,057 |
| 1917 | 8,849 |
| 1921 | 5,580 |
| 1925 | 8,500 |

ലത്തീൻ ജനസംഖ്യയിൽ ഗണ്യമായ ഒരു ഭാഗം ആംഗ്ലോ ഇന്ത്യ ന്മാരാണ്. പ്രഥമ ലോകമഹായുദ്ധത്തെത്തുടന്നു ജനസംഖ്യയിൽ കാണുന്ന കുറവു്, ആംഗ്ലോ ഇന്ത്യൻമാർ ജോലിനിമിത്തമോ മറേറാ സ്ഥലം വിട്ടതുകൊണ്ടായിരിക്കാം.

കോഴിക്കോട്ട് രൂപതയുടെ സ്ഥാപനം മുതൽ സുറിയാനിക്കാരും മലബാറിൽ ഉണ്ടല്ലോ. രൂപതയുടെ ആരംഭം മുതൽക്കുള്ള കത്തോലിക്ക ജനസംഖ്യ കാത്തോലിക്ക് ഡിറക്ടറിയിൽനിന്നെടുത്തു് താഴെ ചേക്കുന്നു.

| | |
|---|---|
| 1925 | 8,500 |
| 1929 | 9.881 |
| 1941 | 14,436 |
| 1948 | 33,404 |

## 10. കോഴിക്കോട്ട് രൂപതയിലെ ലത്തീൻ കത്തോലിക്കരുടെ സംഖ്യ

രൂപതാസ്ഥാപനത്തിനു് മുമ്പു കത്തോലിക്കാ ജനസംഖ്യയിൽ വലിയ വദ്ധനവു് കാണുന്നില്ല. രൂപതാസ്ഥാപനകാലത്തു് അവിടെയുള്ള ലത്തീൻ കത്തോലിക്കരുടെ സംഖ്യ 8000ത്തിൽ അധികമായിരിക്കയില്ല. കത്തോലിക്ക ജനസംഖ്യ 1923 മുതൽ പതിനെട്ടു കൊല്ലത്തിന്നിടയിൽ ഏകദേശം ഇരട്ടിയായതായി കാണുന്നു. ആറു കൊല്ലം കൂടി കഴിഞ്ഞപ്പോറം ജനസംഖ്യ രണ്ടിരട്ടീയിലധികമായി വദ്ധിച്ചു. ഈ ചുരുങ്ങിയ കാലയളവിൽ, മലബാറിൽ ക്രിസ്ത്യേതരരുടെ ഇടയിൽ നിന്നു് അസാധാരണതോതിൽ മാനസാന്തരമുണ്ടായിട്ടുള്ളതായി കാണുന്നില്ല. ഒരു കാൽ ശതാബ്ദംകൊണ്ടു സാധാരണതോതിൽ 8,000 ആളുകറം നാലിരട്ടിയായി വദ്ധിക്കയുമില്ല. ആകയാൽ ഈ വദ്ധനവു് ജനനംകൊണ്ടോ മാനസാന്തരംകൊണ്ടോ മാത്രം ഉണ്ടായിട്ടുള്ളതല്ല. ഈ അസാധാരണമായ വദ്ധനവിനു് സുറിയാനിക്കാരുടെ കുടിയേററമാണു് കാരണം.

കോഴിക്കോട്ടു് രൂപതയിലെ ലത്തീൻ കത്തോലിക്കരുടെ ജനസംഖ്യ 1941-ൽ പതിനായിരത്തിൽ കൂടുതലുണ്ടെന്നു് വിചാരിക്കാൻ തരമില്ല. അതു് 1947ൽ പന്തിരായിരം അഥവാ പതിനാലായിരം കവിയുമെന്നും തോന്നുന്നില്ല.

## 11. കോഴിക്കോട്ടു് രൂപതയിലെ സുറിയാനിക്കത്തോലിക്കരുടെ സംഖ്യ:—

കാത്തോലിക്കു് ഡിറക്ടറിയിൽ 1947-ലെ ജനസംഖ്യയായി കാണിച്ചിരിക്കുന്ന 33,404-ൽ ഇരുപത്തിനാലായിരമെങ്കിലും സുറിയാനിക്കത്തോലിക്കാരായിരിക്കണം. രൂപതയിലെ ഫയലുകറം കണ്ടിട്ടുള്ള കുടപ്പുറമ്പൻ എന്ന ലേഖകൻ സുറിയാനിക്കാരുടെ ആകെ ജനസംഖ്യ ഇരുപത്തിനാലായിരത്തിലധികമാണെന്നു് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. (Malabar Herald (1948, Sept: 25). എന്നാൽ സുറി

യാനിക്കാരായ കുടിയേററക്കാരുടെ ജനസംഖ്യയെപ്പററി ക്ലിപ്തമായി അന്വേഷിച്ച ഒരു സുറിയാനിക്കാരൻ വക്കീൽ കണക്കു കൂട്ടിയിരിക്കുന്നതു്, സുറിയാനിക്കത്തോലിക്കരുടെ ജനസംഖ്യ ഇപ്പോഠം കോഴിക്കോട്ടു രൂപതയിൽ 60,000ത്തിൽ അധികമാണെന്നാണു്. ഏതായാലും ഇപ്പോഠം കോഴിക്കോട്ടു രൂപതയിലെ കത്തോലിക്കാ സുറിയാനിക്കാർ ആ രൂപതയിലെ ലത്തീൻ കത്തോലിക്കരുടെ രണ്ടിരട്ടിയിൽ കുറകയില്ല.

## 12. മലബാറിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാർ സുറിയാനി റീത്തുകാർ തന്നെ.

മലബാറിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാരെല്ലാം സുറിയാനി റീത്തുകാരായി തുടരുന്നു. സുറിയാനി റീത്തുപേക്ഷിച്ച ലത്തീൻ റീത്തു സ്വീകരിക്കുന്നതിന്നു അവരെ പ്രേരിപ്പിക്കുന്നതും, ഉപദേശിക്കുന്നതും, കത്തോലിക്കാസഭയുടെ നിയമത്തിൻെറ ലംഘനമാണെന്നു കാനൻ നിയമസംഹിത, 98ാംകാനോൻ സ്പഷ്ടമായി പ്രമാണിക്കുന്നു.

ഈ കാനോനായിക്കു നാലുഭാഗങ്ങളാണുള്ളതു്. സുറിയാനിക്കാരേയും ലത്തീൻകാരേയും സംബന്ധിക്കുന്നിടത്തോളം അവയിലെ നിർദ്ദേശങ്ങഠം താഴെ വരുന്ന പ്രകാരമാണു്.

1) ഓരോരുത്തൻ ജനനിച്ച മാമ്മോദീസ്സാ മുങ്ങുന്ന റീത്താണു് ഓരോരുത്തൻെറയും സ്വന്തറീത്തു്. സ്വന്തറീത്തിൽപ്പെട്ട വൈദികൻെറ അഭാവം നിമിത്തം ലത്തീൻറീത്തിൽപ്പെട്ട വൈദികൻ മാമ്മോദീസാമുക്കിയാലും, ഇപ്രകാരം മാമ്മോദീസാമുങ്ങുന്ന ആളിൻെറ റീത്തു ലത്തീൻ റീത്തായി തീരുന്നില്ല. സുറിയാനി മാതാപിതാക്കന്മാരിൽനിന്നു പിറക്കുന്നവൻ, എവിടെ, എങ്ങിനെ, ഏതു റീത്തുകാരനാൽ മാമ്മോദീസാമുക്കപ്പെട്ടാലും അവൻ മാതാപിതാക്കന്മാരുടെ റീത്തുകാരൻ തന്നെ ആകയാൽ ഈ നിയമപ്രകാരം കോഴിക്കോട്ടു രൂപതയിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാരും അവരുടെ സന്തതികളും സുറിയാനി റീത്തുകാരായിത്തന്നെ തുടരുന്നു.

2) ലത്തീൻറീത്തു സ്വീകരിക്കുന്നതിന്നു സുറിയാനിക്കാരെ മനസ്സാക്കുന്നതിന്നു ഏതെങ്കിലും വൈദികൻ ഏതെങ്കിലും വിധത്തിൽ, ഭീഷണിയൊ, പ്രേരണയൊ, ഉപദേശമൊ, മറെറന്തെങ്കിലുമൊ ഉപയോഗിച്ച പരിശ്രമിക്കുന്നതു് കഠിനമായി മുടക്കപ്പെട്ടുന്നു. അങ്ങിനെ ഏതെങ്കിലും വൈദികൻ പരിശ്രമിക്കുന്നതു കുററകരമാണു്.

3) ഇപ്രകാരമുള്ള കുററകരമായ പരിശ്രമത്തിന്നു സുറിയാനിക്കത്തോലിക്കർ വഴിപ്പെടുന്നതും കുററകരമാണ്. പരിശുദ്ധ സിംഹാസനത്തിൻെറ തിരിയുള്ള അനുവാദം കൂടാതെ യാതൊരു സുറിയാനിക്കാരനും, അയാൾ ജനിച്ചുവളൎന്ന റീത്തുപേക്ഷിച്ചു ലത്തീൻറീത്തു സ്വീകരിക്കാൻ പാടില്ല. റീത്തുമാററത്തിനുള്ള അനുവാദം നൽകാനുള്ള അനുവാദം തിരുസിംഹാസനത്തിനുമാത്രമെയുള്ളു. തിരുസിംഹാസനത്തിൻെറ അനുവാദപ്രകാരം, സുറിയാനി റീത്തു മാറി ലത്തീൻറീത്തു സ്വീകരിച്ചാൽ, വീണ്ടും അനുവാദം ലഭിക്കാതെ സുറിയാനിറീത്തിലേക്കു മടങ്ങാവുന്നതുമല്ല. സുറിയാനിറീത്തുപേക്ഷിച്ചു ലത്തീൻ റീത്തിൽ കുർബാന ചൊല്ലുന്ന അച്ചന്മാർ ലത്തീൻകാരായി തീൎന്നിരിക്കയാണ്. അവൎക്ക് സുറിയാനിറീത്തിലേക്കു തിരിച്ചുവരണമെങ്കിൽ തിരുസിംഹാസനത്തിൽനിന്നുള്ള പ്രത്യേക അനുവാദം ആവശ്യമാണ്. തിരുസ്സഭയുടെ ദൃഷ്ടിയിൽ അവർ ലത്തീൻകാർതന്നെ.

(4) വിവിധ റീത്തുകാർതമ്മിൽ വിവാഹം നടന്നാൽ ഭാൎയ്യ ഭൎത്താവിൻെറ റീത്തുകാരിയായിത്തീരുന്നു. അതിന്നു പ്രത്യേക അനുവാദം ആവശ്യമില്ല. നേരെമറിച്ച് ഭൎത്താവ് ഭാൎയ്യയുടെ റീത്തുകാരനായിത്തീരുന്നില്ല. ഭാൎയ്യയുടെ റീത്ത് സ്വീകരിക്കണമെങ്കിൽ ഭൎത്താവ് തിരുസിംഹാസനത്തിൽനിന്നു പ്രത്യേകം അനുവാദം വാങ്ങിക്കണം.

# സുറിയാനിറീത്തും വേദപ്രചാരവും

## 13. സുറിയാനിക്കത്തോലിക്കർ വേദപ്രചാരണത്തിൽ ഉത്സുകരാണ്. റീത്തുപാലനം വേദപ്രചരണത്തിന് വിഘ്നമല്ല:—

വേദപ്രചാരത്തിലും സുറിയാനിക്കത്തോലിക്കർ അസാധാരണ തീക്ഷ്ണത പ്രദൎശിപ്പിക്കുന്നുണ്ട്. അടുത്തു കാലത്ത് ഹിന്ദുക്കളിൽനിന്ന് മാനസാന്തരപ്പെട്ടിട്ടുള്ള പുതുക്രിസ്ത്യവരുടെ സംഖ്യ ചങ്ങനാശ്ശേരി രൂപതയിൽത്തന്നെ 37961 ആകുന്നു. 17-ാം നൂററാണ്ടു മുതൽ അനേകം സുറിയാനി വൈദികർ കേരളത്തിലും പാണ്ടിയിലും തെക്കെ ഇന്ത്യയുടെ മററു ചില പ്രദേശങ്ങളിലുമുള്ള ലത്തീൻ രൂപതകളിൽ ഇടവകജോലിയും മിഷ്യൻ ജോലിയും നടത്തിയിരുന്നു. എന്നാൽ അവർ സുറിയാനിയിൽത്തന്നെയാണ് കുർബാന ചൊല്ലിയിരുന്നതു്.

ഈ അടുത്ത കാലത്തു് വേദപ്രചാരത്തിനും പൌരസ്ത്യറീത്തുകളുടെ പ്രോത്സാഹനത്തിനുമായി അനേകം ലത്തീൻ വൈദികർ ലത്തീൻറീത്തു ഉപേക്ഷിച്ചു പൌരസ്ത്യറീത്തുകൾ സ്വീകരിക്കുന്നതായി 22-ാം ലക്കത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഇതേനയാതന്നെ അനേകം സുറിയാനിക്കത്തോലിക്കരും സ്വീകരിച്ചുവരുന്നു. സുറിയാനിക്കാർ സ്ഥിരമായി താമസിക്കാത്ത, ലത്തീൻകാർ മാത്രം അധിവസിക്കുന്ന, ലത്തീൻ രൂപതകളിൽ സുറിയാനിറീത്തു് പരിപാലിക്കാനും വൈദികർ സുറിയാനിറീത്തിൽ കുർബാന ചൊല്ലാനും ആവശ്യമില്ലല്ലോ. ആകയാൽ ലത്തീൻകാർ മാത്രമുള്ള രൂപതകളിൽ മിഷ്യൻജോലി ചെയ്യുവാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾ ലത്തീൻറീത്തു് സ്വീകരിച്ചു് ലത്തീനിൽ കുർബാന ചൊല്ലിക്കൊണ്ടു് വേദപ്രചാരം നടത്തുന്നതിനു് സുറിയാനി മേലദ്ധ്യക്ഷന്മാരുടെ അനുകൂലഅഭിപ്രായത്തോടെ തിരുസിംഹാസനം അനുവദിച്ചിട്ടുണ്ടു്. ഇപ്രകാരം ലത്തീൻറീത്തു് സ്വീകരിച്ചു് ലത്തീൻ രൂപതകളിൽ വേദപ്രചാരം നടത്തുന്ന പുരുഷന്മാരും സ്ത്രീകളും ഉൾപ്പെടെയുള്ള സുറിയാനിക്കത്തോലിക്കരുടെ തുക ഇപ്പോൾ ആയിരത്തോളമായിരിക്കുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള ലത്തീൻ രൂപതകളിൽ മിഷ്യൻവേല ചെയ്യുന്നതിന്നാഗ്രഹിക്കുന്ന സുറിയാനി യുവാക്കന്മാരെ ശേഖരിച്ചു, പ്രാരംഭപരിശീലനം നൽകുന്നതിനു് ഒരു അപ്പസ്തോലിക്കു് സ്കൂൾ (പെററിസെമ്മിനാരി) ഒരു സുറിയാനി വൈദികനായ പെ. ബ. വെള്ളരിങ്ങാട്ടച്ചൻ സ്ഥാപിച്ചു നടത്തിവരുന്നുണ്ടു്. ഈ സ്കൂളിൽനിന്നും ആണ്ടുതോറും അനേകം സുറിയാനി യുവാക്കന്മാർ ഇന്ത്യയിലെ വിവിധ ലത്തീൻ രൂപതകളിലും ലത്തീൻ സന്യാസസഭകളിലും പ്രവേശിച്ചു് മിഷ്യൻവേലക്കു് തയ്യാറാകുന്നു. കേരളത്തിനു് പുറത്തുള്ള ലത്തീൻ രൂപതകളിൽ ഇപ്പോൾ വേലചെയ്യുന്ന സ്വദേശവൈദികരിൽ നാലിലൊന്നു് ലത്തീൻറീത്തു് സ്വീകരിച്ച സുറിയാനിക്കാർതന്നെയാണു്. ആളുകൊണ്ടു മാത്രമല്ല; അർത്ഥംകൊണ്ടും ലത്തീൻ രൂപതകളിലെ മിഷ്യൻവേലയെ സുറിയാനിക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ടു്. വിശാഖപട്ടണം മുതലായ രൂപതകളിലേക്കു് സുറിയാനി രൂപതകളിൽനിന്നു് ആണ്ടുതോറും വളരെ പണം പിരിച്ചു അയച്ചുകൊടുത്തുകൊണ്ടു് അവിടങ്ങളിലെ മിഷ്യൻവേലയെ സുറിയാനിക്കാർ ത്വരിപ്പിച്ചുകൊണ്ടിരിക്കുന്നു. മലബാറിൽനിന്നും ചില ലത്തീൻ വൈദികർ പണപ്പിരിവിന്നായി സുറിയാനി രൂപതകളിൽ ചുററി സഞ്ചരിച്ചു സഹായമർത്ഥിച്ചപ്പോൾ സുറിയാനിക്കാർ ആ വൈദി

കൾക്ക് ഉദാരമായ സംഭാവന നൽകിയിട്ടുണ്ടല്ലോ. മേൽപ്രസ്താവിച്ചവകളിൽനിന്നും സ്പഷ്ടമാകുന്നതു്, വേദപ്രചാരത്തിനു് റീത്തുമാറുന്നതു് സൌകര്യപ്രദമാണെങ്കിൽ അങ്ങിനെ ചെയ്യുന്നതിനും സുറിയാനി വൈദികർ തയ്യാറാണെന്നാണു്.

എന്നാൽ ലത്തീൻ രൂപതകളിൽ സുറിയാനിക്കാർ കൂട്ടമായി കുടിയേറിപ്പാർത്തു് സ്ഥിരതാമസക്കാരാകുന്നെങ്കിൽ അവർ സുറിയാനി റീത്തു് ഉപേക്ഷിക്കേണ്ട യാതോരാവശ്യവും ഇല്ല. അങ്ങിനെ ഉപേക്ഷിക്കണമെന്നു് തിരുസിംഹാസനം ആഗ്രഹിക്കുന്നുമില്ല അവർ അവരുടെ സുറിയാനിറീത്തു് പാലിക്കുന്നതിനു് അവർക്കു സുറിയാനി റീത്തുകാരായ വൈദികർ ഉണ്ടാകണമെന്നാണു് തിരുസിംഹാസനത്തിൻെറ നയം. (ലക്കം 19) സുറിയാനിക്കാർ കൂട്ടമായി സ്ഥിരതാമസം ചെയ്യുന്ന സ്ഥലങ്ങളിൽ അവർക്കുവേണ്ടി വൈദികർ സുറിയാനിയിൽ കുർബാന ചൊല്ലുന്നതു വേദപ്രചാരത്തിനു് ഒരു വിധത്തിലും തടസ്സമല്ല. സുറിയാനി റീത്തിലും വേദപ്രചാരം ഫലപ്രദമായി നടത്താവുന്നതാണു്, നടത്തുന്നുമുണ്ടു്. ആകയാൽ വടക്കെ മലബാറിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാർക്കു്,അവിടുത്തെ കത്തോലിക്കരുടെ ബഹുഭൂരിപക്ഷംതന്നെ ആയിത്തീർന്നിരിക്കുന്ന സുറിയാനിക്കാർക്കു് സുറിയാനി റീത്തുകാരായ വൈദികരെ അവിടുത്തെ ലത്തീൻ അധികാരികൾ അനുവദിച്ചു കൊടുക്കുന്നതിന്നു് ശക്തിമത്തായ ന്യായമുണ്ടു്. പൌരസ്ത്യറീത്തുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ഇടയിൽ കൂടുതൽ സൌകര്യമായി വേദപ്രചാരം നടത്തുന്നതിനും തിരുസ്സഭയുടെ നിർദ്ദേശപ്രകാരം ലത്തീൻറീത്തുപേക്ഷിച്ചു പൌരസ്ത്യ റീത്തുകൾ സ്വീകരിച്ചിട്ടുള്ള യൂറോപ്പിലെ ലത്തീൻ വൈദികരെ അനുകരിക്കുന്നതിനു്, മലബാറിലെ ലത്തീൻ വൈദികർക്കു് ഒരുക്കമില്ലെങ്കിൽ, കുറഞ്ഞപക്ഷം സുറിയാനിക്കാരുടെ കുടിയേററ സ്ഥലങ്ങളിൽ അവരുടെ റീത്തു പാലിക്കുന്നതിനും അവരെ സഹായിക്കുന്നതിനും വൈദികസഹായം അവർക്കു കൊടുക്കുന്നതിനും, സുറിയാനി വൈദികർ പ്രവേശിക്കുന്നതിനു് അവർക്കു പ്രതിബന്ധമുണ്ടാക്കാതിരിക്കയെങ്കിലും ചെയ്യണമെന്നു് അപേക്ഷിക്കുന്നു. ലത്തീൻ വൈദികർ വെറും ലത്തീനതപത്തിനു് അതീതരായി റീത്തുസംബന്ധമായിട്ടും സാക്ഷാൽ കത്തോലിക്കാപം ആദരിക്കണമെന്നു് പ്രതീക്ഷാപൂർവ്വം അഭ്യർത്ഥിക്കുന്നു.

14. സുറിയാനി വൈദികർ വടക്കെ മലബാറിൽ പ്രവേശിക്കുന്നതു് വേദപ്രചാരത്തിനും കത്തോലിക്കാ സഭയുടെ നാനാതരമായ അഭിവൃദ്ധിക്കും ഉതകുന്നതാണ്:—ഉത്തരകേരളത്തെ മുഴുവൻ ഉൾപ്പെടുത്തുന്ന കോഴിക്കോട്ടു് രൂപത, അഞ്ചു സുറിയാനി രൂപതകളും മൂന്നു ലത്തീൻ രൂപതകളും ഉൾപ്പെടുന്ന മദ്ധ്യകേരളത്തോടു് അടുത്തു വിസ്താരവും ജനസംഖ്യയും ഉള്ളതാകുന്നു. അതിനു് 5,300ഓളം ച.മൈൽ വിസ്താരവും, കത്തോലിക്കരല്ലാത്ത 3,818,000 ജനങ്ങളും ഉണ്ടു്. ഇത്ര ഇത്ര വിസ്തൃതവും ജനനിബിഡവുമായ ഈ പ്രദേശത്തു മിഷ്യൻവേല ചെയ്യുന്നതിനു ആകെ യൂറോപ്യന്മാരുൾപ്പെടെ 71 വൈദികർ മാത്രമാണുള്ളതു് എന്നു കഴിഞ്ഞകൊല്ലത്തെ കാത്തലിക്ക ഡിറക്ടറിയിൽ കാണുന്നു. അതിനുശേഷം വൈദികരുടെ സംഖ്യ അല്പം വദ്ധിച്ചിട്ടുണ്ടാവാം. എന്നാൽ 6,430 ച. മൈൽ വിസ്താരവും കത്തോലിക്കരല്ലാത്ത 3,816,000 ജനങ്ങളും ഉള്ള മദ്ധ്യകേരളത്തിൽ സുറിയാനി ലത്തീൻ റീത്തുകളിലായി ആകെ സ്വദേശികളായി 1,482 വൈദികരുണ്ടു്. ആകയാൽ മദ്ധ്യകേരളത്തിൽ വേദപ്രചാരവേലക്കു നാലു ച മൈലിനും, 2,575 അകത്തോലിക്കർക്കും, ഒരു വൈദികൻ വീതമുള്ളപ്പോൾ, കോഴിക്കോട്ടു രൂപതയിൽ 66 ച: മൈലിനും 47,725 അകത്തോലിക്കർക്കും; ഒരു വൈദികൻ മാത്രമെയുള്ളു. താഴെ കാണിച്ചിരിക്കുന്ന പട്ടികയിൽനിന്നു ഇതു വിശദമാകുന്നു.

| ഘടകം | ഉത്തര കേരളം | മദ്ധ്യ കേരളം |
|---|---|---|
| വിസ്താരം ച: മൈൽ | 5,294 | 6,430 |
| കത്തോലിക്കരല്ലാത്ത ജനം | 3,818,000 | 3,816,000 |
| വൈദികർ | 80 | 1,482 |
| ഒരു വൈദികനു വേദപ്രചാരത്തിനു | | |
| വിസ്തീർണ്ണം ച. നാ. | 66 | 4 |
| ,, ,, ,, അകത്തോലിക്കർ | 47,725 | 2,575 |

സുറിയാനി റീത്തുകാരായ വൈദികരെ വടക്കെ മലബാറിൽ സ്വീകരിച്ചാൽ ഈ നിലക്കും ആശാസ്യമായ മാററം വരുന്നതാണു്. സുറിയാനിവൈദികർ സുറിയാനിക്കാരുടെ ആത്മീയകാര്യം അന്വേഷിക്കുക മാത്രമല്ല, മദ്ധ്യകേരളത്തിൽ ചെയ്യുന്നതുപോലെ വേദപ്രചാര ജോലിയിലും ഏർപ്പെടുന്നതാണു്. വേദപ്രചാരം ലത്തീൻറീത്തിൽക്കൂടി

മാത്രമെ നടത്താവൂ എന്നും, ക്രിസ്ത്യതരർ ലത്തീൻറീത്തു സ്വീകരിച്ചാൽ
മാത്രമെ അവൎക്കു സ്വൎഗ്ഗപ്രവേശനം ലഭിക്കയുള്ളു എന്നും, ഈ ശോ
മ്ശിഹായോ തിരുസിംഹാസനമൊ തീരുമാനിച്ചിട്ടില്ല. സു റിയാനി
റീത്തും വേദപ്രചാരത്തിന്നും ആത്മരക്ഷക്കും ഒരുപോലെ ഉപകരിക്കുന്ന
താണു്. മാത്രമല്ല, വടക്കെ മലബാറിൽ ആകെ 35,000 (അഥവാ
70,000) കത്തോലിക്കരെയുള്ളു എന്നിരുന്നാലും, അവർ 5,294 ച:
മൈൽ വിസ്താരത്തിൽ ചിതറിക്കിടക്കുന്നതിനാൽ, അവരുടെ ആത്മീയ
അന്വേഷണത്തിന്നു 71 അഥവാ 80 വൈദികർ തീരേ അപൎയ്യാപ്തമാ
ണു്. സുറിയാനി കുടിയേററക്കാരുടെ അനേക ഡസൻ കോളനിക
ളിൽ ഇപ്പോഴും സ്ഥിരതാമസക്കാരായ വൈദികരില്ല. ഒരു ലത്തീൻ
വൈദികനു് ഈ കോളനികളിൽ ഇപ്പോഴും നാലോ അതിലധികമോ
പള്ളികളിൽ വീതം കുർബാന ചൊല്ലേണ്ടതുണ്ടു്. ഈ കോളനികളാ
കട്ടെ തമ്മിൽ തമ്മിൽ വളരെ അകലത്തിൽ സ്ഥിതിചെയ്യുന്നു. യാത്ര
ക്കുള്ള സൗകൎയ്യവും വളരെ കുറവാണു്. ആകയാൽ ഈ കോളനിക
ളിൽ പലതിലും മാസത്തിൽ ഒരു ഞായറാഴ്ചപോലും കുർബാനയു
ണ്ടാകുന്നതിന്നു വളരെ പ്രയാസമാണു്. മദ്ധ്യകേരളത്തിൽ പ്രതിദിനം
കുർബാന കാണുന്നതിന്നു സൌകൎയ്യമുണ്ടായിരുന്ന സുറിയാനിക്കാൎക്കു,
മലബാറിൽ മാസത്തിൽ ഒരു ഞായറാഴ്ചപോലും കുർബാന കാണാൻ
സാധിക്കാതിരിക്കുന്നതു് അവൎക്കു വളരെ സങ്കടകരമാണു്. അവരുടെ
ആത്മസുസ്ഥിതിക്കു ഇതു ആപൽക്കരവുമാണു്. ആകയാൽ ഏതു വിധ
ത്തിൽ നോക്കിയാലും, സുറിയാനി റീത്തുപാലനത്തിന്നു മാത്രമല്ല, ആ
ത്മരക്ഷാപരമായ വേലതുടരിപ്പിക്കുന്നതിന്നും, കുടിയേററക്കാരുടെ
നാനാമുഖമായ അഭിവൃദ്ധിക്കും, സുറിയാനി വൈദികരെക്കൂടി വടക്കെ
മലബാറിൽ സ്വീകരിക്കേണ്ടതു് അത്യാവശ്യംതന്നെയാണു്.

# മൂന്നാം അദ്ധ്യായം

## കത്തോലിക്കാസഭയുടെ ദൃഷ്ടിയിൽ റീത്തുകളെല്ലാം സമമാണ്. റീത്തുമാററം അനധികൃതമാണ്.

### 15. കത്തോലിക്കാസഭയ്ക്കു ഒരു പൊതുറീത്തില്ല.

ലത്തീൻറീത്തു ലത്തീൻസഭയുടെ മാത്രം റീത്താണ്. കത്തോലിക്കാസഭയുടെ പൊതുറീത്തല്ല. എല്ലാ റീത്തുകളും കത്തോലിക്കാസഭയുടെ റീത്തുകളാണ്. എല്ലാ റീത്തുകളും സമമാണ്. സമമെന്നു മാർപ്പാപ്പാമാർ പ്രഖ്യാപിക്കയും ചെയ്യുന്നു. സുറിയാനി മെത്രാന്മാർ ഇല്ലാത്ത സ്ഥലങ്ങളിൽ താമസിക്കുന്ന സുറിയാനിക്കാർ ആ സ്ഥലത്തു സുറിയാനിമെത്രാൻ ഉണ്ടാകുന്നതുവരെ, നിയമപ്രകാരം സ്ഥലത്തുള്ള ഇതര റീത്തിൽപ്പെട്ട — ലത്തീൻ റീത്തിൽപ്പെട്ട—മെത്രാൻെറ അധികാരത്തിലാണെങ്കിലും, അവർ ലത്തീൻ റീത്തുകാരാകുന്നില്ല; ലത്തീൻ റീത്തു സ്വീകരിക്കുന്നതിന്നു അവരെ നിർബന്ധിക്കയോ പ്രേരിപ്പിക്കയോ ചെയ്യുന്നതു സഭാനിയമത്തിന്നു കടകവിരോധവുമാണ്, അപ്രകാരം മാർപ്പാപ്പാമാരും സഭാനിയമവും സ്പഷ്ടമായി പ്രഖ്യാപിക്കയും ചെയ്യുന്നു. (ലക്കം 12)

"സുറിയാനി റീത്തിനു് പരിശുദ്ധ സിംഹാസനത്തിൽനിന്നു അനുമതി ലഭിച്ചിട്ടുണ്ടെന്നെയുള്ളു. ലത്തീൻ റീത്താണു് സഭയിൽ പ്രാധാന്യമർഹിക്കുന്നതു്. എന്നിങ്ങിനെ തല്പരകക്ഷികൾ പ്രസ്താവിക്കുന്നെങ്കിൽ, അതു സ്വാർത്ഥ താല്പര്യങ്ങൾ സ്ഥാപനത്തിന്നു ചെയ്യുന്ന അജ്ഞതാപൂർണ്ണമായ ഒരു പ്രസ്താവന മാത്രമായി അതിനെ പരിഗണിക്കവാനെ നിവൃത്തിയുള്ളു. ഇങ്ങനെയുള്ള പ്രസ്താവനകളൊ, ശാപങ്ങളൊ കേട്ടു സുറിയാനി കത്തോലിക്കർ പരിഭ്രമിക്കേണ്ടയാവശ്യമില്ല. ഈ പ്രസ്താവനയെ അതർഹിക്കുന്ന അവജ്ഞയോടെ പരിപൂർണ്ണമായി അവഗണിക്കേണ്ടതാകുന്നു.

സുറിയാനിറീത്തും ഗ്രീക്കറീത്തും ശ്ലീഹാകാലം മുതൽ ഉള്ളതാണു്. അവയുടെ ആസ്തിക്യത്തിനും, തുടച്ചക്കും തിരുസിംഹാസനത്തിൻെറ പ്രത്യേക അനുവാദം ആവശ്യമായിരുന്നില്ല. സഭാനിയമപ്രകാരം എല്ലാ റീത്തുകളുടേയും പരമമായ സംരക്ഷണം മാർപ്പാപ്പാമാരി

ലാണ് സ്ഥിതിചെയ്യുന്നത്. ആകയാൽ റീത്തുകളിൽ എന്തെങ്കിലും ഭേദഗതി ചെയ്യുന്നതിനു തിരുസിംഹാസനത്തിൻെറ അനുവാദം വേണ്ടിയിരിക്കുന്നു.

തിരുസ്സഭയിലെ റീത്തുകളിലെ ജനസംഖ്യ, കാലാകാലങ്ങളിൽ എത്ര വ്യത്യാസപ്പെട്ടിരുന്നാലും, റീത്തുകൾ എന്ന നിലയിൽ അവയെല്ലാം സമമാണ്. ലോകത്തിലെ സ്വതന്ത്ര രാജ്യങ്ങൾ ജനസംഖ്യയിലും വിസ്തീർണ്ണത്തിലും എത്ര വ്യത്യാസപ്പെട്ടിരുന്നാലും സ്വതന്ത്രരാജ്യങ്ങൾ എന്ന നിലയിൽ അവയെല്ലാം സമമാണ്. സ്വാതന്ത്ര്യത്തിൻെറ അവകാശം അവക്കെല്ലാം ഒന്നുപോലെയുണ്ട്. ഒന്നു മറ്റൊന്നിനു കീഴല്ല. വലിയ രാജ്യങ്ങൾക്കു ചെറിയ രാജ്യങ്ങളെ വിഴുങ്ങുന്നതിനു അവകാശമില്ല ഇതുപോലെതന്നെ ജനസംഖ്യയിൽ മികച്ചുനില്ക്കുന്ന റീത്തുകൾക്കു ജനസംഖ്യ കുറഞ്ഞ റീത്തുകളെ ഇല്ലാതാക്കാൻ ഒരവകാശവുമില്ല.

കത്തോലിക്കാ സഭയുടെ പ്രാരംഭ ശതാബ്ദങ്ങളിൽ ലത്തീൻഭാഷ ഉപയോഗിക്കുന്ന ഒരു റീത്തു ഇല്ലായിരുന്നു. ലത്തീൻഭാഷയിൽ റീത്തു ആവിർഭവിച്ചതിൻെറ ശേഷവും പല നൂററാണ്ടുകളോളം കത്തോലിക്കാസഭയിലെ ബഹുഭൂരിപക്ഷവും ലത്തീൻകാരല്ലായിരുന്നു. പ്രത്യുത പൌരസ്ത്യറീത്തുകാരായിരുന്നു. ഇസ്ലാംമതത്തിൻെറയും ശീശ്മകളുടേയും പ്രചാരമാണ് ഈ സ്ഥിതിയിൽ മാററമുണ്ടാകുന്നതിന്നിടയാക്കിയ ഒരു പ്രധാന കാരണം. അതേസമയം മതപ്രചരണത്തിൽ ലത്തീൻ മിഷ്യനറിമാർ തീക്ഷ്ണതാപൂർവ്വം പ്രവർത്തിച്ചു. ഇക്കാരണങ്ങളാൽ ജനസംഖ്യയിൽ ലത്തീൽറീത്തിനു പ്രാബല്യം സിദ്ധിക്കയുണ്ടായി. എന്നിരുന്നാലും ലത്തീൻറീത്തു കത്തോലിക്കാ സഭയുടെ പൊതുറീത്തല്ല. റീത്തുകൾ എന്ന നിലയിൽ എല്ലാ റീത്തുകളും സമമാണ്.

16. റീത്തുകൾ എല്ലാം സമമാണെന്നു മാർപ്പാപ്പാമാർ പ്രസ്താവിക്കുന്നു:-

XVാം ബനദീക്തോസ് മാർപ്പാപ്പ 1917-ൽ ചെയ്ത പ്രസ്താവനയിൽനിന്നു ഒരുഭാഗം ഇവിടെ ഉദ്ധരിക്കുന്നു. "ഈശോമ്ശിഹായുടെ സഭ ലത്തീൻസഭയല്ല, ഗ്രീക്കുസഭയല്ല, സ്ലാവുസഭയുമല്ല, അതു കത്തോലിക്കാസഭയാണ്. ആകയാൽ കത്തോലിക്കാസഭയുടെ സന്താനങ്ങളെ സംബന്ധിച്ചു സഭക്കു യാതൊരു വ്യത്യാസവുമില്ല. ഗ്രീക്കു (റീത്തു) കാരും, ലത്തീൻ (റീത്തു) കാരും, സ്ലാവു (റീത്തു) കാരും മററു ജനതകളുടെ അംഗങ്ങളും എല്ലാം ശ്ലൈഹിക സിംഹാസനത്തിൻെറദൃഷ്ടിയിൽ സമന്മാരാണ്." കത്തോലിക്കാ സഭയുടെ നിയമവും ഈ തത്വം സ്പഷ്ടമായി 98-ാം കാനോനിൽ വിശദമാക്കിയിരിക്കുന്നു.

## 17. സുറിയാനി റീത്തുപേക്ഷിച്ചു ലത്തീൻറീത്തു സ്വീകരിക്കുന്നതിനു കത്തോലിക്കാസഭ ആവശ്യപ്പെടുന്നില്ല. റീത്തുമാററം തിരുസ്സഭ മുടക്കുന്നു:—

പൌരസ്ത്യ റീത്തുകളെ സംരക്ഷിക്കുന്നതിനു തിരുസിംഹാസനം എക്കാലത്തും ശ്രദ്ധ പതിച്ചിട്ടുണ്ടു്. കത്തോലിക്കാസഭയുടെ റീത്തു ലത്തീൻറീത്തു മാത്രമായിരിക്കണം എന്ന അബദ്ധ സമ്പൂർണ്ണമായ ആഗ്രഹം നിമിത്തം പൌരസ്ത്യ റീത്തുകളിൽ ലത്തീൻറീത്തിനനുസരണമായി അനധികൃതമായ മാററങ്ങൾ വരുത്തുന്നതിനും, പൌരസ്ത്യ റീത്തുകാരെ ലത്തീൻ റീത്തുകാരാക്കുന്നതിനും, പന്ത്രണ്ടാം നൂററാണ്ടുമുതൽ ചില ലത്തീൻ മിഷ്യനറിമാർ ശ്രമിച്ചിട്ടുണ്ടു്. വഴിപിഴച്ച ഈ പരിശ്രമങ്ങളെ മാർപ്പാപ്പാമാർ തീക്ഷ്ണതാപൂർവ്വം അപലപിച്ചിട്ടുള്ളതിനു് മൂന്നാം ഇന്നസൻറു് മാർപ്പാപ്പായുടെ കാലംമുതൽ (1198 A. D) പന്ത്രണ്ടാം പീയൂസ് പാപ്പായുടെ കാലംവരെ തിരുസിംഹാസനം പുറപ്പെടുവിച്ചിട്ടുള്ള വിവിധ കല്പനകൾ സാക്ഷ്യം വഹിക്കുന്നു. "പൌരസ്ത്യ റീത്തുകാർ കത്തോലിക്കരായിരിക്കണം. അവർ ലത്തീൻകാരാകുന്നതിനു് യാതൊരാവശ്യവുമില്ല." എന്നു XIVാം ബനദീ മാർപ്പാപ്പാ അസന്നിഗ്ദ്ധമായി പ്രസ്താവിക്കുന്നു.

അനധികൃതമായി റീത്തുമാറുന്നതും റീത്തു മാററുന്നതും എക്കാലത്തും മുടക്കപ്പെട്ടിട്ടുള്ളതാണു്. പ്രൊപ്പഗാന്താതിരുസ്സംഘം 1757-ൽ പുറപ്പെടുവിച്ച കല്പനയിൽ ഈ ചരിത്രസത്യം വിശദമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. തിരുസ്സംഘം പ്രസ്താവിക്കുന്നതു് ഇപ്രകാരമാണു്. "പരിശുദ്ധ സിംഹാസനത്തിൻെറ അനുമതി കൂടാതെ പൌരസ്ത്യ റീത്തുകാർ അവർ ഏതു ജാതിയിൽ പെട്ടവരായിരുന്നാലും പൌരസ്ത്യറീത്തു് ഉപേക്ഷിച്ചു ലത്തീൻറീത്തു് സ്വീകരിക്കുന്നതു് എക്കാലത്തും ഇപ്പോഴ്ം മുടക്കപ്പെട്ടിട്ടുള്ളതാണു്. പൌരസ്ത്യ റീത്തുകാരെ, അവർ ഏതു ജാതിയിൽ പെട്ടവരായിരുന്നാലും, ലത്തീൻ റീത്തിലേക്കു സ്വീകരിക്കുന്നതിനു യാതൊരു മിഷ്യനറിക്കും ഒരുകാലത്തും അനുവാദമില്ലായിരുന്നു. ഇപ്പോഴും അനുവാദമില്ല."

മാർപ്പാപ്പാമാർ എത്രഎത്ര കല്പനകൾ പുറപ്പെടുവിച്ചിരുന്നാലും അവയെ മറന്നുകൊണ്ടു അഥവാ ലത്തീൻ റീത്തിൻെറ പ്രചാരത്തിലുള്ള ആവേശം നിമിത്തം, മാർപ്പാപ്പാമാരുടെ കല്പനകളെ ധിക്കരിച്ചുകൊണ്ടു ചില ലത്തീൻ മിഷ്യനറിമാർ, പൌരസ്ത്യ റീത്തുകാരെ ലത്തീൻ റീത്തു

കാരാക്കുന്നതു് വേദപ്രചാരമായി കരുതി, തദനുസരണം പ്രവൎത്തിച്ചിരുന്നു. ഇപ്രകാരം ധിക്കാരപരമായി പ്രവൎത്തിക്കുന്ന ലത്തീൻ മിഷ്യനറിമാരെ അവരുടെ വഴിപിഴച്ച തീക്ഷ്ണതയിൽനിന്നു പിന്മാററുന്നതിന്നു പതിന്നാലാം ബനദീക്ടോസ് മാൎപ്പാപ്പാ 1743ൽ അംശമുടക്കും മററു ശിക്ഷകളും കല്പിക്കയുണ്ടായി. പതിമ്മൂന്നാം ലെയോൻ മാൎപ്പാപ്പായാകട്ടെ, പൌരസ്ത്യ റീത്തുകാരെ ലത്തീൻ റീത്തിലേക്കു മാററുന്നതിന്നു ഉപദേശിക്കയൊ, പ്രേരിപ്പിക്കയൊ ചെയ്യുന്ന ലത്തീൻ മിഷ്യനറിമാൎക്കു 1894-ൽ ഉദ്യോഗബഹിഷ്കരണം എന്ന ശിക്ഷകൂടെ നിശ്ചയിക്കയും ഈ കല്പനയുടെ പ്രതികൾ ലത്തീൻപള്ളികളിൽ ജനങ്ങളുടെ അറിവിന്നായി സ്ഥാപിച്ചിരിക്കണമെന്നു നിൎദ്ദേശിക്കയും ചെയ്തു. ഇപ്രകാരമുള്ള കല്പനകളുടെ സാരാംശങ്ങൾ പുതിയ കാനോൻ നിയമസംഹിതയിൽ 98-ാം കാനോനിലും മററും ഉൾപ്പെടുത്തിയിട്ടുണ്ടു്. (ലക്കം 12)

18. വടക്കെ മലബാറിൽ സുറിയാനി റീത്തു പാടില്ല എന്ന ലത്തീൻ വാദം നിഷിദ്ധമാണു്. കത്തോലിക്കാസഭയുടെ ഏകത്വം വിശ്വാസത്തിലും നേതൃത്വത്തിലുമാണു്, റീത്തിൽ അല്ല.

മതവിശ്വാസത്തിൽ എന്നതുപോലെ റീത്തുകാൎയ്യത്തിലും കത്തോലിക്കാസഭയിൽ ഏകത്വം വേണമെന്നും, ഭൂരിപക്ഷറീത്തായ ലത്തീൻ റീത്തു സാൎവ്വത്രികമാക്കി ഈ ഏകത്വം സൃഷ്ടിക്കണമെന്നും, ലത്തീൻ റീത്തിനെ അല്ലാതെ പൌരസ്ത്യ റീത്തുകളെ കത്തോലിക്കാസഭയും തിരുസിംഹാസനവും പ്രോത്സാഹിപ്പിക്കുന്നതല്ലെന്നും, പൌരസ്ത്യ റീത്തുകളുടെ പ്രചരണം തിരുസിംഹാസനം നിരുത്സാഹപ്പെടുത്തുന്നു എന്നും മലബാറിൽ കുടിയേറിപ്പാൎക്കുന്ന സുറിയാനിക്കാർ സുറിയാനിറീത്തു പാലിക്കുന്നതിന്നു ആഗ്രഹിക്കുന്നതും അതിന്നായി പ്രയത്നിക്കുന്നതും കത്തോലിക്കത്വമല്ലെന്നും, മററും സാധുക്കളായ കുടിയേററക്കാരെ തെററിദ്ധരിപ്പിച്ചു ലത്തീൻറീത്തു അവരുടെ മേൽ ശാശ്വതമായി കെട്ടിയേല്പിക്കുന്നതിന്നു സംഘടിതമായ ഒരു പരിശ്രമം നടന്നുകൊണ്ടിരിക്കുന്നു എന്നു പലൎക്കും അനുഭവപ്പെടുന്നുണ്ടല്ലൊ. ഈ പരിശ്രമവും അതിനെ ന്യായീകരിക്കുന്നതിന്നു കൊണ്ടുവരുന്ന വാദങ്ങളും സാക്ഷാൽ കത്തോലിക്കാ ചൈതന്യത്തിനും തിരുസിംഹാസനത്തിന്റെ പ്രഖ്യാപിത നയത്തിനും, നിൎദ്ദേശത്തിനും പ്രവൎത്തന പരിപാടികൾക്കും കടകവിരുദ്ധമായ, വെറും സ്വാൎത്ഥപരവും അനീതികരവും, ലത്തീൻ മമത നഗ്നരൂപത്തിൽ വെളിപ്പെടുത്തുന്നതും, കത്തോലിക്കാസഭയിൽ അനേ

കം അന്തഛിദ്രങ്ങൾക്കും നാശങ്ങൾക്കും കാരണമാക്കീട്ടുള്ളതുമായ സാ
ക്ഷാൽ കത്തോലിക്കർക്കു നിശ്ശേഷം അസ്വീകാര്യമായ, വഴിതെററിയ
ശുഷ്ക്കാന്തിയും, വെറും ലത്തീനത്വംസ്ഥാപിക്കുന്നതിനുള്ള ഒരു വിത
ണ്ഡവാദവും മാത്രമാണ്. കത്തോലിക്കാസഭക്കു ഒരു പൊതു റീത്തി
ല്ലെന്നു 5-ാംലക്കത്തിൽ സ്ഥാപിച്ചിട്ടുണ്ടല്ലോ

വിശ്വാസത്തിലും, സന്മാർഗ്ഗതത്വങ്ങളിലും, പൊതുഭരണത്തിലും,
ഉള്ള ഏകത്വമല്ലാതെ റീത്തുപരമായ ഏകത്വം സഭാസ്ഥാപകനായ
ഈശോമ്ശിഹായോ ദിവ്യരക്ഷകന്റെ സ്ഥാനത്തു തിരുസ്സഭയെ നയി
ക്കുന്നതിന്നും ഭരിക്കുന്നതിന്നും ചുമതലപ്പെട്ടവരായ മാർപ്പാപ്പാമാരോ ഒരു
കാലത്തും അഭിലഷിക്കയോ നിർദ്ദേശിക്കയോ ഉണ്ടായിട്ടില്ല. റീത്തി
ലുള്ള ഏകത്വം കർത്താവും ശ്ലീഹന്മാരും ഉദ്ദേശിച്ചിരുന്നെങ്കിൽ, പ്രഥമ
ശതാബ്ദങ്ങളിൽത്തന്നെ ഉപയോഗത്തിലിരുന്ന സുറിയാനിറീത്തോ
ഗ്രീക്കുറീത്തോ സാർവ്വത്രികറീത്താകുമായിരുന്നു. ലത്തീൻറീത്ത് ശ്ലീഹന്മാ
രുടെ കാലത്തു ഇല്ലാതിരുന്നതിനാൽ പിൽക്കാലങ്ങളിൽ ലത്തീൻറീത്ത്
എന്നൊരു റീത്തിന്നു ആസ്തിക്യംപോലും ഉണ്ടാകുമായിരുന്നില്ല. മാത്ര
മല്ല, കത്തോലിക്കാസഭയിലെ ഭൂരിപക്ഷറീത്ത് സാർവ്വത്രികറീത്തായി
ത്തീരണമെന്നു ഏതെങ്കിലും പ്രമാണം ഉണ്ടായിരുന്നെങ്കിൽ, ഇന്നു കത്തോ
ലിക്കാസഭയുടെ ഏക റീത്ത് പ്രഥമശതാബ്ദങ്ങളിൽ ഭൂരിപക്ഷറീത്താ
യിരുന്ന ഗ്രീക്കുറീത്തു മാത്രമായിരുന്നേനെ. ഈ നിലയിലും ലത്തീൻറീ
ത്തിന്നു ഇന്നു ലോകത്തിൽ ആസ്തിക്യം ഉണ്ടാകുമായിരുന്നില്ല. പ്രഥമ
ശതാബ്ദങ്ങളിൽ ഇല്ലാതിരുന്ന ഈ പ്രമാണം, റീത്തിലും ഏകത്വം പാ
ലിക്കണമെന്നുള്ള സങ്കല്പിതപ്രമാണം, പിൽക്കാലങ്ങളിൽ എപ്പോഴെ
ങ്കിലും സാർവ്വത്രികസഭയോ മാർപ്പാപ്പാമാരോ നിർമ്മിച്ചിട്ടില്ലായെന്നു മാ
ർപ്പാപ്പാമാരുടെ പ്രസ്താവനകൾ തെളിയിക്കുന്നു. ആകയാൽ റീത്തുപരമാ
യ ഏകത്വം ഒരു കാലത്തും തിരുസിംഹാസനത്തിന്റെ ആശയമായിരു
ന്നിട്ടില്ല, എന്ന് American National Catholic Almanac എന്ന
ലത്തീൻ പ്രസിദ്ധീകരണം (1948 P 265) ചെയ്തിട്ടുള്ള പ്രസ്താവന ഒരു
ചരിത്രസത്യം മാത്രമാണ്. വടക്കെമലബാറിലെ ലത്തീൻവാദികൾ
ഈ സത്യം ഇനിയെങ്കിലും മനസ്സിലാക്കിയിരുന്നെങ്കിൽ !

19. ലത്തീൻരൂപതകളിൽ കൂട്ടമായി സ്ഥിരതാമസം ചെയ്യുന്ന സുറിയാ
നിക്കാർക്കു സുറിയാനിറീത്തുപാലിക്കാൻ അവകാശമുണ്ട്. അതിന്നു
സൌകര്യം ഉണ്ടാകണം.

മലബാറിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാർക്കു, സുറിയാനി കുർബാന കാണുന്നതിന്നും, അതിനുവേണ്ടി സുറിയാനിവൈദികരെ ലഭിക്കുന്നതിന്നു പരിശ്രമിക്കുന്നതിന്നും അവകാശം ഉണ്ട്. ഈ അവകാശത്തെ ചോദ്യംചെയ്യുന്നതിനോ തടയുന്നതിനോ ലത്തീൻ വൈദികർക്കു പാടില്ലാത്തതാണ്. അവർ അങ്ങിനെ ചെയ്യുന്നതു് തിരുസ്സഭയുടെ നയത്തിന്നു എതിരുമാണ്. മാർപ്പാപ്പാ അദ്ധ്യക്ഷനായിരിക്കുന്ന പൌരസ്ത്യ തിരുസംഘം, മാർപ്പാപ്പായുടെ നിർദ്ദേശപ്രകാരം 1929 ഡിസംബർ 23-ാംനു- പ്രസിദ്ധപ്പെടുത്തിയ കല്പനയിൽനിന്നു ഇതു വിശദമാകുന്നു. സുറിയാനിക്കാരെസംബന്ധിച്ച ഈ കല്പനയുടെ സാരം താഴെവരുന്ന പ്രകാരമാണ്. സുറിയാനി രൂപതകൾക്കു പുറത്തു ലത്തീൻ രൂപതകളിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാർക്കു, അവരുടെ സുറിയാനിറീത്തു പാലിക്കുന്നതിന്നും സുറിയാനിയിൽ കുർബാന കാണുന്നതിന്നും കൂദാശകൾ സ്വീകരിക്കുന്നതിന്നും സാധിക്കണമെന്നാണ് കത്തോലിക്കാസഭയുടെ നയം. ഈ നയം അനുസരിച്ചു ഇതിനുവേണ്ട പരിതസ്ഥിതികളും സൌകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിന്നു കത്തോലിക്കാസഭ എല്ലാകാലങ്ങളിലും ജാഗരൂകത പ്രദർശിപ്പിച്ചിട്ടുണ്ട്. (ലക്കം 21)

പടിഞ്ഞാറെ ഏഷ്യയിൽനിന്നും, യൂറോപ്പിൽനിന്നും അമേരിക്കയിൽ കുടിയേറിപ്പാർത്തിട്ടുള്ള സുറിയാനിക്കാരും ഗ്രീക്കുകാരുമായ പൌരസ്ത്യറീത്തുകാരായ കത്തോലിക്കർക്ക്, അവരുടെ റീത്തുകളിൽ കുർബാന കാണുന്നതിന്നും കൂദാശകൾ സ്വീകരിക്കുന്നതിന്നും സ്വന്തറീത്തുകാരായ സുറിയാനിക്കാരും ഗ്രീക്കുകാരുമായ വൈദികരെ ഏഷ്യായിൽനിന്നും യൂറോപ്പിൽനിന്നും അമേരിക്കയിൽ വരുത്തി കുടിയേററക്കാരുടെ വികാരിമാരായി നിയമിച്ചു കൊടുക്കുന്നതിന് മാർപ്പാപ്പാ കല്പിക്കയുണ്ടായി. മാത്രമല്ല മെത്രാസനസ്ഥാപനത്തിന് മതിയായ ജനസംഖ്യയുള്ള ഗ്രീക്കുറീത്തുകാരായ കുടിയേററക്കാർക്ക് സ്വന്തറീത്തുകാരായ മെത്രാന്മാരേയും മാർപ്പാപ്പാ അമേരിക്കയിൽ നിയമിച്ചു കൊടുത്തിരിക്കുന്നു.

കോപ്ററ, അബിസ്സീനിയൻ, എന്നീ ആഫ്രിക്കാക്കാരൊഴിച്ചു, മററു എല്ലാ പൌരസ്ത്യറീത്തുകാരും അമേരിക്കയിലെ കുടിയേററ പ്രസ്ഥാനത്തിൽ സജീവമായ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നു. അവർക്കെല്ലാവർക്കും ഇപ്പോൾ സ്വന്തറീത്തിൽപെട്ട വൈദികരും പള്ളികളും

അവിടെ ഉണ്ടു്. ഗ്രീക്കുരുത്തീനിയൻ റീത്തുകാരായ കുടിയേററക്കാരുടെ ജനസംഖ്യ രൂപതാസ്ഥാപനത്തിനു് മതിയാകയാൽ അവക്കു മൂന്നു് ഗ്രീക്കുരൂപതകളേയും മെത്രാന്മാരേയും തിരുസിംഹാസനം നിയമിച്ചു കൊടുത്തു. അമേരിക്കയിലെ ലത്തീൻറീത്തുകാരിൽ ചിലർ പൌരസ്ത്യ റീത്തുകാരായ കുടിയേററക്കാരോടു് അനുവത്തിച്ച അനുഭാവരഹിതമായ നയവും അതിൻെറ ദൂഷ്യഫലങ്ങളും, ഈ കുടിയേററക്കാക്കും സ്വന്തറീത്തിൽ വൈദികരെ ലഭിക്കുന്നതിനു് എല്ലാ പ്രോത്സാഹനങ്ങളും ചെയ്തുകൊടുക്കുന്നതിനു് തിരുസിംഹാസനത്തെ പ്രേരിപ്പിച്ചു. ലത്തീൻ വൈദികരുടെ അനുഭാവരഹിതമായ പെരുമാററം നിമിത്തം, വേണ്ട മതപരിജ്ഞാനം ഇല്ലാതിരുന്ന ഗ്രീക്കുരുത്തീനിയൻ റീത്തിൽ പെട്ട അനേകം കുടിയേററക്കാർ ഗ്രീക്കുശീശ്മക്കാരായ വൈദികരെ ആശ്രയിക്കുന്നതിനും അവരുടെ പള്ളികളിൽച്ചേൎന്നു നടക്കുന്നതിനും ഇപ്രകാരം ശീശ്മക്കാരാകുന്നതിനും ഇടയായി എന്നു് ഫാദർ മാക്കമഹൻ പ്രസ്താവിക്കുന്നു. ("The shield," 1944, March, P. 4). ഇപ്രകാരമുള്ള ഒരു നാശം വടക്കെ മലബാറിൽ കുടിയേറിപ്പാക്കുന്ന ചില കത്തോലിക്കാ സുറിയാനിക്കാക്കും വന്നുകൂടാവുന്നതാണു്.

തിരുവിതാംകൂറിൽനിന്നു് യാക്കോബായ സുറിയാനിക്കാരും വടക്കെ മലബാറിൽ കുടിയേറിപ്പാക്കുന്നുണ്ടല്ലോ. അവരോടുകൂടി യാക്കോബായ വൈദികരും വന്നു് പള്ളികഠംവെച്ചു് അവരുടെ ആത്മീയ കാൎയ്യങ്ങഠം നടത്തുന്നു. "കൂടത്തായി" എന്ന സ്ഥലത്തും മററും ഇപ്രകാരം യാക്കോബായ പള്ളികഠംവെച്ചു യാക്കോബായ വൈദികർ മതശുശ്രൂഷകഠം നടത്തുന്നു. യാക്കോബായ മെത്രാന്മാരും കൂടെക്കൂടെയുള്ള സന്ദൎശനങ്ങഠം വഴി അവരെ പ്രോത്സാഹിപ്പിക്കുന്നു. കുടിയേററക്കാരായ യാക്കോബായ സുറിയാനിക്കാക്കു് സ്വന്തറീത്തുകാരായ വൈദികരും പള്ളികളും ഉണ്ടാകുന്നു. കത്തോലിക്കാ സുറിയാനിക്കാക്കു് സ്വന്തറീത്തുകാരായ വൈദികരും പള്ളികളും ഇല്ല. ലത്തീൻ വൈദികരും പള്ളികളും ആവശ്യത്തിനു് മതിയാകാതെയും ഇരിക്കുന്നു. അവർ സുറിയാനി റീത്തിനോടു് അനുഭാവരഹിതമായി പെരുമാറുകയും ചെയ്യുന്നു. ഈ പരിതസ്ഥിതികഠം സാധുക്കളായ കത്തോലിക്കാ സുറിയാനിക്കാരെ പ്രലോഭനങ്ങഠംക്കു് അധീനരാക്കി യാക്കോബായ വൈദികരുടെ വലയിൽ ചാടിക്കത്തക്കനില കൈവരുത്തിയേക്കാം. അങ്ങിനെയെങ്കിൽ അമേരിക്കയിലെ അനുഭവം മലബാറിൽ ആവത്തിക്കപ്പെട്ടേക്കാം.

അമേരിക്കയിലെ ഗ്രീക്കകുടിയേററക്കാരുടെ ശീശ്മയിലേക്കുള്ള ഒഴുക്ക തടയുന്നതിനു തിരുസിംഹാസനം പ്രയോഗിച്ച പ്രതിവിധികളിൽ പ്രധാനമായതു്; വിദൂരപ്രദേശങ്ങളായ പൌരസ്ത്യ യൂറോപ്പിൽനിന്നും ഏഷ്യായിൽനിന്നും സ്വന്തറീത്തുകാരായ വൈദികരുടെ അമേരിക്കയിലേക്കുള്ള പ്രവേശനത്തെ പ്രോത്സാഹിപ്പിച്ചതാണു്. ഈ നയത്തിനു മകുടം ചാൎത്തുന്ന ഒരു കല്പനയാണു പൌരസ്ത്യ തിരുസ്സംഘം 1929 ഡിസമ്പർ 23-ാംനു- പ്രസിദ്ധപ്പെടുത്തിയതു്.

20. <u>സ്വന്തറീത്തുകാരായ വൈദികരെ ലഭിക്കാനുള്ള മാൎഗ്ഗങ്ങൾ:—</u> ലത്തീൻ രൂപതകളിൽ കുടിയേറിപ്പാൎക്കുന്ന സുറിയാനിക്കാരാദിയായ പൌരസ്ത്യറീത്തുകാരായ കത്തോലിക്കാ അത്മേനികൾക്കു, സ്വന്തറീത്തു പാലിക്കാൻ വേണ്ട സ്വന്തറീത്തുകാരായ വൈദികരെ ലഭിക്കുന്നതിനു എങ്ങിനെയാണു പരിശ്രമിക്കേണ്ടതെന്നു തിരുസിംഹാസനംതന്നെ മേലുദ്ധരിച്ച 1929 ഡിസമ്പർ 23-ാംനു-യിലെ കല്പനയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കുടിയേററക്കാരായ സുറിയാനിക്കാൎക്കു സുറിയാനി വൈദികരെ നിയമിച്ചു തരുന്നതിനു മാൎപ്പാപ്പയോടു (1) ഡെലഗാദപ്പസ്തോലിക്കാ വഴിയോ (2) സുറിയാനി മെത്രാന്മാർ വഴിയോ (3) അവർ കുടിയേറിപ്പാൎക്കുന്ന സ്ഥലങ്ങളിലെ ലത്തീൻ മെത്രാന്മാർ വഴിയോ (4) അത്മേനികൾതന്നെ നേരിട്ടോ, ബോധിപ്പിക്കാവുന്നതാണു്.

# നാലാം അദ്ധ്യായം

## പൌരസ്ത്യ റീത്തുകൾക്കു തിരുസിംഹാസനം നൽകുന്ന പ്രോത്സാഹനം.

---

**21. പൌരസ്ത്യറീത്തുകളെ പ്രോത്സാഹിപ്പിക്കുന്നതിന്നു ആധുനിക മാർപ്പാപ്പാമാർ ചെയ്തിട്ടുള്ള ഔദ്യോഗിക പ്രസ്താവനകൾ.**

XIV–ാം ബ'നദീക്തോസ്, XIII–ാം ലിയോ, XV–ാം ബനദീക്തോസ്, XI–ാം പീയൂസ്, ഇപ്പോൾ ഭാഗ്യമായി വാഴുന്ന XII–ാം പീയൂസ് മുതലായ മാർപ്പാപ്പാമാർ, പൌരസ്ത്യറീത്തുകളുടെ സംരക്ഷണാർത്ഥം, അവയെ പ്രോത്സാഹിപ്പിക്കുന്നതിനു്, ചെയ്തിട്ടുള്ള പ്രസ്താവനകൾ നിരവധിയാണു്. ഈ പ്രസ്താവനകൾ എല്ലാംതന്നെ ഫാദർമാക്കു് മഹൻ ഫാദർ കീഗൻ, ഫാദർ റൊമയോത്തോമ്മസ് എന്നിവർ ഈ പുസ്തകത്തിൽ കാണിച്ചിട്ടുള്ള അവരുടെ ലേഖനങ്ങളിൽ ഉദ്ധരിച്ചിട്ടുണ്ടു്.

"പൌരസ്ത്യക്രിസ്ത്യാനികൾ കത്തോലിക്കരായിരിക്കണം, അവർ ലത്തീൻകാരാകേണ്ട ആവശ്യമില്ല" എന്നാണു് XIV–ാം ബനദീക്തോസ് മാർപ്പാപ്പാ പ്രസ്താവിക്കുന്നതു്. റീത്തുകൾ എല്ലാം സമമാണെന്നും, മ്ശിഹായുടെസഭ ലത്തീനോ, ഗ്രീക്കോ, സ്ലവോനിക്കോ അല്ല, അതു കത്തോലിക്കാമാത്രമാണെന്നും XV–ാം ബനദീക്തോസ് മാർപ്പാപ്പാ പ്രസ്താവിച്ചിട്ടുള്ളതു 16–ാം ഖണ്ഡികയിൽ ഉദ്ധരിച്ചിട്ടുണ്ടു്. സുറിയാനി റീത്തു വടക്കെ മലബാറിൽ പ്രവേശിക്കാതിരിക്കുന്നതിന്നു ചില ലത്തീൻമമതക്കാർ തീവ്രയത്നം നടത്തിക്കൊണ്ടിരിക്കയാണല്ലോ. ഇപ്രകാരമുള്ള വഴിപിഴച്ച യത്നങ്ങളെ XV–ാം ബനദീക്തോസ് മാർപ്പാപ്പാ ശപിച്ചിട്ടുണ്ടു്. "ചില പ്രദേശങ്ങളിൽ പൌരസ്ത്യറീത്തുകളെ നിരുത്സാഹിപ്പിക്കയോ വിലക്കുകയോ ചെയ്യുന്നതു പരിതാപകരംതന്നെയാണു്", എന്നാണു് മാർപ്പാപ്പ അരുളിച്ചെയ്തിട്ടുള്ളതു്. Encyclical "Maxime Illud" പരിതാപകരമെന്നു തിരുസ്സഭയുടെ തലവൻ അസന്നിഗ്ധമായി അലപിച്ചിട്ടുള്ള ഈ റീത്തുവിദ്വേഷം സാധൂകരിക്കത്തക്കതോഎന്നു ചിന്തിച്ചുനോക്കുക. കത്തോലിക്കാ ഐക്യത്തിൽനിന്നു വേർപെട്ടുനില്ക്കുന്ന പൌരസ്ത്യറീത്തുകാരോടുപോലും ലത്തീൻകാർ അവജ്ഞ പ്രദർശിപ്പിക്കരുതെന്നും പ്രത്യുത ആദരവും പരിപൂർണ്ണമായ അനുകമ്പയുമാണു്

ഈ പൌരസ്ത്യറീത്തുകാം അർഹിക്കുന്നതു എന്നുമാണ് XI–ാം പീയൂസ് മാർപ്പാപ്പ 1927–ൽ നിർദ്ദേശിച്ചിട്ടുള്ളതു്. പൌരസ്ത്യറീത്തുകാരായ കത്തോലിക്കരെസംബന്ധിച്ച എത്രകണ്ടു കൂടുതലായ ആദരവും അനുകമ്പയുമാണ് ലത്തീൻകാർ പ്രദർശിപ്പിക്കേണ്ടതു്. പൌരസ്ത്യ തിരുസംഘംവഴിയായി XI–ാം പീയൂസ് 1929–ൽ തിരുസിംഹാസനത്തിന്റെ നയമായി പ്രഖ്യാപിച്ചിട്ടുള്ളതു്, ലത്തീൻ രൂപതകളിൽ കുടിയേറിപ്പാർക്കുന്ന ഓരോ പൌരസ്ത്യറീത്തുകാരും "അവർ ലത്തീൻ കത്തോലിക്കരുടെ ഇടയിൽ വസിച്ചിരുന്നാലും അവർ സ്വന്തറീത്തു ഉപയോഗിക്കുന്നതിനു് പ്രാപ്തരാക്കപ്പെടണം" എന്നാണ്. മലബാറിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാരുടെ കാര്യത്തിൽ എന്തുകൊണ്ടാണ് തിരുസിംഹാസനത്തിന്റെ ഈ നയം സ്വീകരിക്കപ്പെടാത്തതു്? ഇപ്പോം ഭാഗ്യമായി വാഴുന്ന XII–ാം പീയൂസ് മാർപ്പാപ്പായുടെ നയവും മുൻഗാമികളുടേതിൽനിന്നും വ്യത്യസ്ഥമല്ല. പ. പിതാവു താഴെ കാണിക്കുന്ന പ്രസ്താവനയിൽ ഈ നയം പ്രസ്പഷ്ടമാക്കിയിരിക്കുന്നു. "പാശ്ചാത്യ (ലത്തീൻ)സഭ പൌരസ്ത്യസഭയുടെ നേരെ സൽമനസ്സ് പ്രദർശിപ്പിക്കണം റീത്തുസംബന്ധമായും മററുമുള്ള പാരമ്പര്യങ്ങളെസംബന്ധിച്ച് ഈ സന്മനസ്സ പ്രസ്പഷ്ടമാക്കണം. പൌരസ്ത്യറീത്തുകാരായ ഓരോ ജനവിഭാഗത്തിനും അതിന്റെ ന്യായമായ സ്വാതന്ത്ര്യം അനുവദിക്കപ്പെടണം.... അവരുടെ അംഗീകൃതമായ റീത്തു ഉപേക്ഷിക്കുവാൻ അവർ നിർബന്ധിക്കപ്പെടരുതു്. വന്ദനീയങ്ങളായ അവരുടെ പാരമ്പര്യങ്ങളും നടപ്പുകളും ഉപേക്ഷിച്ചു ലത്തീൻറീത്തും ലത്തീൻനടപ്പുകളും സ്വീകരിക്കുന്നതിന്നു അവരെ നിർബന്ധിക്കുന്നതല്ല എന്നു ഉറപ്പു അവക്കു പ്രത്യേകിച്ചു പുനരൈക്യത്തിന്നു പരിശ്രമിക്കുന്നവക്കു, നൽകപ്പെടണം" (Encyclical, "Orientalis Ecclesiae.") മലബാറിലെ സുറിയാനിക്കാരെ ലത്തീൻറീത്തിന്നു വിധേയമാക്കുന്നതിന്നുള്ള പരിശ്രമം മാർപ്പാപ്പായുടെ നിർദ്ദേശത്തിന്നു എത്രയോ വിപരീതമായിട്ടുള്ളതാണ് എന്നു, ദ്വേഷിച്ച മുൻവിധിക്കും സ്വാർത്ഥതക്കും അധീനരല്ലാത്തവക്കെല്ലാം എളുപ്പത്തിൽ ഗ്രഹിക്കാവുന്നതാണ്.

മാർപ്പാപ്പാമാരുടെ മേലുദ്ധരിച്ച പ്രസ്താവനകളെ അവഗണിക്കയോ അവയുടെ ആത്മാർത്ഥതയെ ചോദ്യംചെയ്യുകയോ ചെയ്യുന്നവർ, അവർ ആരുതന്നെ ആയിരുന്നാലും, സാക്ഷാത്തായ കത്തോലിക്കാചൈതന്യത്തിൽനിന്നും തിരുസിംഹാസനത്തോടു ഓരോ കത്തോലിക്കനും ഉണ്ടാകേണ്ട ഭക്ത്യാദരങ്ങളിൽനിന്നും അത്യധികം വ്യതിചലിച്ചിരിക്കുന്നു എന്നു പറയാതെ തരമില്ല.

22. മാപ്പാപ്പാമാർ പൌരസ്ത്യറീത്തുകളെ പ്രോത്സാഹിപ്പിക്കുന്നതിന്നു ചെയ്തിട്ടുള്ളപ്രസ്താവനകൾ ആത്മാർത്ഥതനിറഞ്ഞവയാണെന്നു തിരുസിംഹാസനത്തിൻെറ പ്രവൃത്തികൾ തെളിയിക്കുന്നു:– കേരള സുറിയാനിക്കാക്കു പതിനാറാം നൂററാണ്ടിൻെറ അവസാനംവരെയും, പതിനേഴും പതിനെട്ടും നൂററാണ്ടുകളിൽ ഓരോ പ്രാവശ്യവും, സ്വന്തറീത്തുകാരായ മേലദ്ധ്യക്ഷന്മാരുണ്ടായിരുന്നു. അതിന്നുശേഷം, 1896–വരെ കേരള സുറിയാനിക്കാരെ അവരുടെ അഭിലാഷത്തിന്നെതിരായി ലത്തീൻ മെത്രാന്മാർ ഭരിക്കുന്നതിന്നിടയായി. സ്വജാതിക്കാരും റീത്തുകാരുമായ മെത്രാന്മാരെ ലഭിക്കുന്നതിന്നു സുറിയാനിക്കാർ നിരന്തരമായി ശ്രമിച്ചുകൊണ്ടിരുന്നു. അവരുടെ ശ്രമം വിഫലമാക്കുന്നതിന്നും ലത്തീൻ മെത്രാന്മാരുടെ ഭരണം ശാശ്വതീകരിക്കുന്നതിന്നും ഈ ലത്തീൻ മേലദ്ധ്യക്ഷന്മാരും ലത്തീൻ മിഷ്യനറിമാരും അവരുടെ ശക്തിമുഴുവൻപ്രയോഗിച്ചുകൊണ്ടിരുന്നു. എന്നാൽ സ്വതന്ത്രമാൎഗ്ഗത്തിൽകൂടി കേരളസുറിയാനിക്കാരുടെ ന്യായമായ അപേക്ഷകൾ തിരുസിംഹാസനത്തിങ്കൽ എത്തിക്കാൻ സാധിച്ചപ്പോൾ, അവരുടെ ന്യായമായ അവകാശങ്ങളെ ശ്രവിക്കാൻ തിരുസിംഹാസനത്തിന്നു അവസരം ലഭിച്ചു. അപ്പോൾ ലത്തീൻഭരണം അവസാനിച്ചു. XIII–ാം ലിയോപാപ്പാ കേരള സുറിയാനിക്കാക്കു സ്വന്തറീത്തുകാരും സ്വന്തജാതിക്കാരുമായ മെത്രാന്മാരെ 1896ൽ നൽകി.

ലത്തീൻറീത്തുകാർനടത്തുന്ന സ്കൂളുകളിൽ പൌരസ്ത്യറീത്തുകാരായ വിദ്യാർത്ഥികൾ പഠിക്കുന്നപക്ഷം അവൎക്കു സ്വന്തറീത്തിൽ കുർബാനയും കൂദാശകളും ലഭിക്കുന്നതിന്നു സ്വന്തറീത്തുകാരായ വൈദികരെ ആ വിദ്യാർത്ഥികൾക്കു നിയമിച്ചുകൊടുക്കണമെന്നു XIII–ാം ലിയോ മാപ്പാപ്പാ കല്പിക്കയുണ്ടായി. ശാശ്വതതാമസക്കാരായ സുറിയാനി കുടിയേററക്കാക്കു ഈ സ്വകര്യം വടക്കെമലബാറിൽ ഇന്നും നിഷേധിക്കപ്പെടുന്നതിനെ എങ്ങിനെ സാധൂകരിക്കും?

അമേരിക്കയിൽ കുടിയേറിപ്പാർത്ത ഗ്രീക്കു ശീസ്മക്കാക്കു സ്വന്തറീത്തിലും ജാതിയിലും ഉൾപ്പെട്ട വൈദികരും പള്ളികളും മെത്രാന്മാരും ഉണ്ടായിരുന്നു. കത്തോലിക്കരായ ഗ്രീക്കു കുടിയേററക്കാക്കു ഈവക സൗകര്യങ്ങൾ ലഭിക്കുന്നതിന്നു ലത്തീൻകാർ പ്രോത്സാഹനം നൽകിയില്ല. തൽഫലമായി, മതതത്വങ്ങളിൽ വേണ്ടജ്ഞാനം ലഭിച്ചിട്ടില്ലാതിരുന്ന സാധുക്കളായ കുടിയേററക്കാരിൽ ഗണ്യമായ ഒരു ഭാഗം ശീ

ശ്മക്കാരായ വൈദീകരുടെ പ്രചരണത്തിൽ കുടുങ്ങി കത്തോലിക്കാ ഐക്യത്തിൽനിന്നു വ്യതിചലിച്ചു ശീശ്മക്കാരായ വൈദീകൎക്കു വിധേയരാകാൻ ഇടയായി. തിരുസിംഹാസനം ഈ ആപത്തു മനസ്സിലാക്കിയപ്പോൾ ഇക്കാൎയ്യത്തിൽ ഇടപെട്ടു. സ്വന്തറീത്തുകാരായ കത്തോലിക്കാവൈദികരെ യൂറോപ്പിൽനിന്നും, ഏഷ്യായിൽനിന്നും അമേരിക്കയിലേക്കയച്ചും മാത്രമല്ല, കുടിയേററക്കാരായ ഗ്രീക്കു റുത്തീനിയൻ കത്തോലിക്കരുടെ ജനസംഖ്യ രൂപതാ സ്ഥാപനത്തിന്നു തൃപ്തികരമായിത്തീൎന്നപ്പോൾ അവരെ ലത്തീൻ മെത്രന്മാരുടെ ഭരണത്തിൽനിന്നും പിൻവലിച്ചു് അവൎക്കായി സ്വന്തറീത്തുകാരായ ഓരോ മെത്രാന്മാരേയും, പത്താം പീയൂസ് പാപ്പാ കാനഡായിലും (1912-ൽ) നിയമിച്ചുകൊടുത്തു.

പൌരസ്ത്യ റീത്തുകളെ പ്രോത്സാഹിപ്പിക്കുന്നതിനു തിരുസിംഹാസനം ഈ അടുത്ത കാലത്തു ചെയ്തിട്ടുള്ള കാൎയ്യങ്ങളിൽ പ്രധാനമായ ഒന്നാണു് പൌരസ്ത്യ തിരുസ്സംഘത്തിന്റെ സ്ഥാപനം. XV-ാം ബനദീക്തോസ് മാൎപ്പാപ്പായുടെ കാലംവരെ പൌരസ്ത്യറീത്തുകളുടെ പൊതുഭരണംനിൎവ്വഹിച്ചിരുന്നതു് വേദപ്രചാരവേലയുടെ മേലന്വേഷണം നിൎവ്വഹിക്കുന്ന വേദപ്രചാര (പ്രോപ്പഗാന്താ) തിരുസ്സംഘം ആയിരുന്നു. ഈ തിരുസ്സംഘത്തിന്റെ അധിപനാകട്ടെ ലത്തീൻകാരനായ ഒരു കൎദ്ദിനാളുമായിരുന്നു. ലത്തീൻറീത്തിൽ വേദപ്രാരം നടത്തുന്നവരുടെ ഭരണം നിൎവ്വഹിക്കുന്ന ഒരു തിരുസ്സംഘത്തിന്റെ, അതിന്റെ അധിപനായ ഒരു കൎദ്ദിനാളിന്റെ, കീഴിൽ പൌരസ്ത്യ റീത്തുകൾ സ്ഥിതിചെയ്യുന്നതുനിമിത്തം പൌരസ്ത്യ റീത്തുകൾ ലത്തീൻറീത്തിന്റെ കീഴിലാണെന്നു ഒരു തെററിദ്ധാരണ ചിലരിൽ ജനിക്കയുണ്ടായി. പൌരസ്ത്യ റീത്തുകൾക്കു ലത്തീൻറീത്തിനോടുള്ള സമത്വം അസന്നിഗ്ദ്ധമായി പ്രസ്താവിച്ച XV-ാം ബനദീക്തോസ് മാൎപ്പാപ്പാതന്നെ, മേലുദ്ധരിച്ച തെററിദ്ധാരണ നീക്കുന്നതിനും പൌരസ്ത്യ റീത്തുകളുടെ ശ്രേഷ്ഠത പാലിക്കുന്നതിനുമായി പുതിയ ഒരു തിരുസ്സംഘത്തെ "പൌരസ്ത്യ സഭകൾക്കു വേണ്ടിയുള്ള തിരുസ്സംഘം" എന്ന യഭിധാനത്തിൽ സ്ഥാപിച്ചു. ഈ തിരുസ്സംഘത്തിന്റെ അദ്ധ്യക്ഷപദവും മാൎപ്പാപ്പായിക്കായി മാററിവെച്ചു. അതിന്റെ സെക്രട്ടരി മാത്രമായി ഒരു കൎദ്ദിനാളിനെ നിയമിച്ചു. ഇപ്പോഴത്തെ സിക്രട്ടരി, നമ്മുടെ സുറിയാനി ഭാഷയിൽ നല്ല പരിജ്ഞാനമുള്ള ഒരു മഹാപണ്ഡിതനും, പൌരസ്ത്യസഭകളുടെ സഭക

ളൂടെ ഒരു വലിയ ഗ്രന്ഥകാംക്ഷിയും, ഒരു ഫ്രഞ്ചുകാരനുമായ എവുജീൻ കട്ടിനാൽ ററിസ്സറണ്ട തിരുമനസ്സുകൊണ്ടാണു്. അദ്ദേഹത്തിൻെറ മേൽവിലാസം താഴെ വരുന്നപ്രകാരമാണു്.

To. His Eminence, Eugene Cardinal Tisserant
Secretary of the S. Congnegation for the Oriental Church
Palazzodli Conuertendi,
Viadella Conciliazione, 34, Rome, Italy.

പൌരസ്ത്യസഭകളെപ്പററി മൊത്തത്തിൽ ലത്തീൻസഭയിൽ വേണ്ട പരിജ്ഞാനമില്ലാത്തതിനാൽ, പല ലത്തീൻകാൎക്കും പൌരസ്ത്യ റീത്തുകളുടെ നേരെ അവജ്ഞയും ദുരഭിപ്രായവും ഉണ്ടാകാനിടയായി. റീത്തുകൾ തമ്മിൽ അകലുന്നതിന്നും ഉപവി ദുൎബ്ബലമാകുന്നതിന്നും ഈ അജ്ഞത സംഗതിയാക്കി. ഈ അജ്ഞത പരിഹരിക്കുന്നതിനും പൌരസ്ത്യറീത്തുകളെസ്സംബന്ധിച്ച ശരിയായ ജ്ഞാനവും തജ്ജന്യമായ ബഹുമാനവും അനുഭാവവും ഉളവാക്കുന്നതിനുമായി XV-ാം ബനദീക്തോസ് മാർപ്പാപ്പാ, തിരുസിംഹാസനത്തിൻെറ വകയായി ഒരു പ്രത്യേക കലാലയം റോമ്മായിൽ സ്ഥാപിച്ചു. ഈ സൎവ്വകലാശാലയുടെ പേരു് Pontifical Oriental Institute എന്നാണു്. പൌരസ്ത്യറീത്തുകളുടെ ചരിത്രം, അവയുടെ പ്രത്യേകമായി വേദശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും ഉണ്ടായിട്ടുള്ള വികസനം, കുർബാന, കൂദാശകൾ നല്കുന്നതിനുള്ള പൌരസ്ത്യരീതി, പൌരസ്ത്യ കാനൻനിയമം, ഇവയത്രെ അദ്ധ്യയനവിഷയം. ഇവയിൽ ഉപരിപഠനം നടത്തുന്നവൎക്ക ബിരുദങ്ങൾ നല്കപ്പെടുന്നു. ലത്തീൻ വൈദികരും, പൌരസ്ത്യ വൈദികരും ഈ സൎവ്വകലാശാലയിൽ ഉന്നതവിദ്യാഭ്യാസം നടത്തുന്നു.

XV-ാം ബനദീക്തോസ് മാർപ്പാപ്പായുടെ നയം അദ്ദേഹത്തിൻെറ പിൻഗാമിയായ XI-ാം പീയൂസ്പാപ്പ ഒന്നുകൂടി ശക്തിപ്പെടുത്തി. പൌരസ്ത്യറീത്തുകളെ മൊത്തത്തിൽ ഉദ്ദേശിച്ച പ. പിതാവു പലതും പ്രവൎത്തിച്ചു. പൌരസ്ത്യറീത്തുകാരുടെ കാനൻനിയമം ക്രോഡീകരിക്കുന്നതിനു ഒരു പ്രത്യേക കമ്മീഷനെ 1929-ൽ നിയമിച്ചു.

പൌരസ്ത്യറീത്തുകാരായ കത്തോലിക്കരുടെ അഭിവൃദ്ധിയേയും അകത്തോലിക്കരുടെ മാനസാന്തരത്തേയും, ഉദ്ദേശിച്ച ഒരു പുതിയ നയവും XI-ാംപീയൂസ്പാപ്പ തിരുമനസ്സുകൊണ്ടു് സമാരംഭിച്ചു. പൌരസ്ത്യറീത്തുകാർ വസിക്കുന്ന പ്രദേശങ്ങളിൽ വേലചെയ്യാനുള്ള ലത്തീൻ വൈദികർ പൌരസ്ത്യരുടെ റീത്തുകളും, ഭാഷകളും, ചരിത്രവും

വിധികളും, മനഃസ്ഥിതിയും, പൌരസ്ത്യ വേദശാസ്ത്രവും പഠിക്കണമെന്നും, ലത്തീൻറീത്തുപേക്ഷിച്ച് പൌരസ്ത്യറീത്തു സ്വീകരിച്ച് സാക്ഷാൽ പൗരസ്ത്യരാകുന്നതു് അഭിലഷണീയമാണെന്നും XI-ാം പിയൂസ് പാപ്പാ നിർദ്ദേശിച്ചു. ലത്തീൻറീത്തുകാരായ പല സന്യാസ സഭകളും ഈ നിർദ്ദേശം സസന്തോഷം സ്വീകരിച്ചു അതു പ്രാവർത്തികമാക്കി. ബനഡിക്ടൻ സഭക്കാർ, സിസ്റ്റേർഷ്യൻ സഭക്കാർ, റിഡംപ്റററിസ്റ്റ് സഭക്കാർ, ഫ്രാൻസീസ്കൻ സഭക്കാർ, ഈശോസഭക്കാർ ആദിയായി പല സന്യാസ സഭക്കാരും, പൌരസ്ത്യറീത്തുകൾ സ്വീകരിച്ചിട്ടുണ്ട്. റിഡംപ്റററിസ്റ്റ് സഭക്കാരിൽനിന്നു 150-ഉം, ഈശോസഭയിൽനിന്നു 26-ഉം, വൈദികർ പൌരസ്ത്യ റീത്തുകാരായിത്തീർന്നു. Jesuit Missions Pope of the Reunion by John J. Keegan S. J., January—February. 1948, pp. 25-26. കേരള സുറിയാനി കത്തോലിക്കരിൽനിന്നു് ഈശോസഭയിൽചേർന്ന 20 വൈദികർ സുറിയാനിറീത്തിലേക്കു മടങ്ങുന്നതിനും, മേലിൽ ഈശോസഭയിൽ ചേരുന്ന യുവാക്കന്മാർ സുറിയാനിറീത്തു പാലിക്കുന്നതിനും, ഈയ്യിടെ (1948) തിരുസിംഹാസനം നൽകിയിട്ടുള്ള അനുമതിയും കേരള സുറിയാനിറീത്തിനെസ്സംബന്ധിച്ചു മേൽ പ്രസ്താവിച്ച നയത്തിൻെറ സാക്ഷാൽക്കാരമായി ഗണിക്കാവുന്നതാണ്.

കേരള സുറിയാനിക്കാരുടെ യഥാർത്ഥ താല്പര്യങ്ങൾ വേണ്ടവിധം മനസ്സിലായതിൻെറ ഫലമായി XIII-ാം ലിയോൻപാപ്പ അവർ സ്വന്തറീത്തുകാരായ മെത്രാന്മാരെ വികാരി അപ്പസ്തോലിക്കാമാരായി 1896-ൽ നിശ്ചയിച്ചുകൊടുത്തുവെന്നു് മേൽ 14-ാം ഖണ്ഡികയിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഇതു പരീക്ഷാർത്ഥമുള്ള ഒരു തൽക്കാലിക ഏർപ്പാടുമാത്രമായിരുന്നു. വികാരി അപ്പസ്തോലിക്കാമാരെ രൂപതാ മെത്രാന്മാരാക്കുന്നതിനും, കേരള സുറിയാനി സഭയെ ഒരു സ്വതന്ത്ര പ്രാദേശിക സഭയായി സംഘടിപ്പിക്കുന്നതിനും, താമസം നേരിട്ടു. സുറിയാനിക്കാർക്കു മെത്രാന്മാരെ നല്കാൻ പാടില്ലാ എന്നു 1896വരെ വാദിച്ചവർ വികാരി അപ്പസ്തോലിക്കാമാരെ രൂപതാമെത്രാന്മാരാക്കുന്നപക്ഷം അവരെ ലത്തീൻ മെത്രാപ്പോലീത്തായുടെ കീഴായിമാത്രം സംഘടിപ്പിക്കേണ്ടതാണെന്നു തുടർന്നു വാദിച്ചിരുന്നു. സുറിയാനിക്കാരുടെ അഭിമാനത്തിനശ്ലേഷം യോജിക്കാത്ത ഈ വാദത്തിൻെറ അർത്ഥശൂന്യതയെ സുറിയാനിക്കാരുടെ ഒരു വലിയ ഗുണകാംക്ഷിയായിരുന്ന പിസാനി ഡെലഗാദപ്പസ്തോലിക്കാ വേണ്ടവിധം മനസ്സിലാക്കി, പരിശുദ്ധസിംഹാ

സനത്തിന്നു് റിപ്പോർട്ടു സമർപ്പിച്ചു. കേരളസുറിയാനിസഭയ്ക്കു എക്കാലത്തും ഇന്ത്യയിലുള്ള ഉന്നതനില മനസ്സിലാക്കിയ 11ാം പീയൂസ് പാപ്പാ തിരുമനസ്സുകൊണ്ടു വിവിധങ്ങളായ പ്രതിബന്ധങ്ങളെ അവഗണിച്ചു വികാരി അപ്പസ്തോലിക്കാമാരെ രൂപതാമെത്രാന്മാരായി ഉയർത്തി ഒരു സുറിയാനിമെത്രാപ്പോലീത്തായുടെ കീഴിൽ ഒരു പ്രാദേശിക സ്വയംഭരണസഭയായി കേരളസുറിയാനി സഭയെ 1923-ൽ സംഘടിപ്പിച്ചു. ഇപ്രകാരമാണു് കേരളത്തിലെ സുറിയാനിക്കാർക്കു ഹൈരാർക്കി ശാശ്വതമായി പുനഃസ്ഥാപിക്കപ്പെട്ടതു്. തദവസരത്തിൽ മാർപ്പാപ്പാ ചെയ്ത പ്രസംഗത്തിലും, പ്രസിദ്ധപ്പെടുത്തിയ വിളംബരത്തിലും കേരളസുറിയാനി സഭയെ വളരെ അധികം പുകഴ്ത്തുന്നതും സുറിയാനിക്കാർക്കു അത്യധികം അഭിമാനകരവുമായ പ്രസ്താവനകൾ അടങ്ങിയിരിക്കുന്നു.

സുറിയാനി മെത്രാന്മാരുടെ ഭരണം നിർത്തലാക്കി ലത്തീൻ മെത്രാന്മാരുടെ ഭരണം നടപ്പാക്കിയതുമുതൽ സുറിയാനിസഭയിൽ ഉണ്ടായ അതൃപ്തി ഗൌരവതരമായ ഭിന്നതയിൽ കലാശിച്ചതു് 1653-ൽ ആണല്ലൊ. അതിൻെറ ഫലമായിട്ടാണു് പുത്തൻകൂറുകാരും യാക്കോബായസഭയും മലയാളത്തിൽ ഉണ്ടായതു്. പുത്തൻകൂറുകാർ പലപ്പോഴും കത്തോലിക്കാഐക്യത്തിൽ വീണ്ടും പ്രവേശിക്കുന്നതിനു ശ്രമിച്ചെങ്കിലും അവരുടെ മേല്പട്ടക്കാരെ മെത്രാന്മാരായി സ്വീകരിച്ചു് അവർക്കു പുനരൈക്യപ്പെടുന്നവരുടെമേൽ ഭരണം അനുവദിച്ചുകൊടുക്കുന്നതിനു കേരളത്തിലെ ലത്തീൻ മെത്രാന്മാർ അനുകൂലാഭിപ്രായം പുറപ്പെടുവിക്കാഞ്ഞതിനാൽ പുനരൈക്യശ്രമങ്ങൾ തുടർച്ചയായി അലസിപ്പോവുകയാണുണ്ടായതു്. എന്നാൽ ഈ നൂററാണ്ടിൽ പുനരൈക്യത്തിനു പരിശ്രമം നടന്നപ്പോൾ പുനരൈക്യപ്പെടുന്ന യാക്കോബായ മെത്രാന്മാർക്കു ഭരണസംബന്ധമായ ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുക്കേണ്ടതാണെന്നു കേരളത്തിലെ കത്തോലിക്കാസുറിയാനി മെത്രാന്മാർ അഭിപ്രായപ്പെട്ടു. തദനുസരണമായ ഒരു നയം രൂപവൽക്കരിച്ചതു് XI-ാം പീയൂസുമാർപ്പാപ്പായാണു്. അതിൻെറ ഫലമായി യാക്കോബായക്കാരുടെ പുനരൈക്യപ്രസ്ഥാനം സമാരംഭിച്ചു. പുനരൈക്യപ്പെട്ടവർക്കു ഹയരാർക്കി സ്ഥാപിച്ചുകൊടുത്തതും XI-ാം പീയൂസ് മാർപ്പാപ്പായാണു. പുനരൈക്യപ്പെട്ട മെത്രാപ്പോലീത്തായുടെ ആ സ്ഥാനം തിരുവിതാംകൂറിൻെറ തലസ്ഥാനമായ തിരുവനന്തപുരത്തു സ്ഥാപിച്ചുകിട്ടുന്നതിനുള്ള അപേക്ഷയെ ലത്തീൻ മെത്രാന്മാർ ശക്തിയായി എതിർത്തെങ്കിലും XI-ാം പീയൂസ് പാപ്പാ ആ അപേക്ഷയും അനുവദിച്ചുകൊടുത്തു.

കേരള സുറിയാനിക്കാരെ ഈ വിധത്തിൽ പ്രോത്സാഹിപ്പിച്ച പരിശുദ്ധപിതാവു, പൌരസ്ത്യറീത്തുകാരുടെ മൊത്തത്തിലുള്ള അഭിവൃദ്ധിയെ ഉദ്ദേശിച്ചും പലതും പ്രവൎത്തിച്ചിട്ടുണ്ടു്. പൌരസ്ത്യറീത്തുകാരുടെ കാനൻ നിയമം, 1929 ഡിസംബർ 23-ാംനു- പുറപ്പെടുവിച്ച കല്പന ഇവയെപ്പററി മേൽ 22-21 എന്ന ലക്കങ്ങളിൽ വിവരിച്ചിട്ടുണ്ടു്.

മിഷ്യൻ രാജ്യങ്ങളിലും പൌരസ്ത്യറീത്തുകാരുടെ പ്രദേശങ്ങളിലും ഉള്ള ലത്തീൻ രൂപതകളുടെ ഉപരിഭരണം പ്രോപ്പഗാന്ത തിരുസ്സംഘത്തിന്നും, പൌരസ്ത്യറീത്തുകളിൽപ്പെട്ട രൂപതകളുടെ ഉപരിഭരണം പൌരസ്ത്യതിരുസംഘത്തിനുമാണല്ലോ. തന്നിമിത്തം പൌരസ്ത്യറീത്തുകാർ അധിവസിക്കുന്ന പ്രദേശങ്ങളിൽ ഒരുതരം ദ്വിഭരണമാണുള്ളതു്. ഈ ദ്വിഭരണം പൌരസ്ത്യറീത്തുകളുടെ അഭിവൃദ്ധിക്കു ബാധകമാണെന്നു കണ്ടതിനാൽ XI-ാംപീയൂസ് മാപ്പാപ്പ ദ്വിഭരണം ഇല്ലാതാക്കാനുള്ള പുതിയ ഒരു നയം പൌരസ്ത്യ സഭകളുടെ ഗുണത്തെ ഉദ്ദേശിച്ചു രൂപവല്ക്കരിച്ചു. പൌരസ്ത്യറീത്തുകാർ അധിവസിക്കുന്ന പ്രദേശങ്ങളിലെ ലത്തീൻരൂപതകളെ പ്രോപ്പഗാന്ത തിരുസ്സംഘത്തിൻെറ കീഴിലാക്കുക എന്നതാണു് ഈ പുതിയ നയം. ഇതിനനുസരണമായി 1936-ൽ ഗ്രീസ്, ബൽഗേറിയ, എന്ന യൂറോപ്യൻ രാജ്യങ്ങളിലും, സിറിയ, സൈപ്രസ്സ്, പലസ്തീന എന്ന ഏഷ്യൻരാജ്യങ്ങളിലും ഈജിപ്തു്, ഉത്തര അബ്സീനിയ, എറീടിയ എന്നീ ആഫ്രിക്കൻരാജ്യങ്ങളിലുമുള്ള ലത്തീൻ രൂപതകളെ പ്രോപ്പഗാന്ത തിരുസ്സംഘത്തിൻെറ അധികാരസീമയിൽനിന്നു വിടുൎത്തി പൌരസ്ത്യ തിരുസ്സംഘത്തിൻെറ കീഴിലാക്കി. ഈ പരിഷ്കാരം കേരളത്തെസ്സംബന്ധിച്ചും, പ്രായോഗികമാക്കുന്നതു് കേരളസുറിയാനിസഭയുടെ അഭിവൃദ്ധിക്കു് കൂടുതൽ സഹായകരമായിരിക്കും.

XI-ാംപീയൂസ്മാപ്പായുടെ സ്റ്റേയിററ സിക്രട്ടരി ആയിരുന്നല്ലോ XII-ാംപീയൂസ്മാപ്പാപ്പാ ഈ പ. പിതാവിൻെറ നയവും പ്രോത്സാഹജനകമാണെന്നു മേൽ 13-ാംലക്കത്തിൽ കാണിച്ചിട്ടുണ്ടു്.

അമേരിക്കയിൽ കുടിയേറിപ്പാൎത്തിട്ടുള്ള കാൽദായ സുറിയാനിക്കാരുടേയും, മററു ചില പൌരസ്ത്യറീത്തുകാരുടേയും ചില അസൌകൎയ്യങ്ങളെപ്പററി കേട്ടപ്പോറം അതേപ്പററി അന്വേഷിച്ചു വേണ്ട നടപടികറം സ്വീകരിക്കുന്നതിന്നു പൌരസ്ത്യ തിരുസ്സംഘത്തിൻെറ സിക്രട്ടരിയായ കൎദ്ദിനാറംററിസ്സറണ്ടിനെ 1947 ജൂൺമാസത്തിൽ മാപ്പാപ്പാ

അമേരിക്കയിലേക്കയച്ചതു് ഇതിനു ഒരുദാഹരണമാണു്. കൽദായ സുറിയാനിക്കാർക്കു സ്വന്തറീത്തിൽ പള്ളികൾ ഇല്ലാതിരുന്ന സ്ഥലങ്ങളിൽ അവ സ്ഥാപിച്ചുകൊടുക്കുന്നതിനു് കർദ്ദിനാൾ റസ്സറണ്ട താരിക്കു മാർപ്പാപ്പായിൽനിന്നു സിദ്ധിച്ചിരുന്ന പ്രത്യേക അധികാരമുപയോഗിച്ചു ലത്തീൻ മെത്രാന്മാരെ ചുമതലപ്പെടുത്തുകയുണ്ടായി.

---

# അഞ്ചാം അദ്ധ്യായം

## മലബാറിൽ സുറിയാനിറീത്തുകാരായ വൈദികർ ഇല്ലാത്തതു് എന്തുകൊണ്ടു് ?

### 23 മലബാറിൽ സുറിയാനിവൈദികർ ആവശ്യമാണു്.

മലബാറിൽ കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാർ സുറിയാനിക്കാർ തന്നെയാണു്. (ലക്കം 12.) മലബാറിൽ കോഴിക്കോട്ടു രൂപതയിൽപ്പെട്ട കത്തോലിക്കരിൽ ബഹുഭൂരിപക്ഷം സുറിയാനിറീത്തുകാരാണു്. (ലക്കം 9;11.) അവർ സുറിയാനിറീത്തുപേക്ഷിച്ചു ലത്തീൻറീത്തു സ്വീകരിക്കുന്നതിനു് കത്തോലിക്കാസഭ ആവശ്യപ്പെടുന്നില്ല. (ലക്കം 17) ലത്തീൻറീത്തു സ്വീകരിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതു് കുററകരമാണു്. മാർപ്പാപ്പായുടെ പ്രത്യേക അനുവാദംകൂടാതെ ലത്തീൻറീത്തു സ്വീകരിക്കുവാൻ സുറിയാനിക്കാർക്കു അനുവദിക്കപ്പെടുന്നില്ല. (ലക്കം 12;17;18) വടക്കെമലബാറിൽ സുറിയാനിറീത്തു പാടില്ല എന്ന ലത്തീൻവാദം നിഷിദ്ധമാണു്. (ലക്കം 18) സുറിയാനിറീത്തു പാലിക്കാൻ സുറിയാനി കുടിയേററക്കാർക്കു അവകാശമുണ്ടു്. (ലക്കം 19) റീത്തു പാലിക്കണമെങ്കിൽ സുറിയാനിവൈദികർ ആവശ്യമാണു്. സ്വന്തറീത്തുകാരായ വൈദികരെ ലഭിക്കാനുള്ള മാർഗ്ഗം തിരുസിംഹാസനം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. (ലക്കം 20) മാർപ്പാപ്പാമാർ വാക്കാലും പ്രവൃത്തിയാലും സുറിയാനിറീത്തു തുടങ്ങിയ പൌരസ്ത്യറീത്തുകളെ പ്രോത്സാഹിപ്പിക്കുന്നു. (ലക്കം 21; 22) സുറിയാനിക്കാരുടെ ആവശ്യത്തിനു വേണ്ടുവോളം ലത്തീൻ വൈദികർ കോഴിക്കോട്ടു രൂപതയിലില്ല. (ലക്കം 14) വൈദികരുടെ അഭാവം നിമിത്തം ഞായറാഴ്ച

കളിലും കടമുള്ള ദിവസങ്ങളിലും കുർബാന കാണാനും മററു ആത്മീയ കാര്യങ്ങൾ സാധിച്ചുകിട്ടുന്നതിനും നിവൃത്തിയില്ലാതെ സുറിയാനിക്കാർ അനേകം കുടിയേററസ്ഥലങ്ങളിൽ കഷ്ടപ്പെടുന്നു. (ലക്കം 14) മലബാറിനടുത്തുള്ള സുറിയാനിരൂപതകളിൽ സുറിയാനിവൈദികർ ധാരാളമുണ്ട്. കാര്യക്ഷമതക്കു വിഘ്നംകൂടാതെ മലബാറിലേക്കു ധാരാളം വൈദികരെ അയച്ചുകൊടുക്കുന്നതിനു സുറിയാനിരൂപതകൾക്കു സാധിക്കും. (ലക്കം 14) ഇങ്ങനെയെങ്കിൽ സുറിയാനിരൂപതകളിൽനിന്നു കോഴിക്കോട്ടു രൂപതയിലേക്കു സുറിയാനി വൈദികരെ സുറിയാനി മെത്രാന്മാർ അയച്ചുകൊടുക്കാത്തത് എന്തുകൊണ്ട്? സുറിയാനി വൈദികരെ തൻെറ രൂപതയിലേക്കു കോഴിക്കോട്ടു മെത്രാനച്ചൻ ക്ഷണിക്കാത്തത് എന്തുകൊണ്ട് എന്നീ ചോദ്യങ്ങൾ ഉദിക്കുന്നു.

## 24. സുറിയാനിറീത്തുകാരായ വൈദികരെ സുറിയാനി മെത്രാന്മാർ വടക്കേമലബാറിലേക്കു നേരിട്ടു അയച്ചുകൊടുക്കാത്തതിൻെറ കാരണം:

സുറിയാനി മെത്രാന്മാരുടെ ഇപ്പോഴത്തെ ഭരണസീമ മദ്ധ്യകേരളം മാത്രമാണ്. ഭാരതപ്പുഴക്കു വടക്കും, പമ്പായിക്കു തെക്കും ഉള്ള കേരളപ്രദേശങ്ങളിൽ ഇപ്പോൾ സുറിയാനി മെത്രാന്മാക്കു അധികാരമില്ല. സുറിയാനി മെത്രന്മാരുടെ ഭരണം 1896-ൽ പുന:സ്ഥാപിക്കപ്പെട്ടപ്പോൾ ഈ പ്രദേശങ്ങളിൽ സുറിയാനിക്കത്തോലിക്കർ ഇല്ലായിരുന്നു. ഈ പ്രദേശങ്ങളിൽ സുറിയാനിക്കാർ കുടിയേറി താമസിച്ചുതുടങ്ങിയതു 1923 മുതല്ക്കാണ്. എന്നാൽ 17-ാം നൂററാണ്ടുവരെ ഈ പ്രദേശങ്ങളിൽ സുറിയാനിക്കാരും സുറിയാനിപ്പള്ളികളും ഉണ്ടായിരുന്നു. അക്കാലങ്ങളിൽ സുറിയാനി മെത്രാപ്പോലീത്തായുടെ അധികാരം കേരളം മുഴുവനിലും വ്യാപിച്ചിരുന്നു. സുറിയാനു അതിരൂപതയുടെ അതൃത്തി മാർപ്പാപ്പായുടെ നിർദ്ദേശപ്രകാരം മെനേസ്സീസ് മെത്രാപ്പോലീത്താ 1610-ൽ പുന:പ്രഖ്യാപനം ചെയ്യുകയുണ്ടായി. വടക്കു കണ്ണൂർമുതൽ തെക്കു കന്യാകുമാരിവരെയുള്ള കേരളം മുഴുവൻ സുറിയാനി അതിരൂപതയിൽ ഉൾപ്പെട്ടിരുന്നു. 17-ാം നൂററാണ്ടിൽ ആരംഭിച്ച, പറങ്കികൾ തുടങ്ങിയ വിദേശീകളായ ലത്തീൻ മെത്രാന്മാരുടെ ഭരണകാലത്തു ഉത്തരകേരളത്തിലും ദെക്ഷിണകേരളത്തിലുമുണ്ടായിരുന്ന സുറിയാനിക്കാർ എങ്ങിനേയൊ അപ്രത്യക്ഷരായി. തന്നിമിത്തം ഈ കേരളപ്രദേശങ്ങൾ ഇപ്പോൾ സുറിയാനി രൂപതകളുടെ അതൃത്തികൾക്കു വെളിയിലാണ്. ആകയാൽ അങ്ങോട്ടു ഇപ്പോൾ സുറിയാനിവൈദികരെ അയക്കുന്നതിനു സുറിയാനി മെത്രാന്മാക്കു പ്രത്യേക അധികാരം ആവശ്യ

മായിരിക്കുന്നു. ഇപ്പോൾ അവിടങ്ങളിൽ സുറിയാനിക്കാർ കുടിയേറി പ്പാർത്തുതുടങ്ങിയിരിക്കുന്നതിനാൽ മുമ്പു സുറിയാനി മെത്രാന്മാൎക്ക് അവിടങ്ങളിൽ ഉണ്ടായിരുന്ന അധികാരം വീണ്ടും ലഭിക്കുന്നതിനുള്ള പരിതഃസ്ഥിതികൾ ആവിർഭവിച്ചിരിക്കുന്നു. മലബാറിൽ ഇപ്പോൾ സുറിയാനി രൂപതയില്ല. അവിടെയുള്ള സുറിയാനിക്കാർ തിരുസ്സഭയുടെ പൊതു നിയമമനുസരിച്ചു തല്ക്കാലം അവിടെയുള്ള ഏക മെത്രനായ കോഴിക്കോട്ടു ലത്തീൻ മെത്രാൻെറ അധികാരത്തിന്നു വിധേയരാണ്. പമ്പായിക്കു തെക്കും (ദക്ഷിണകേരളം) ഇപ്പോൾ സുറിയാനിമെത്രാനില്ലാത്തതിനാൽ അവിടെയുള്ള കൽദായ സുറിയാനിക്കാരും, മുമ്പിനാലെ അവിടെയുള്ള ലത്തീൻ മെത്രാന്മാരുടെ കീഴിൽ തല്ക്കാലം സ്ഥിതിചെയ്യുന്നു. പമ്പായിക്കു തെക്കും ഭാരതപ്പുഴക്കു വടക്കുമുള്ള പ്രദേശങ്ങൾ തല്ക്കാലം സുറിയാനി മെത്രാന്മാരുടെ അധികാരാതൃത്തികൾക്കു പുറത്താകയാൽ, ആ സ്ഥലങ്ങളിലുള്ള സുറിയാനി കുടിയേററക്കാൎക്ക് സുറിയാനിവൈദികരെ അയച്ചുകൊടുക്കുന്നതിന്നു ആ സ്ഥലങ്ങളിലെ ലത്തീൻ മെത്രാന്മാർ സമ്മതിക്കുകയൊ, മാർപ്പാപ്പാ അനുവദിക്കുകയൊ വേണ്ടിയിരിക്കുന്നു. അല്ലാതെ പ്രസ്തുത സ്ഥലങ്ങളിലേക്കു സുറിയാനി വൈദികരെ അയക്കുന്നതിനു മദ്ധ്യകേരളത്തിലെ സുറിയാനി മെത്രാന്മാൎക്ക് അധികാരമില്ല.

25. <u>മലബാറിലെ സുറിയാനി കോളനികളിലേക്കു സുറിയാനിവൈദികരെ അയക്കുന്നതിന്നു സമ്മതം ലഭിക്കാൻ സുറിയാനി മെത്രാന്മാർ പരിശ്രമിക്കുന്നു:—</u>

പൂൎവ്വകാലങ്ങളിൽ പാശ്ചാത്യ ഏഷ്യയിൽനിന്നു അൎമ്മീനിയൻ റീത്തുകാർ യൂറോപ്പിൽ കുടിയേറിപ്പാർത്തപ്പോൾ അവൎക്ക് അൎമ്മേനിയൻ വൈദികരേയും മെത്രാന്മാരേയും ലഭിച്ചു. ഇന്നും അവരെ ഭരിക്കുന്നതു് അൎമ്മേനിയൻ റീത്തുകാരായ മെത്രാന്മാരും വൈദികരുമാണ്. ദക്ഷിണ ഇററലിയിൽ കുടിയേറിപ്പാർത്ത ഗ്രീക്കുറീത്തുകാൎക്കും സ്വന്തറീത്തുകാരായ വൈദികരും മെത്രാന്മാരും അന്നുമുതൽ ഇന്നുവരെ ഉണ്ട്. അടുത്ത കാലത്തു അമേരിക്കയിലെ വിവിധ രാജ്യങ്ങളിലും ഓസ്ത്രേലിയായിലും കുടിയേറിപ്പാർത്തിട്ടുള്ളതായ സുറിയാനിക്കാരാദിയായ പൌരസ്ത്യ റീത്തുകാൎക്കും സ്വന്തറീത്തുകാരായ വൈദികരെ ലഭിച്ചിട്ടുണ്ട്. വേണ്ട ജനസംഖ്യയുള്ള ഗ്രീക്കുകാൎക്ക് മൂന്നു രൂപതകളും ഉണ്ട്. ലത്തീൻ രൂപതകളിൽ കുടിയേറിപ്പാൎക്കുന്ന പൌരസ്ത്യറീത്തുകാൎക്ക് സ്വന്തറീത്തുകാരായ

വൈദികരെ നൽകണമെന്നാണല്ലോ തിരുസ്സഭയുടെ നയം. ഈ നയവും മേൽപ്പറഞ്ഞ ഉദാഹരണങ്ങളും കേരളസുറിയാനിക്കാരുടെ പ്രതീക്ഷയെ ബലപ്പെടുത്തി. അതിനനുസരണമായി സുറിയാനിവൈദികരെ മലബാറിലെക്കു അയച്ചുകൊടുക്കുന്നതിന്നുവേണ്ട സമ്മതം ലഭിക്കുന്നതിന്നു മദ്ധ്യകേരളത്തിലെ സുറിയാനി മെത്രാന്മാർ പരിശ്രമിച്ചു. ഈ പരിശ്രമം കുറെയൊക്കെ ഫലപ്രദമായി എന്നല്ലാതെ അതു ഇനിയും വിജയത്തിൽ എത്തിയിട്ടില്ല. അടുത്തഭാവിയിൽത്തന്നെ ഈ പരിശ്രമം പൂർണ്ണഫലം പുറപ്പെടുവിക്കുമെന്നു പ്രതീക്ഷിക്കത്തക്ക ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിരിക്കുന്നു.

ഈ പരിശ്രമം ആദ്യമായി നടത്തിയതു് കോട്ടയം മെത്രാനച്ചനാണു്. ആസ്ത്രേലിയാ മുതലായ രാജ്യങ്ങളിൽ കുടിയേററപ്രസ്ഥാനത്തെ മെത്രാന്മാരും പ്രോത്സാഹിപ്പിക്കുന്നുണ്ടു്. മെത്രാന്മാരുടെ നേതൃത്വത്തിലുള്ള ചില കമ്മററികൾതന്നെ ഈ പ്രസ്ഥാനത്തെ നിയന്ത്രിക്കുന്നു. വാഗാവാഗാ എന്ന രൂപതയിലെ ഒരു വനപ്രദേശത്തു കുറെ മുമ്പു സ്ഥാപിച്ച ഒരു കോളനി ഇതിനൊരുദാഹരണമാണു്. അവിടെ 50 കുഡുംബക്കാരെ താമസിപ്പിച്ചിരിക്കുന്നു. ഓരോ കുഡുംബത്തിന്നും 5 ഏക്കർ സ്ഥലംവീതം വീതിച്ചുകൊടുത്തിരിക്കയാണു്. അവരുടെ ഉപയോഗത്തിന്നു പള്ളി, സ്കൂൾ, തപാലാഫീസ്, ആശുപത്രി മുതലായവയും പൊതുസമ്മേളനത്തിന്നും മററും ആവശ്യമായ കെട്ടിടങ്ങളും പണിയിച്ചുകൊടുത്തിരിക്കുന്നു.

ഏകദേശം ഈ മാതൃകയിൽ രണ്ടു കോളനികൾ കോട്ടയംമെത്രാനച്ചന്റെ നേതൃത്വത്തിലും നിയന്ത്രണത്തിലും കോട്ടയം രൂപതക്കാർക്കു വേണ്ടി സ്ഥാപിക്കപ്പെട്ടു. ഒന്നു മംഗലാപുരം രൂപതയിലും, ഒന്നു കോഴിക്കോട്ടു രൂപതയിലുമാണു്. ഈ കോളനികളിലുള്ള സുറിയാനിക്കാരുടെ ആത്മീയ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന്നുവേണ്ട സുറിയാനി വൈദികരെ അയച്ചുകൊടുക്കുന്നതിന്നു താൻ ഒരുങ്ങിയിരിക്കുന്നുവെന്നും, ആ വൈദികരെ അവിടെ സ്വീകരിച്ചു, കുടിയേറിപ്പാർക്കുന്ന സുറിയാനിക്കാരുടെ ഭരണത്തിന്നു് നിശ്ചയിക്കണമെന്നും, കോട്ടയം മെത്രാനച്ചൻ കോളനികൾ സ്ഥാപിതങ്ങളായ രൂപതകളിലെ ലത്തീൻ മെത്രാന്മാരോടു് അപേക്ഷിച്ചു. മംഗലാപുരം മെത്രാനച്ചൻ ഈ അപേക്ഷ സ്വീകരിച്ചു, കോഴിക്കോട്ടു മെത്രാനച്ചൻ അതു തിരസ്കരിക്കയും ചെയ്തു.

അപ്പോഠം കാൎയ്യസാദ്ധ്യത്തിന്നു് മേലധികാരസ്ഥാനത്തു് അപ്പീൽ ബോധിപ്പിക്കേണ്ടിവന്നു. കോട്ടയം മെത്രാനച്ചൻ മററു സുറിയാനി മെത്രാന്മാരുടെ അറിവോടുകൂടി ഡെഗാപ്പസ്തോലിക്കായുടെ പക്കൽ അപ്പീൽബോധിപ്പിച്ചു. ഇക്കാൎയ്യത്തിൽ അനുകൂലമായ തീരുമാനമുണ്ടാകുമെന്നും അപ്പോഠം വടക്കംഭാഗരുടെ കോളനികളിലേക്കും സുറിയാനി വൈദികരെ അയക്കാൻ സാധിക്കുമെന്നും, മററുസുറിയാനിമെത്രാന്മാർ പ്രതീക്ഷിച്ചിരുന്നു. ഇപ്രകാരമുള്ള കാൎയ്യങ്ങളിൽ ഇടപെടുന്നതിനും, തീരുമാനം ചെയ്യുന്നതിനും യുദ്ധപരിത:സ്ഥിതികഠംനിമിത്തം ഡെലഗാപ്പസ്തോലിക്കായിക്കു തിരുസിംഹാസനത്തിൽനിന്നു പ്രത്യേക അധികാരങ്ങഠം അന്നു നൽകപ്പെട്ടിരുന്നു. സംഗതികളേപ്പററി കൂലംകഷമായി അന്വേഷിച്ചശേഷം, സുറിയാനിക്കാൎക്കു അനുകൂലമയി ഡെലഗാട്ട തീരുമാനിച്ചു. അതിൻപ്രകാരം മടമ്പം അലെക്സ് നഗർ കോളനിയിലേക്കു കോട്ടയം മെത്രാനച്ചൻ രണ്ടു സുറിയാനി വൈദികരെ 1944ൽ അയച്ചുകൊടുത്തു. കോഴിക്കോട്ടു മെത്രാനച്ചൻ അവരെ സ്വീകരിച്ചു് പ്രസ്തുത കോളനിയിൽ നിയമിച്ചു.

ഈ നയം ഇതരകോളനികളെ സംബന്ധിച്ചും തുടരപ്പെടുമെന്നുള്ള പ്രതീക്ഷ അസ്ഥാനത്തായി. ലോകമഹായുദ്ധം അവസാനിച്ചതോടെ ഡെലഗാപ്പസ്തോലിക്കായിക്കു നൽകപ്പെട്ടിരുന്ന, മുൻപ്രസ്താവിച്ച പ്രത്യേക അധികാരങ്ങഠം അപ്രായോഗികങ്ങളായിത്തീൎന്നു. അതേസമയം കൂടുതൽ സുറിയാനി വൈദികരെ മലബാറിൽ സ്വീകരിക്കുന്നതിനു തനിക്കു സമ്മതമില്ലെന്നു കോഴിക്കോട്ടു മെത്രാനച്ചൻ വിശദമാക്കി. കാഞ്ഞിരപ്പള്ളിയിൽവെച്ചു് 1945–ൽ സമ്മേളിച്ച കത്തോലിക്കാ കോൺഗ്രസ്സിൽ ആദ്ധ്യക്ഷം വഹിച്ചതു് അന്നു കോഴിക്കോട്ടു രൂപതയുടെ മെത്രാനായിരുന്ന മോൺ: പ്രോസേർപ്പിയോ ആയിരുന്നു. മലബാറിൽ ഇനിയും സുറിയാനി വൈദികരെ സ്വീകരിക്കുന്നതിന്നു അദ്ദേഹത്തിന്നനുകൂലഅഭിപ്രായമില്ലെന്നു അദ്ധ്യക്ഷപ്രസംഗത്തിൽ അദ്ദേഹം പ്രസ്താവിച്ചു.

26. സുറിയാനിവൈദികരെ കോഴിക്കോട്ടു രൂപതയിൽ സ്വീകരിക്കാത്തതിൻെറ കാരണം:—

മേൽ സൂചിപ്പിച്ച അദ്ധ്യക്ഷപ്രസംഗത്തിൽ കോഴിക്കോട്ടു മെത്രാനച്ചൻ, തൻെറ രൂപതയിൽ, സുറിയാനി വൈദികരെ സ്വീകരിക്കേണ്ട എന്നു തീരുമാനിച്ചതിന്നുള്ള കാരണങ്ങളായി പ്രസ്താവിച്ചവ ഏകദേശം താഴെപ്പറയുന്നവകളാണു്. (1) കോഴിക്കോട്ടു രൂപത ഒരു

ലത്തീൻ രൂപതയാണ്. അവിടെ അന്നുവരെ സുറിയാനി റീത്തുണ്ടായിരുന്നില്ല. ഒരു പുതിയ റീത്തിന്നു അവിടെ പ്രവേശനം നൽകുന്നതിന്നു തിരുസിംഹാസനത്തിൻെറ പ്രത്യേക അനുവാദം ആവശ്യമാണ്. (2) ഒന്നിലധികം റീത്തുകൾ കോഴിക്കോട്ടു രൂപതയിലുണ്ടായാൽ ഭരണസംബന്ധമായ കുഴപ്പങ്ങൾക്കിടവരും. (3) സുറിയാനിക്കാർ ലത്തീൻ റീത്തിൽ ലയിക്കാതെ വേർതിരിഞ്ഞുനിന്നാൽ, അതുകൊണ്ടു കോഴിക്കോട്ടു രൂപതക്കും അവിടുത്തെ ലത്തീൻ സമുദായത്തിന്നും പ്രയോജനമില്ലാതെവരും.

കോഴിക്കോട്ടെ ലത്തീൻ രൂപതയേയും അവിടുത്തെ ലത്തീൻ സമുദായത്തേയും പോഷിപ്പിക്കുന്നതിനുവേണ്ടിയല്ലല്ലോ നാം മലബാറിൽ കുടിയേറിപ്പാർക്കുന്നതു്. ലത്തീൻ സമുദായത്തിൻെറ പ്രയോജനത്തെ ഉദ്ദേശിച്ച് നമ്മുടെ റീത്തു നാം പൂജിക്കണമെന്നു തിരുസ്സഭ നമ്മോടു ഉപദേശിക്കുന്നുമില്ല. മദ്ധ്യകേരളത്തിൽ 1886വരെ ലത്തീൻകാരും സുറിയാനിക്കാരും ഒരേ രൂപതകളിൽ ഉൾപ്പെട്ടിരുന്നു. ഒരേ ലത്തീൻ മെത്രാൻ രണ്ടു കൂട്ടരേയും ഭരിച്ചിരുന്നു. അതിന്നുശേഷമാണ് സുറിയാനിക്കാർക്കു തനിച്ചു പ്രത്യേക രൂപതകൾ ഉണ്ടായതു്. ഇന്നു മദ്ധ്യകേരളത്തിൽ ഒരേ സ്ഥലത്തുതന്നെ മൂന്നു റീത്തുകളും നാലു അധികാരങ്ങളും ഉണ്ടല്ലോ. മലബാറിലെ സുറിയാനിക്കാർക്കും പ്രത്യേക രൂപത തിരിച്ചുകൊടുക്കുന്നതിന്നു സാദ്ധ്യത ഇല്ലാതില്ല. മദ്ധ്യകേരളത്തിലെപ്പോലെ മലബാറിലും ഒന്നിലധികം റീത്തുകൾ ഉണ്ടായാൽ കുഴപ്പം വരാനില്ല.

നമ്മുടെ റീത്തു നമ്മുടെ ജന്മാവകാശമാണ്. അതിനെപ്പററി നമുക്കു അഭിമാനമുണ്ടു്. നമ്മുടെ അഭിവൃദ്ധിക്കു അതിനെ പാലിക്കേണ്ടതു് ആവശ്യവുമാണ്. ആകയാൽ തിരുസിംഹാസനത്തിൻെറ 1929 ഡിസംബർ 23-ാംനു- ഡെക്രേത്തിൽ നൽകിയിരിക്കുന്ന നിർദ്ദേശമനുസരിച്ച് നമുക്കു സുറിയാനി റീത്തുകാരായ വൈദികരെ ലഭിക്കുന്നതിന്നുവേണ്ട അനുമതി തിരുസിംഹാസനത്തിൽനിന്നും സിദ്ധിക്കുന്നതിന്നു് നാം നമ്മുടെ സുറിയാനി മെത്രാന്മാരുടെ പക്കൽ അനേകം ഹർജികൾ ബോധിപ്പിച്ചു. അവർ നമ്മുടെ മേലധികാരിയായ പൌരസ്ത്യ തിരുസംഘത്തിൻെറ പക്കൽ ഇക്കാര്യത്തിന്നായി നമുക്കുവേണ്ടി 1929 ലെ ഡെക്രേത്തിൻപ്രകാരം ശക്തിമത്തായവിധത്തിൽ ശിപാർശചെയ്തു.

**27. തിരുസിംഹാസനത്തിൻെറ നയത്തിന്നു മാററം വന്നിട്ടില്ല. നമുക്കനുകൂലമായി തീരുമാനമുണ്ടായി. അതേപ്പററി പുനരാലോചന.**

നമ്മുടെ സുറിയാനി മെത്രാന്മാരുടെ മേൽപ്പറഞ്ഞ അപേക്ഷയെ തിരുസിംഹാസനം കരുണാപൂർവ്വം പരിഗണിച്ചു. അതിൻെറ ഫലമായി നമുക്കു അനുകൂലമായ ഒരു തീരുമാനം പൌരസ്ത്യ തിരുസംഘം ചെയ്തു. ഈ തീരുമാനത്തിന്നനുസരണമായി ഒരു നിർദ്ദേശം കോഴിക്കോട്ടു രൂപതാധികാരിക്കു പൌരസ്ത്യ തിരുസ്സംഘം 1947 ഒക്ടോബർ മാസത്തിൽ നൽകി. മലബാറിലെ കുടിയേററസ്ഥലങ്ങളിലേക്കു ആവശ്യമുള്ള സുറിയാനി വൈദികരെ അയച്ചുകൊടുക്കാൻ സുറിയാനി മെത്രാന്മാരോടാവശ്യപ്പെടുവാൻ തിരുസംഘം കോഴിക്കോട്ടു രൂപതാധികാരിയെ ക്ഷണിച്ചു. അദ്ദേഹം ആവശ്യപ്പെടുന്നപക്ഷം സുറിയാനി വൈദികരെ അയച്ചുകൊടുക്കണമെന്നു് സുറിയാനി മെത്രാന്മാരേയും തിരുസംഘം അറിയിച്ചു. ഇതിന്നനുസരിച്ചു അര ഡസനോളം സുറിയാനിവൈദികരെ ചങ്ങനാശ്ശേരി മെത്രാനച്ചൻ, ഇതര മെത്രാന്മാരുടെ ആലോചനയോടുകൂടി, തയ്യാറാക്കിനിർത്തി. എന്നാൽ പ്രതീക്ഷിച്ചിരുന്ന ക്ഷണം ലഭിക്കയുണ്ടായില്ല.

മോൺസിഞ്ഞോർപ്രോസേർപ്പിയോ ദിവംഗതനായിരുന്നു. പുതിയ മെത്രാൻെറ നിയമനം അന്നു നടന്നിട്ടുമില്ലായിരുന്നു. തൻനിമിത്തം അന്നത്തെ കോഴിക്കോട്ടു രൂപതാധികാരി, പൌരസ്ത്യ തിരുസ്സംഘത്തിൻെറ നിർദ്ദേശം നടപ്പിലാക്കുന്നതിന്നു, പുതിയ മെത്രാൻ ഭരണമേല്ക്കുന്നതുവരേക്കും നീട്ടിവെച്ചു. പുതിയ മെത്രാൻ 1948-ൽ ഭരണം കയ്യേററിട്ടും മേൽപ്പറഞ്ഞ നിർദ്ദേശം നടപ്പിൽവന്നു കാണാഞ്ഞതുകൊണ്ടു്, സുറിയാനി മെത്രാന്മാർ വീണ്ടും വിവരം റോമയിൽ ബോധിപ്പിച്ചു.

ഇതിനിടക്കു മലബാറിലെ സുറിയാനി റീത്തിന്നു എതിരായി ചില വാദങ്ങൾ ലത്തീൻ പക്ഷക്കാർ ഉന്നയിച്ചു. 'കുടപ്പറമ്പിൽ' എന്നൊരു ലേഖകൻ മലബാർ ഹിറാൾഡ് എന്ന പത്രത്തിൻെറ 1948 സെപ്ററമ്പർ 25-ാംനു-യിലെ ലക്കത്തിൽ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഇതുതന്നെ കൽക്കട്ടാഹിറാൽഡിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

ഈ ലേഖനങ്ങളിൽ പ്രസ്താവിക്കുന്നതു 'കുടിയേററക്കാരായ സുറിയാനിക്കാർക്കു സുറിയാനിറീത്തു പാലിക്കാൻ നിർബന്ധമില്ല; അതിന്നു

ശ്രമിക്കുന്നതും അവരല്ല, നേരെമറിച്ചു ഇതിന്നു പ്രക്ഷോഭണം ഇളക്കിവിടുന്നതു് മദ്ധ്യകേരളത്തിൽനിന്നാണു്; കുടിയേററക്കാരായ സുറിയാനിക്കാൎക്കു അവരുടെ റീത്തു പാലിക്കാൻ ആഗ്രഹമുണ്ടായിരുന്നെങ്കിൽ അവർ ആ വിവരം കോഴിക്കോട്ടു മെത്രാനെ അറിയിച്ചേനെ; അങ്ങിനെ അറിയിച്ചിട്ടില്ല; ലത്തീൻ കുർബാനയും ലത്തീൻ വൈദികരേയും കൊണ്ടു അവർ തൃപ്തിപ്പെട്ടിരിക്കുന്നു എന്നിങ്ങനെയാണു്. ഈ അഭിപ്രായംതന്നെയായിരിക്കും കോഴിക്കോട്ടു മെത്രാനും ഡെലഗാദപ്പസ്തോലിക്കായിക്കും, കോഴിക്കോട്ടു രൂപതയുടെ മേലധികാരിയായ പ്രൊപ്പഗാന്തതിരുസ്സംഘത്തിന്നും ഉള്ളതു്. ഈ അബദ്ധധാരണവെച്ചുകൊണ്ടു ലത്തീൻകാർ പൌരസ്ത്യ തിരുസ്സംഘത്തിൻെറ പക്കലും മാർപ്പാപ്പായുടെ പക്കലും വാദംനടത്തി, മലബാറിൽ സുറിയാനിറീത്തു അനുവദിക്കാതിരിക്കുന്നതിന്നു പ്രയത്നിക്കുന്നുണ്ടാകണം. ഈ പ്രക്ഷോഭണം നിമിത്തമായിരിക്കും തിരുസ്സംഘത്തിൻെറ നിർദ്ദേശം നടപ്പിൽവരുവാൻ താമസിക്കുന്നതും. മാത്രമല്ല, പ്രസ്തുത നിർദ്ദേശം പുനരാലോചിച്ചു അന്ത്യതീരുമാനം ചെയ്യുവാൻ മാററിവെച്ചിരിക്കയാണെന്നും കേൾവിയുണ്ടു്. ആകയാൽ കുടിയേററക്കാരായ നാം കരുതലോടെ പ്രവൎത്തിക്കേണ്ടിയിരിക്കുന്നു.

28. നാം തിരുസിംഹാസനത്തിന്നും, ഇൻറർനൂൺസിയോയിക്കും, കോഴിക്കോട്ടു മെത്രാനച്ചനും അപേക്ഷകൾ സമൎപ്പിക്കാൻ ആവശ്യമായിരിക്കുന്നു:—

പൌരസ്ത്യ തിരുസ്സംഘത്തിൻെറ 1929-ലെ കല്പനയിൽ, സ്വന്തറീത്തുകാരായ വൈദികരെ ലഭിക്കുന്നതിന്നുള്ള അപേക്ഷ കുടിയേററസ്ഥലത്തെ ലത്തീൻ മെത്രാൻെറ പക്കലോ, സുറിയാനി മെത്രാന്മാരുടെ പക്കലോ, ഡെലഗാദപ്പസ്തോലിക്കായുടെ പക്കലോ നേരിട്ടു തിരുസിംഹാസനത്തിൻെറ പക്കലോ ബോധിപ്പിക്കാമെന്നാണു് നിർദ്ദേശിച്ചിരിക്കുന്നതു്. ഇതിൻപ്രകാരം മലബാറിലെ കുടിയേററക്കാർ സ്വന്തറീത്തുകാരായ സുറിയാനി മെത്രാന്മാരുടെ പക്കൽ അപേക്ഷകൾ സമൎപ്പിച്ചു; എന്നാൽ ഈ സംഗതി ലത്തീൻകാൎക്കു അറിവില്ലാത്തതിനാലായിരിക്കാം, സുറിയാനിക്കാൎക്കു സ്വന്തറീത്തുകാരായ വൈദികരെ ലഭിക്കുന്നതിന്നു ആഗ്രഹമുണ്ടായിരുന്നെങ്കിൽ കോഴിക്കോട്ടെ ലത്തീൻ മെത്രാനെ ആ വിവരം അറിയിക്കുമായിരുന്നു എന്നും അങ്ങിനെ അറിയിച്ചിട്ടില്ലാത്തതിനാൽ, സുറിയാനിക്കാൎക്കു സ്വന്തറീത്തു പാലിക്കാൻ

ആഗ്രഹമില്ലെന്നും, ലത്തീൻകാർ എതിർവാദം ചെയ്യുന്നതു്. അപേക്ഷകറം ലത്തീൻ മെത്രാനു സമൎപ്പിക്കുന്നതു് ഈ എതിരുവാദത്തിനു ഒരു തടയായിരിക്കും.

മേൽപ്രസ്താവിച്ച കാരണങ്ങളാൽ, മലബാറിലെ കുടിയേററക്കാർ സ്വന്തറീത്തുകാരായ വൈദികരെ നിയമിച്ചുകിട്ടുന്നതിനു (1) കോഴിക്കോട്ടു ലത്തീൻ മെത്രാൻെറ പക്കലും (2) ഡെലഗാദപ്പസ്തോലിക്കായുടെ പക്കലും (3) പൌരസ്ത്യ തിരുസ്സംഘത്തിൻെറ സീക്രട്ടറിയായ കർദ്ദിനാറംവഴി മാപ്പാപ്പായുടെ പക്കലും, ധാരാളമായും തുടരേയും, കാൎയ്യം സാധിക്കുന്നതുവരെ, കൂട്ടമായിട്ടും തനിച്ചും, മലബാറിലെ വിവിധ കേന്ദ്രങ്ങളിൽനിന്നു അപേക്ഷകറം സമൎപ്പിച്ചുകൊണ്ടിരിക്കണമെന്നതു ഇന്നത്തെ പ്രധാന ആവശ്യമായിരിക്കുന്നു.

കോഴിക്കോട്ടു മെത്രാനച്ചനു അപേക്ഷകറം സമൎപ്പിച്ചാൽ സുറിയാനിക്കാൎക്കു സ്വന്തറീത്തു ലഭിക്കാൻ അപേക്ഷയില്ലെന്നു റോമ്മയിൽ അദ്ദേഹം റിപ്പോർട്ടുചെയ്യുവാൻ ഇടവരികയില്ല. പ്രത്യുത സുറിയാനിക്കാൎക്കു സ്വന്തറീത്തു ലഭിക്കാൻ അപേക്ഷയുണ്ടെന്നു സാക്ഷിപ്പെടുത്താൻ അദ്ദേഹത്തിന്നു സാദ്ധ്യമായിത്തീരും.

കുടിയേററക്കാൎക്കു സുറിയാനിറീത്തു ലഭിക്കാൻ ആഗ്രഹമുണ്ടെന്നു ഡെലഗാദപ്പസ്തോലിക്ക, (അദ്ദേഹത്തിൻെറ ഇപ്പോഴത്തെ പേരു് അപ്പസ്തോലിക്ക ഇൻററർനൂൻസിയോ എന്നാണു്, ഇന്ത്യയുടെ തലസ്ഥാനമായ ഡെൽഹിപ്പട്ടണത്തിലാണു് അദ്ദേഹം ഇപ്പോറം വസിക്കുന്നതു്. അദ്ദേഹത്തിൻെറ മേൽവിലാസം ഇപ്രകാരമാണു്.)

His Excellency, Most Rev. Leo P. Kierkels, C. P., D. D.
Apostolic Internuncio, Apostolic Internunciature,
8 Alipur Road, Delhi.

അറിഞ്ഞാൽ അദ്ദേഹം റോമ്മായിലേക്കു നമുക്കനുകൂലമായി റിപ്പോർട്ടുസമൎപ്പിക്കും. അദ്ദേഹത്തിന്നു പ്രത്യേക അധികാരമുണ്ടായിരുന്ന കാലത്തു് കോട്ടയം മെത്രാനച്ചൻെറ അപേക്ഷകേട്ടു് കോഴിക്കോട്ടു മെത്രാനു് നിർദ്ദേശം നൽകി അലേക്സു്നഗറിൽ (മടമ്പംകോളനിയിൽ) സുറിയാനി വൈദികരെ നിയമിപ്പിച്ചതാണല്ലോ. ആകയാൽ ഡെലഗാദിൻെറ മനഃസ്ഥിതി നമുക്കനുകൂലമാണെന്നതിൽ യാതൊരു സംശയത്തിനും ഇടയില്ല.

തിരുസിംഹാസനം പൌരസ്ത്യറീത്തുകളെ എത്ര ആത്മാർത്ഥത യോടെയാണ് പ്രോത്സാഹിപ്പിക്കുന്നതെന്നു് മുകളിൽ 21, 24 ലക്ക ങ്ങളിൽ സ്ഥാപിച്ചിട്ടുണ്ടു്. ആകയാൽ തിരുസിംഹാസനത്തിന്നു അ പേക്ഷകൾ സമപ്പിച്ചാൽ ഈ അപേക്ഷകളുടെ ആത്മാർത്ഥതയെപ്പററി ബോദ്ധ്യംവരുന്ന ക്ഷണത്തിൽ, നമുക്കു സുറിയാനിറീത്തു് അനുവദിച്ചു കൊണ്ടു് കോഴിക്കോട്ടു മെത്രാനു കല്പന നൽകുന്നതായിരിക്കും. ഒരു രൂപത സ്ഥാപിക്കുന്നതിന്നു ആവശ്യമുള്ള ജനസംഖ്യ മലബാറിൽ സു റിയാനിക്കാക്കുണ്ടാകുമ്പോൾ, അമേരിക്കയിൽ ചെയ്തതുപോലെ, സുറി യാനിരൂപതയും മലബാറിൽ സ്ഥാപിച്ചുകിട്ടുന്നതാണ്.

## 29. അപേക്ഷകളിൽ ഉൾപ്പെടുത്തേണ്ട പ്രധാന സംഗതികൾ:—

കേരളത്തിൻെറ പ്രഥമശ്ലീഹായായ, മാർത്തോമ്മാശ്ലീഹായുടെ കാലംമുതൽ ഇന്നുവരെ, പത്തൊൻപതു നൂററാണ്ടുകളോളം കേരളത്തി ലെ സുറിയാനിക്കാർ, മ്ശിഹാതമ്പുരാൻെറയും, തോമ്മാശ്ലീഹായു ടെയും മാതൃഭാഷയായ സുറിയാനി അഥവാ അറമായിക്കു ഭാഷയിലും കൽദായസുറിയാനിറീത്തിലുമാണ് കുർബാനയും കൂദാശകളും സ്വീക രിച്ചുവരുന്നതെന്നും, സുറിയാനി വൈദികരുടെ ഔദ്യോഗികസാന്നി ദ്ധ്യത്തിലും സുറിയാനിറീത്തിൻ പ്രകാരമുള്ള പ്രത്യേകവൈദികപ്രാർത്ഥ നകളോടും കൂടിയും നടത്തുന്ന പുലകുളി, ശ്രാദ്ധം, മുതലായ സാമുദായി കവും മതപരവുമായ, ലത്തീൻ റീത്തിലില്ലാത്ത ചടങ്ങുകൾ, സുറിയാ നിക്കാക്കുണ്ടെന്നും, സുറിയാനിയിൽ കുർബാനയും കൂദാശകളും ലഭിക്കു ന്നതിന്നും, സുറിയാനി പാരമ്പര്യപ്രകാരമുള്ള ചടങ്ങുകൾ നിവ്വഹിക്കു ന്നതിന്നും, വടക്കെമലബാറിൽ കുടിയേറിത്താമസിക്കുന്ന നാം അതി യായി ആഗ്രഹിക്കുന്നു എന്നും, അതിന്നു സുറിയാനിറീത്തുകാരായ വൈ ദികരെ നമ്മുടെ ഓരോ കോളനികളിലുംനിയമിച്ചുതരണമെന്നും, നാം അപേക്ഷകൾ സമപ്പിക്കണം. സുറിയാനി രൂപതകൾ സ്ഥിതിചെയ്യു ന്ന മദ്ധ്യകേരളത്തിൽ 6430 ചതുരശ്രമൈലിൽ ഏകദേശം 1500 വൈദികർ ഉള്ളപ്പോൾ 5294 ചതുരശ്രമൈലുള്ള കോഴിക്കോട്ടു രൂപ തയിൽ 71 അഥവാ 80 വൈദികർ മാത്രമേയുള്ളു. തമ്മിൽ തമ്മിൽ വളരെ അകലമുള്ള സ്ഥലങ്ങളിൽ ചിതറിക്കിടക്കുന്ന സുറിയാനിക്കാ ക്കു 80 വൈദികർ ഒട്ടും മതിയാകുന്നതല്ല. മാത്രമല്ല മദ്ധ്യകേരളത്തിൽ വേദപ്രചാരത്തിന്നു് 2,500 അകത്തോലിക്കക്കും, നാലുചതുരശ്രമൈ ലിന്നും, ഒരു വൈദികൻ വീതമുള്ളപ്പോൾ, കോഴിക്കോട്ടു രൂപതയിൽ

47,700 അകത്തോലിക്കർക്കും, 66 ചതുരശ്രമൈലിന്നും ഒരു വൈദികൻ മാത്രമേയുള്ളു. ആകയാൽ കോഴിക്കോട്ടു രൂപതയിൽ സുറിയാനി വൈദികരെക്കൂടി നിയമിക്കുന്നതു് കത്തോലിക്കരുടെ ആത്മീയാഭിവൃദ്ധിക്കും, അകത്തോലിക്കരുടെ മാനസാന്തരത്തിന്നും കൂടുതൽ ഗുണകരമാണെന്നും, കത്തോലിക്കാസുറിയാനി വൈദികരുടെ അഭാവം യാക്കോബായ സുറിയാനിവൈദികർക്കു സാധുക്കളായ കത്തോലിക്കാസുറിയാനിക്കാരുടെ ഇടയിൽ പ്രചരണംനടത്തുന്നതിന്നു അവസരം നൽകുന്നു എന്നും പ്രസ്താവിക്കണം. റോമ്മായിലേക്കും ഡെലഗാദപ്പസ്തോലിക്കായിക്കും കോഴിക്കോട്ടു മെത്രാനച്ചനും അയക്കുന്ന അപേക്ഷകളുടെ പ്രതികൾനമ്മുടെ സുറിയാനി മെത്രാന്മാർക്കും അയച്ചുകൊടുക്കണം. അവ ഡെലഗാദപ്പസ്തോലീക്കായിക്കും തിരുസിംഹാസനത്തിന്നും സമർപ്പിച്ചു സുറിയാനിറീത്തു പ്രസ്ഥാനത്തെ അനുഗ്രഹിക്കണമെന്നു സുറിയാനി മെത്രാന്മാരോടു അഭ്യർത്ഥിക്കണം. സുറിയാനി റെത്രാന്മാർ ഈ അപേക്ഷകൾ അയച്ചുകൊടുത്താൽ അവ റോമ്മായിൽ കൂടുതൽ വിശ്വാസനീയങ്ങളായിഭവിക്കുന്നതാണല്ലോ. നമുക്കു ഈ കാര്യം സാധിച്ചുകിട്ടുന്നതുവരെ ഇപ്രകാരമുള്ള അപേക്ഷകൾ കോഴിക്കോട്ടു മെത്രാനച്ചനും, ഡെലഗാദപ്പസ്തോലിക്കായിക്കും, പൌരസ്ത്യ തിരുസ്സംഘംവഴി മാർപ്പാപ്പായിക്കും തുടർച്ചയായി അയച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ദീർഘകാലത്തേക്കു് നമ്മുടെ ആത്മീയാവശ്യങ്ങൾ നടത്തിത്തന്ന നമ്മുടെ മാതൃസമുദായമായ സുറിയാനി സമുദായത്തിൽനിന്നു നാം ശാശ്വതമായി വേർപെട്ടു കോഴിക്കോട്ടു രൂപതയിലെ ലത്തീൻ സമുദായത്തിൽ ലയിച്ചുപോകുവാൻ നിർബന്ധിതരായിതീരുന്നതുമാണ്.

റോമ്മായിലേക്കും ഡൽഹിയിലേക്കും അപേക്ഷകൾ അയക്കുമ്പോൾ അവ കിട്ടിയെന്നുള്ള മറുപടി ലഭിക്കേണമെങ്കിൽ മറുപടിക്കുള്ള മേൽവിലാസം എഴുതിയിരിക്കുന്ന കവർകൂടി അയച്ചുകൊടുക്കുന്നതുനല്ലതാണ്

റോമ്മായിലേക്കും ഡൽഹിയിലേക്കും ഉള്ള മേൽവിലാസങ്ങൾ താഴെ കാണിക്കുന്നു.

(1) To

His Eminence Eugene Cardinal Tisserant,
Secretary of the Sacred Congregation for the
Oriental Church, Via della Conciliazlone, 34,
Rome, Italy.

(2) To

His Excellency Most Rev. Leo P. Kierkels, C. P., D. D.
Apostolic Internuncio,
Apostolic Internunciature, 8 Alipur Road,
Delhi.

30. മലബാറിൻെറയും, ദക്ഷിണകേരളത്തിലെ പത്തനാപുരം മുതലായ താലൂക്കുകളുടേയും ആവശ്യത്തെ പരിഗണിച്ചു സുറിയാനി റീത്തിൽ പഠിച്ചു പട്ടമേൽക്കുന്നതിന്നു വൈദിക വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കണം.

മലബാറിൽ കുടിയേററസ്ഥലങ്ങൾ പ്രതിദിനം എന്നവണ്ണം വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾത്തന്നെ പള്ളികളും സുറിയാനി വൈദികരും ആവശ്യമുള്ള അമ്പതോളം സ്ഥലങ്ങളുണ്ടു്. ഇവിടെയെല്ലാം ലത്തീൻ വൈദികരെ നിയമിക്കുന്നതിന്നു വൈദികരുടെ അഭാവംനിമിത്തം, കോഴിക്കോട്ടു രൂപതക്കു സാദ്ധ്യമല്ല, അടുത്തെങ്ങും സാദ്ധ്യമാകത്തക്ക പരിതസ്ഥിതികളുമില്ല. എന്നാൽ ഈ സ്ഥലങ്ങളിൽ ഇപ്പോഴത്തെ ആവശ്യത്തിന്നു സുറിയാനി വൈദികരെ നിയമിക്കുന്നതിന്നു മതിയായടത്തോളം വൈദികർ ചങ്ങനാശ്ശേരി, എർണാകുളം എന്നീ രൂപതകളിലും, സുറിയാനി കർമ്മലീത്താസഭയിലും ഇപ്പോൾ ഉണ്ടു്.

ഭാവിയിലെ ആവശ്യത്തിന്നു മതിയാകത്തക്കവണ്ണം സുറിയാനി വൈദികർ ഉണ്ടാകുന്നതിന്നു പ്രത്യേക ഏൎപ്പാടു പ്രയോജനകരമായിരിക്കും. മലബാറിന്നു മാത്രമല്ല, പമ്പായിക്കു തെക്കുള്ള കുടിയേററസ്ഥലങ്ങളിലും സുറിയാനി വൈദികർ വേണമല്ലോ. കൊല്ലം രൂപതയിൽത്തന്നെ പത്തനാപുരം, കൊട്ടാരക്കര, പത്തനംതിട്ട, എന്നീ താലൂക്കുകളിലായി ഇപ്പോൾ ആയിരത്തിലധികം സുറിയാനി കുടുംബങ്ങൾ കുടിയേറിപ്പാൎത്തിട്ടുണ്ടു്. അഞ്ചൽ, മീൻകുളം, പുനലൂർ, ഇടമൺ, മുതലായ ചില സ്ഥലങ്ങളിൽ 100 മുതൽ 250വരെ കൽദായ സുറിയാനി കുടുംബങ്ങൾ വസിക്കുന്നു. അവർ തൽക്കാലം ലത്തീൻ പള്ളികളിലോ മലങ്കരസുറിയാനി റീത്തുപള്ളികളിലോ ഇടവകചേൎന്നിരിക്കുന്നു. ഇവകളിൽ ചില സ്ഥലങ്ങളിലും കൽദായസുറിയാനിക്കാരാണു് ഭൂരിപക്ഷം. ചില സ്ഥലങ്ങളിൽ ലത്തീൻ കത്തോലിക്കരില്ല, ഇടവകക്കാർ മുഴുവനും സുറിയാനിക്കത്തോലിക്കരാണു്. കുടിയേററസ്ഥലം ലഭ്യമാകുന്നതനുസരിച്ചു ഇവിടങ്ങളിലും കുടിയേററം വൎദ്ധിച്ചുകൊണ്ടിരിക്കും.

ആകയാൽ മലബാറിലും പമ്പായിക്ക തെക്കുമുള്ള സുറിയാനി ക്ക ടിയേററസ്ഥലങ്ങളുടെ ആവശ്യത്തെ ഉദ്ദേശിച്ച് വൈദികവിദ്യാർത്ഥി കളെ സെമ്മിനാരികളിൽ അയച്ച് പരിശീലിപ്പിക്കേണ്ടതു ഒരാവശ്യ മാണ. പെ. ബ. വെള്ളരങ്ങാട്ടച്ചൻ തുടങ്ങിയതുപോലെ ഒരു പ്രത്യേക പെററിസെമ്മിനാരി തുടങ്ങുകയൊ, രൂപതാപെററിസെമ്മിനാരികളിൽ ഈയുദ്ദേശത്തെ മുൻനിത്തി കൂടുതൽ വിദ്യാർത്ഥികളെ സ്വീകരിക്കുക യോ ചെയ്യാമല്ലൊ. അവിടത്തെ പരിശീലനത്തിന്നുശേഷം വലിയ സെമ്മിനാരികളിലേക്ക പാഠനപൂത്തീകരണത്തിന്നു അവരെ അയക്കുകയും ചെയ്യാം.

സ്വന്തറീത്തുപേക്ഷിച്ച് വിദൂരങ്ങളായലത്തിൻ രൂപതകളിൽ പോയി വേല ചെയ്യുന്നതിനുപോലും ശനക്കണക്കിനു യുവാക്കന്മാർ മുന്നോട്ടു വരുന്ന സ്ഥിതിക്ക, അടുത്ത പ്രദേശമായ മലബാറിലും പമ്പായിക്ക തെക്കും സ്വന്തറീത്തുപേക്ഷിക്കാതെ വേല ചെയ്യുന്നതിനു ധാരാളം യുവാക്കന്മാർ ഉണ്ടാകുമെന്നതിൽ സംശയിക്കേണ്ടതില്ല. അവരുടെ പാഠനച്ചിലവു വഹിക്കുന്നതിനു ഉദാരമതികളും മതതീഷ്ണതയു ള്ളവരുമായ സമുദായാഭിമാനികരം ധാരാളം മുന്നോട്ടുവരുമെന്നു പ്രതീ ക്ഷിക്കാവുന്നതാണ. ഈ പദ്ധതിയെപ്പററിയും പര്യാലോചിക്കേണ മെന്നു വന്ദ്യപിതാക്കന്മാരോടും നേതാക്കന്മാരോടും അഭ്യർത്ഥിച്ചു കൊള്ളുന്നു.

———

# ഉപസംഹാരം

## 31. സംഘടിത പരിശ്രമം അന്ത്യവിജയത്തിന്നു അത്യാവശ്യം

പ്രാർത്ഥന.

നമ്മുടെ സമുദായത്തിന്നു 17–ാം നൂററാണ്ടിൽ നഷ്ടപ്പെട്ട വൈദികസ്വയംഭരണം വീണ്ടും ലഭ്യമായതു് 1896–ൽ ആണല്ലോ. ഈ വിജയം കൈവരിക്കുന്നതിന്നു നമ്മെ പ്രാപ്തരാക്കിയതു് നമ്മുടെ സ്ഥിരോത്സാഹവും സംഘടിത പരിശ്രമവുമത്രെ. അതേ സ്ഥിരോത്സാഹവും സംഘടിതപ്രവർത്തനവും ഇപ്പോഠ ഉണ്ടായാൽ അതേ വിജയം ഇവിടെ മലബാറിൽ നമുക്കു ഉണ്ടാകും. മദ്ധ്യകേരളത്തിൽ അത്മായക്കാരോടൊപ്പം വൈദികരും നേതൃത്വം നൽകിയിരുന്നു. എന്നാൽ മലബാറിൽ സുറിയാനിവൈദികരില്ലാത്തതിനാൽ അത്മായരായ നാംതന്നെ ആ നേതൃത്വം മുഴുവനും ഏറെറടുക്കണം. മദ്ധ്യകേരളത്തിലെ നമ്മുടെ സഹോദരർ ആത്മാർത്ഥമായി നമ്മെ സഹായിക്കുന്നതാണു്.

നമ്മുടെ റീത്തുപാലിക്കുന്നതിന്നു സുറിയാനി വൈദികരെ ലഭിക്കയാണല്ലോ ഇപ്പോഴത്തെ നമ്മുടെ പ്രധാന ആവശ്യം. സാമുദായികവും സാമ്പത്തികവും രാഷ്ട്രീയവുമായ മററാവശ്യങ്ങളും നമുക്കുണ്ടു്. ഇവയെല്ലാം പ്രത്യേകിച്ചു റീത്തുപാലനം സാധിച്ചുകിട്ടുന്നതിന്നുള്ള പരിശ്രമത്തെ നയിക്കുന്നതിന്നു നമുക്കു ഒരു സംഘടന അത്യാവശ്യമാണു് നമ്മുടെ ഓരോ കുടിയേററസ്ഥലങ്ങളിൽ ഓരോ കമ്മററികഠ ഉടനെ രൂപവൽക്കരിക്കണം. എല്ലാ കോളനികളിലുമുള്ള കമ്മററികളുടെ പ്രതിനിധികഠ അടങ്ങിയ ഒരു പൊതുകമ്മററിയും ഉണ്ടാകണം. ഈ പൊതുകമ്മററിയുടെ നേതൃത്വത്തിൽ നമ്മുടെ പരിശ്രമം മുന്നോട്ടുകൊണ്ടുപോകണം. നമ്മുടെ "മലബാർ സിറിയൻ കാത്തലിക്ക അസ്സോസിയേഷ്യ"നോടനുബന്ധിച്ചുണ്ടായിട്ടുള്ള കമ്മററികളെത്തന്നെ നമ്മുടെ സംഘടനയുടെ അടിസ്ഥാനമായി സ്വീകരിക്കുന്നതു കൂടുതൽ പ്രായോഗികമായിരിക്കും.

രാമപുരത്തുവെച്ചു ഇക്കൊല്ലം നടന്ന കേരള കത്തോലിക്കാകോൺഗ്രസ്സിൻെറ വാഷികസമ്മേളനാവസരത്തിൽ, കോൺഗ്രസ്സ് വക്കിങ്ങ് കമ്മററി മലബാറിലെ കുടിയേററക്കാരുടെ വിഷമതകളെപ്പററി പര്യാലോചിച്ചുവല്ലോ. നമ്മുടെ കുടിയേററസ്ഥലങ്ങളിൽ ഒരു സാമ്പ

41017



ത്തികസർവ്വെ നടത്തുന്നതിന്നു ഒരു പ്രത്യേക കമ്മററിയെ കോൺഗ്രസ്സ നിശ്ചയിച്ചിട്ടുണ്ടു്. ആ കോൺഗ്രസ്സ് കമ്മററിക്കു പ്രായോഗികമായ സഹായസഹകരണങ്ങൾ നൽകുന്നതിന്നും നമ്മുടെ പ്രാദേശികകമ്മിററികൾക്കും പൊതുകമ്മററിക്കും സാധിക്കുന്നതാണു്.

<u>പ്രാർത്ഥന:</u> കേരളസുറിയാനിസഭയുടേയും റീത്തിൻെറയും സ്ഥാപകനും രക്ഷകനും ഞങ്ങളുടെ പിതാവും ശ്ലീഹായുമായ വി. തോമ്മാശ്ലീഹായെ ഞങ്ങൾക്കുവേണ്ടിഅപേക്ഷിക്കണമെ. ഞങ്ങളുടെപരിശ്രമങ്ങളെ നയിച്ചു വിജയപ്രദമാക്കിയരുളേണമെ. മദ്ധ്യകേരളത്തിലെന്നപോലെ മലബാറിലും അങ്ങേ മരണയോർമ്മയായ ദുക്റാനതിരുനാൾ ജാതിയദിനമായികൊണ്ടാടി അങ്ങേ സ്തുതിക്കുന്നതിന്നു ഞങ്ങൾക്കു ഇടയാക്കേണമെ. പി. സിംഹാസനത്തിന്നും ഞങ്ങളുടെ വൈദിക മേലദ്ധ്യക്ഷനും ഞങ്ങളോടു കരുണാണ്ണാപൂർവ്വം വർത്തിക്കുന്നതിന്നും ഞങ്ങളുടെ ആഗ്രഹം സാധിച്ചുതരുന്നതിന്നുംവേണ്ടി പ്രാർത്ഥിക്കണമെ.

ഞങ്ങളുടെ സമുദായത്തിൻെറയും റീത്തിൻെറയും അലങ്കാരങ്ങളായി പരിലസിക്കുന്ന അൽഫോൻസാമ്മെ, ചാവറ കുര്യാക്കോസച്ചാ, കുര്യാളശ്ശേരിപ്പിതാവെ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെ.

L. D. S. M.

DHARMARAM COLLEGE LIBRARY
BANGALORE-29.

# പിതൃസവിധത്തിൽ

ഭാരതത്തിൻപ്രാഥമിക പ്രേഷിതനാംമാർത്തോമ്മായേ
കേരളസീയ്യൻറിത്തിൻെറ സംസ്ഥാപകനെ!
നസ്രാണികൾഞങ്ങൾക്കെന്നും താതനായസാത്വികനെ
നസ്രസ്സിലെയോഗിയുടെ പ്രേഷ്ഠശിഷ്യനെ!
ഗുരുവിൻെറതിരുരാജ്യം ധരണിയിൽപരന്നീടാൻ
പെരിയത്യാഗംവരിച്ചോരരുമതാതാ!
ക്രിസ്തുവിൻെറഹൃത്തടത്തിൽ തജ്ജനിതൊട്ടുത്ഥാനാവി-
നുത്ഥാനത്തിലുറപ്പേറം സാക്ഷിയായോനെ!
രക്ഷകനെപ്പിന്തുടൎന്നു മൃതൃവേൽക്കാമെന്നുസഹ-
ശിഷ്യരോടുധൈൎയ്യപൂൎവ്വം വചിച്ചധീരാ!
മലബാറിൽകുടിയേറീട്ടലയുന്നു നിൻെറമക്കൾ
മലേറിയാതുടങ്ങിയ മാരികൾമൂലം.
അന്തിമശുശ്രൂഷകളും സ്വാന്തനവുംനൽകീടുവാൻ
എന്തുകഷ്ടം! വൈദികരെകിട്ടുവാനില്ല!
ഞായറേതു്? കടമുള്ളദിനമേതെന്നറിയാതെ
ഏഴകളിന്നെത്രയെണ്ണം കഴിഞ്ഞീടുന്നു!
ദേശീയസംസ്കാരത്തിൻെറ സംരക്ഷകയായിട്ടെന്നും
ശാശ്വതയാംതിരുസ്സഭ നിലകൊള്ളുമ്പോൾ
ക്രിസ്തുവിൻെറകൊടിക്കീഴിൽ ഭാരതത്തെവരുത്തേണ്ടോർ
റീത്തുവ്യത്യാസങ്ങൾ പേശിപ്പിശകീടുന്നോ?
പിതാവേ!നിൻമക്കൾക്കുള്ള പാരതന്ത്ര്യമകറേറണെ
ഏതിടത്തുംസ്വന്തറീത്തിൽ വേലചെയ്യുവാൻ
സാഹോദൎയ്യംപുലരട്ടെ സ്വാതന്ത്ര്യവുംകൈവരട്ടെ,
സ്വാർത്ഥതാതിമിര മോടിയൊളിച്ചീടട്ടെ.
ക്രിസ്തുവിൻെറഭാഷയിൽനീ സംസ്ഥാപിച്ചറീത്തുഞങ്ങൾ
ഉത്തരകേരളത്തിലും പുലത്തീടുവാൻ
കേരളത്തെരക്ഷകനിൽ ജനിപ്പിച്ചപ്രിയതാതാ
വരനിരതനയരിൽ ചൊരിയേണമെ!
സ്നേഹതാതാതാ! നിന്നെഞങ്ങളനുകരിച്ചേശുവിന്നായ്
ഭാരതസാമ്രാജ്യംനേടാനനുഗ്രഹിക്കാ!
"കൎത്താവെ!യെൻദൈവമേ" യെന്നേശുനാഥൻസമക്ഷത്തിൽ
മർത്യകുലമാകമാനമേററുരയ്ക്കുവാൻ,
കത്തോലിക്കാപ്രവൎത്തന മിക്കാലത്തുവിജയിച്ച
മർത്യരെല്ലാംപത്രോസിൻെറ പടവിലാകാൻ,
സിദ്ധനായശ്ലീഹായെനീ രക്തംകൊണ്ടുമുദ്രവച്ച
സത്യമായവിശ്വാസത്തെ കാത്തുകൊള്ളുവാൻ,
രക്ഷകൻെറയടുത്തെത്തി സ്സ്വൎഗ്ഗമുടിചൂടുവോനാം
മാർത്തോമ്മായേഇണയ്ക്കുകീ പ്പുത്രരെസ്സദാ!

---

# സന്തോഷവാൎത്ത

നമ്മുടെപ്രയത്നഫലം അനുഭവപ്പെട്ടുതുടങ്ങിയിരിക്കുന്നു. ഏതാനും സുറിയാനിവൈദികർ കുടിയേറി സ്ഥലങ്ങളിൽ

ഈ പുസ്തകം എഴുതിതീൎത്തു അച്ചടിക്കാൻ പ്രസ്സുകാരെ ഭരമേല്പിക്കുകയും, അച്ചടി പൂൎത്തിയാകുകയും ചെയ്തപ്പോഴാണു് ഒരു സന്തോഷവാൎത്ത ലഭിച്ചതു്.

മലബാറിൽ സുറിയാനിക്കാർ കുടിയേറിപ്പാൎക്കുന്ന സ്ഥലങ്ങളിൽ സുറിയാനിറീത്തിൽ കുർബാന ചൊല്ലുന്നതിനും കൂദാശകൾ നല്കുന്നതിനും സുറിയാനിവൈദികരെ നിയമിച്ചുകിട്ടുന്നതിനു നാം ദീർഘനാളായി പലവിധത്തിൽ പരിശ്രമിച്ചുകൊണ്ടിരിക്കയാണല്ലൊ. കാൎയ്യസാദ്ധ്യത്തിനായി നാം റോമ്മായിലേക്കു തിരുസിംഹാസനത്തിനും ഡൽഹിയിലേക്കു ഇൻറർ ആൻസിയോയിക്കും, കോഴിക്കോട്ടു മെത്രാനച്ചനും നമ്മുടെ സുറിയാനി മെത്രാന്മാൎക്കും, സുറിയാനി കമ്മേലീത്താസഭയുടെ പ്രിയോർജനരാളിനും, ഇതിനകം ഹരജികൾ സമൎപ്പിച്ചിട്ടുണ്ടല്ലൊ. ഇതിൻെറ ഫലം അനുഭവപ്പെട്ടുതുടങ്ങിയിരിക്കുന്നു.

ഈയിടെ ആറു സുറിയാനി കമ്മേലീത്താ വൈദികർ നമ്മുടെ ഏതാനും കുടിയേററസ്ഥലങ്ങളിൽ നിയമിതരായിരിക്കുന്നു. ദൈവത്തിനു സ്തുതിയായിരിക്കട്ടെ.

മലബാറിലെ കോഴിക്കോട്ടുരൂപതയിൽ ഇപ്പോൾ കുടിയേറിപ്പാൎത്തിരിക്കുന്ന സുറിയാനിക്കാരുടെ ആത്മീയകാൎയ്യങ്ങൾ സുറിയാനിറീത്തിൽ നിൎവ്വഹിച്ചുകൊടുക്കുന്നതിനു ആറു വൈദികർ മതിയാകുന്നില്ല. ഇപ്പോൾത്തന്നെ ഏകദേശം 60 കേന്ദ്രങ്ങളിൽ വൈദികരുടെ താമസം ആവശ്യമായിരിക്കുന്നു. കുടിയേററം തുടൎന്നുകൊണ്ടിരിക്കുന്നതിനാൽ, ഭാവിയിൽ വൈദികരുടെ സംഖ്യ വളരെ വൎദ്ധിക്കേണ്ടിയിരിക്കുന്നു. നമ്മുടെ മൂന്നു സുറിയാനിരൂപതകളുടെ ഒന്നാകെയുള്ള വിസ്താരത്തിനു തുല്ല്യമായ വിസ്താരമാണു് കോഴിക്കോട്ടു രൂപതയ്ക്കുള്ളതു്. ഈ രൂപതയിൽ കുടിയേററത്തിനു പററിയതും ഇപ്പോൾ കുടിപാൎപ്പില്ലാത്തതുമായ പ്രദേശങ്ങൾ എല്ലാംതന്നെ ക്രമേണകുടിയേറിസ്ഥലങ്ങളായിത്തീരുന്നതാണു്. വൈദികരുടെ ആവശ്യം കുടിയേററസ്ഥലങ്ങളിൽ എല്ലാം ഉണ്ടല്ലൊ. ഇനിയും സുറിയാനിവൈദീകരെ ലഭിച്ചിട്ടില്ലാത്ത കുടിയേററസ്ഥലങ്ങൾ വളരെയാണു്. ഈ സ്ഥലങ്ങളിൽ നിവസിക്കുന്ന സുറിയാനിക്കാർ അവരുടെ കാൎയ്യം സാധിച്ചുകിട്ടുന്നതുവരെ മേൽ പ്രസ്താവിച്ച അധികാരസ്ഥാനങ്ങളിലേക്കു അപേക്ഷകൾ സമൎപ്പിച്ചുകൊണ്ടു് അവരുടെ ആവശ്യം മേലധികാരികളെ ധരിപ്പിക്കേണ്ടിയിരിക്കുന്നു. തിരുസിംഹാസനം എപ്പോഴും നമ്മുടെ അപേക്ഷ അനുഭാവപൂൎവ്വം വീക്ഷിക്കുമെന്നും, കാലക്രമേണ നമ്മുടെ സ്വന്തമായി ഒരു സുറിയാനി രൂപത മലബാറിൽ സ്ഥാപിച്ചു നമ്മെ അനുഗ്രഹിക്കുമെന്നും നമുക്കു പ്രതീക്ഷിക്കാവുന്നതാണു്.

DC Archives
*00041017*
J62 K13

PRINTED AT
THE STANDARD PRESS, TELLICHERRY
20-8-'49—1000 COPIES.